ആഗസ്റ്റ് 2018

Price ₹ 25

ജീവനും വെളിച്ചവും

ഭാരതം ഇനി എങ്ങോട്ട്?

ഭാരതത്തിന്റെ ഭാവി പ്രവചനങ്ങൾ

പ്രകാശം പരത്തുന്ന റാന്തൽ വിളക്കിന്റെ
ഉള്ളിലുമുണ്ടായിരുന്നു;
ആരും കാണാതെ ഉരുകിക്കൊണ്ടിരിക്കുന്ന ഒരു തിരി.

CHRIS Audios

Music

Singers

BRO.LAWRENCE C. CMMI | KESTER | WILSON PIRAVOM | TANSEN BERNY

ALEX ANTONY | SUBIN IGNATIOUS | P.C.JOJI | SUDARSHAN

CDs on SALE

ഒളിയാകാം...

റാന്തൽ

ഒളിയാകാം...

ക്രിസ്തീയ ഭജന മാലിക

പ്രഭാത, സായാഹ്ന, യാമ പ്രാർത്ഥനകൾ

A Spiritual Bouquet from

Fr. VICTOR EVERYSTUS

MUSIC

Bro.LAWRENCE C. CMMI

ALEX ANTONY

Produced by KOSHY EVERYSTUS

Copyright owned by REV. FR. VICTOR EVERYSTUS

Tel.+91 9947771037 Email: victoreverystus@gmail.com

ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2018 ആഗസ്റ്റ്
പുസ്തകം - 42 ലക്കം - 8
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. സൂസപാക്യം
സഹ രക്ഷാധികാരി
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
ഉപദേശക സമിതി
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
പത്രാധിപർ
ഫാ. തോമസ് ജെ. നെറ്റോ
സഹ പത്രാധിപർ
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
പത്രാധിപ സമിതി
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
ഓഫീസ് നിർവ്വഹണം
സി. ലീല മൂഴയിൽ ഡി.എസ്.പി
രൂപകല്പന
സുനിൽകുമാർ

മുഖവിചാരം

ഭാരതം എങ്ങോട്ട് ?

ഒരു പേക്കോലം വച്ചുനീട്ടിയ കത്തിയുടെ മുമ്പിൽ വാ പൊളിച്ചിരിക്കുന്ന പൊണ്ണത്തടിയന്റെ കാർട്ടൂൺ ചിത്രം ജിജ്ഞാസയോടെയാണ് ഞാൻ നോക്കിക്കണ്ടത്. വളർന്നുവരുന്ന ഭരണകൂട ഭീകരതയുടെയും കോർപ്പറേറ്റ് അധിപന്മാരുടെയും, കഴുത്തറുപ്പൻ വ്യവസ്ഥിതിയുടെയും പ്രതിനിധിയാണ് പൊണ്ണത്തടിയൻ. ദൈനംദിനം ശോഷിച്ചുവരുന്ന ജനകോടികളുടെ രൂപം എതിർവശത്തും.
ഭാരതം സ്വാതന്ത്ര്യത്തിന്റെ 71 വർഷങ്ങൾ
പിന്നിടുമ്പോൾ,
രാജ്യം എങ്ങോട്ട് എന്ന ചോദ്യം പ്രസക്തമാകുന്നു.
കറ്വയും ഉന്നാവും ഉയർത്തുന്ന വെല്ലുവിളികൾ.
അഭിപ്രായ സ്വാതന്ത്ര്യത്തിനുമേൽ
ഉയർന്നുവരുന്ന അസഹിഷ്ണുത; കർഷകരുടെയും
അടിസ്ഥാന ജനവിഭാഗങ്ങളുടെയും മേൽ വളർന്നുവരുന്ന
അധിനിവേശം; മല്യമാരും, നീരവ്-ലളിത് മോദിമാരും
അംബാനിമാരും, ആദാനിമാരും ഉയർത്തുന്ന ആശങ്കകൾ.
നോട്ട് നിരോധനത്തിന്റെയും ഏകീകൃത
ചരക്ക് സേവന നികുതിയുടെയും മറവിൽ
പാവം ജനത്തെ പിഴിയുന്ന സാമ്പത്തിക സ്ഥാപനങ്ങൾ.
നമ്മുടെ രാജ്യം എങ്ങോട്ട്?
ദേശരാഷ്ട്രം എന്ന ദർശനത്തിന്റെയും,
മതേതര ജനാധിപത്യത്തിന്റെയും കടയ്ക്കൽ
കത്തിവയ്ക്കപ്പെട്ടിരിക്കുന്നു.
മതദേശീയതയും, വർഗീയ രാഷ്ട്രീയവും
അരങ്ങുറപ്പിക്കുമ്പോൾ, നാം എത്തിനിൽക്കുന്ന
ആപൽക്കരമായ ദശാസന്ധി.
ഭാരതപൗരന്മാരായ ഞങ്ങൾ 68 വർഷങ്ങൾക്കുമുൻപ്
പ്രതിജ്ഞ കൊണ്ട, മതേതര, സോഷ്യലിസ്റ്റ്,
ജനാധിപത്യ, പരമാധികാര രാഷ്ട്രത്തിന്മേൽ
കരിനിഴൽ പടരുകയോ? മതേതര ജനാധിപത്യത്തിന്റെയും,
സാർവലൗകീകതയുടെയും അഹിംസയുടെയും
പ്രവാചകരായി അഭിമാനത്തോടും, നിർഭയരായും
തല ഉയർത്തി നിൽക്കാൻ ഭാരതീയരായ ജനകോടികൾക്ക്
കഴിയട്ടെ!മാതൃരാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിന്റെയും
പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിന്റെയും
ദ്വിവിധാശംസകളോടെ....

- പത്രാധിപർ

പ്രതികരണങ്ങൾ



പ്രലോഭനങ്ങളിൽ അകപ്പെടരുത്

കുറേ ദിവസങ്ങളായി ക്രൈസ്തവ സഭകളിൽ നിന്നും പുറത്തുവരുന്ന വാർത്തകൾ വിശ്വാസികളെ ആശങ്കപ്പെടുത്തുകയും അസ്വസ്ഥരാക്കുകയും ചെയ്യുന്നു. മാധ്യമങ്ങളിൽ വലിയ വാർത്തകൾ വരുകയും ചർച്ച ചെയ്യുകയും സഭ പൊതുജനമധ്യത്തിൽ അവഹേളിതമാവുകയും ചെയ്യുന്നു. സഭയുടെ ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്നവർ കൂടുതൽ പ്രാർത്ഥനാ നിർഭരമായ ജാഗ്രതയും സൂക്ഷ്മതയും വിശ്വസ്തതയും വിശുദ്ധിയും വെണ്മയും പാലിക്കേണ്ടതാണ്.

ഈശോ പറഞ്ഞതുപോലെ പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കണം. വൈദികർക്കും സഭയ്ക്കും വേണ്ടി പ്രാർത്ഥിക്കാൻ വിശ്വാസികൾക്കും കടമയുണ്ട്. കർത്താവിനോട് കൂടുതൽ ചേർന്നുനിന്നുള്ള ജീവിതം പരിശീലിക്കുകയാണ് വേണ്ടത്.

ബി.മിരാൻഡ,
റിപ്പോർട്ടർ, സൺഡേ ശാലോം.

മത്സ്യത്തൊഴിലാളികളും പുരോഗതി കൈവരിക്കട്ടെ

കടൽത്തീര സംരക്ഷണവും പരിസ്ഥിതിപാലനവുമായി ബന്ധപ്പെട്ട മുഖപ്രസംഗവും കെ.വി.തോമസിന്റെ ലേഖനവും വായിച്ചു. തീരവും തീരപ്രദേശങ്ങളും വരുംനാളുകളിൽ കടലിന്റെ മക്കളുടെ കരങ്ങളിൽ നിന്നും ക്രമേണ നഷ്ടപ്പെടുന്ന സാഹചര്യം സംജാതമാകും. പതിറ്റാണ്ടുകൾക്ക് മുൻപ് തന്നെ തീരവാസികളെ സുരക്ഷിത അകലത്തിൽ താമസിപ്പിക്കുകയും അവർക്കുവേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുവാനും സഭയ്ക്ക് കഴിയുമായിരുന്നു. ആ ദീർഘവീക്ഷണവും ദർശനവും എന്തുകൊണ്ടോ സഭാ നേതൃത്വത്തിൽ നിന്നുണ്ടായില്ല.

ഇന്നും പല തലങ്ങളിലും അർത്ഥപൂർണമായ ചർച്ചകളും സെമിനാറുകളും സംവാദങ്ങളും പഠനങ്ങളും നടക്കുന്നുണ്ടെങ്കിലും അവ വേണ്ട രീതിയിൽ ഫലമുണ്ടാകുന്നുണ്ടോ എന്ന് സംശയമാണ്. ഇനി എത്രകാലം കടലിന്റെ മക്കൾ കടൽകൊണ്ട് ഉപജീവനം കഴിക്കുമെന്നും കണ്ടറിയണം. സുനാമിക്കും ഓഖിക്കും ശേഷം കടലിന്റെ മക്കൾ പരിഭ്രാന്തിയിലും ഭയത്തിലുമാണ്. നിരന്തരം സ്ഥാനത്തും അസ്ഥാനത്തുമുള്ള സർക്കാർ മുന്നറിയിപ്പുകൾ അവരുടെ ഭയത്തിന്റെ ആഴവും വ്യാപ്തിയും വർധിപ്പിക്കുന്നു. കർത്താവ് പറഞ്ഞതുപോലെ അവരെ നോക്കി ഭയപ്പെടേണ്ട എന്നുപറയാൻ ആരുമില്ല. പുതുതലമുറ എത്രത്തോളം കടലാഴങ്ങളിൽ മീൻ പിടിക്കാൻ പോകും? വിദ്യാസമ്പന്നരായ എത്രപേർ മീൻ കുട്ട ചുമക്കാൻ സന്നദ്ധരാകും? കടൽത്തീരങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ കുത്തക ക്രമേണ പൊളിയും. അത് പ്രകൃതി നിയമമാണ്, അലംഘനീയവും.

മത്സ്യത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും പുരോഗതിയുടെയും ഐശ്വര്യ സമൃദ്ധിയുടെയും പുത്തൻ ചക്രവാളങ്ങൾ തേടട്ടെ. അവർ എന്നും പങ്കായം തന്നെ പിടിക്കണമെന്ന് സഭ ശാഠ്യം പിടിക്കേണ്ടതുണ്ടോ?

ജെറാൾഡ്
തോന്നയ്ക്കൽ

യഥാർത്ഥ സന്തോഷം

9-ാമത് ആഗോള കുടുംബ സംഗമത്തെക്കുറിച്ച് തോമസ് നെറ്റോ അച്ചൻ എഴുതിയ ലേഖനം ശ്രദ്ധേയമായി. സഭയുടെ ചെറു പതിപ്പായ കുടുംബങ്ങൾ ഇന്ന് ലോകമെങ്ങും അതീവ ഗുരുതരമായ പ്രതിസന്ധികളിലൂടെയും പ്രക്ഷുബ്ധതകളിലൂടെയും പ്രശ്ന സങ്കീർണതകളിലൂടെയും കടന്നുപോകുമ്പോൾ അയർലണ്ടിലെ സമ്മേളനം പ്രത്യാശയുടെ പ്രകാശം പരത്തുന്നു. കുടുംബ കേന്ദ്രീകൃതവും വ്യക്തി കേന്ദ്രീകൃതവുമായ സുവിശേഷവും നവീകരണവുമാണ് ഇക്കാലത്ത് ദൈവം അഭിലഷിക്കുന്നത്.

അതിനാണ് സഭകൾ പ്രാധാന്യം കൽപ്പിക്കേണ്ടത്. ക്രിസ്തുവിശ്വാസത്തിന്റെ ഈറ്റില്ലമായ സ്ഥലങ്ങളിലൂടെ ധാർമ്മിക മൂല്യച്യുതിയും തകർച്ചയും സ്വവർഗ വിവാഹം നിയമവിധേയമാക്കുന്ന അവസ്ഥകളും അങ്ങേയറ്റം അപലപനീയമാണ്.

തിന്മയുടെ ആസക്തികളിൽ ജ്വലിക്കുന്ന സന്തോഷം നൈമിഷികമെന്ന തിരിച്ചറിവ് മനുഷ്യൻ മറന്നുപോയെന്നു തോന്നുന്നു. ഈശോ കൂടെയുള്ള സ്വർഗീയ നിമിഷങ്ങളാണ് വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സഭയുടെയും ലോകത്തിന്റെയും യഥാർത്ഥ സന്തോഷം. ക്രിസ്തു ഒപ്പമില്ലാത്ത സന്തോഷം വിരുന്നില്ലാത്ത കല്യാണം പോലെയാണ്.

വിജയമ്മ,
ജൂബിലി ആശുപത്രി, പാളയം.

താളുകളിൽ

ലേഖനം

7 ഒരു ഇന്ത്യൻ പൗരന്റെ ആശങ്കകൾ
ഷാജി ജോർജ്
10 ഇന്ത്യ കുതിക്കുന്നു
കെ.സുരേന്ദ്രൻ
14 അനശ്വര സ്നേഹത്തിന്റെ മഹത്വീകരണം
മോൺസിഞ്ഞോർ ഡോ. സി.ജോസഫ്
16 ഉൾച്ചേർക്കപ്പെടേണ്ട വിശ്വാസം
ബ്രദർ ഇമ്മാനുവേൽ എ, കൊല്ലം
13 കവിത : വൃദ്ധസദനം
കാഞ്ഞിരംകോട് രാജൻ

സ്ഥിരം പംക്തികൾ

18 കാനോൻ നിയമത്തിൽ
19 അജപാലനം
20 തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്
22 വാർത്തകൾ
31 അല്മായ വേദി
32 നീർച്ചാലുകൾ
38 വചനജ്വാല
40 ഇളംതൂവൽ
42 നേർക്കാഴ്ച
ജെ.സി.

ഭാരതം ഇനി എങ്ങോട്ട്?

സ്വാതന്ത്ര ഇന്ത്യയുടെ വളർച്ചയുടെയും തളർച്ചയുടെയും കാലഘട്ടമായിരുന്നു കഴിഞ്ഞ 71 വർഷം. 2019 ഓടെ ഒരു പുതിയ പതിറ്റാണ്ടിലേക്ക് പദമൂന്നുന്ന ഭാരതത്തിന്റെ ഭാവിയെ കുറിച്ച് ശോഭനവും ആശങ്കാകുലവുമായ ചിന്തകളാണ് ഭാരത ജനതയെ നയിക്കുന്നത്. ഈ ചിന്തകൾക്ക് ചിറകുമുളപ്പിച്ചുകൊണ്ട് രാഷ്ട്രീയരംഗത്തെ രണ്ടു പ്രമുഖർ എഴുതുന്നു.

ഒരു ഇന്ത്യൻ പൗരന്റെ ആശങ്കകൾ

ഷാജി ജോർജ്ജ്, ലത്തീൻ സമുദായ വക്താവ്

ഇന്ത്യ കുതിക്കുന്നു

കെ.സുരേന്ദ്രൻ, ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി

ലേഖനം

ഷാജി ജോർജ്
ലത്തീൻ സമുദായ വക്താവ്

ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ എണ്ണിയാലൊടുങ്ങാത്തതാണ്. കാരണം പലതാണ്. കാലത്തിന്റെ ചുവരെഴുത്തുകൾ അത് വിളിച്ചുപറയുന്നുണ്ട്.

ഒരു ഇന്ത്യൻ പൗരന്റെ ആശങ്കകൾ

ഇന്ത്യ എന്റെ രാജ്യമാണ്. ശൈശവം മുതൽ ഹൃദയത്തിൽ സൂക്ഷിച്ച സത്യം. പലവട്ടം ഈ സത്യം പ്രതിജ്ഞയായി പ്രഘോഷിച്ചിട്ടുണ്ട്. അപ്പോൾ ഒന്നും ഇന്ത്യയുടെ ഭാവിയെക്കുറിച്ച് തോന്നാത്ത ഒരാശങ്ക ഇപ്പോൾ മനസ്സിലുണ്ട്. ഏഴുപതിറ്റാണ്ട് പിന്നിട്ട് സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കു ശേഷം രാജ്യം 2019 ൽ ഒരു പൊതുതിരഞ്ഞെടുപ്പിലേക്ക് പോകുമ്പോൾ മനസ്സിൽ അങ്കുരിച്ച ആശങ്കയുടെ ആഴം വർദ്ധിക്കുന്നു.

30000 കോടി രൂപ ചിലവഴിച്ച് 2014 ഏപ്രിൽ 12 വരെ ഒൻപതു ഘട്ടങ്ങളിലായി നടന്ന പതിനാറാമത് ലോകസഭാ തിരഞ്ഞെടുപ്പിൽ 81.45 കോടി ജനങ്ങളുടെ പേരാണ് വോട്ടർ പട്ടികയിൽ ഉണ്ടായിരുന്നത്. അതിൽ പുത്തൻ വോട്ടർമാർ 10 കോടി ആയിരുന്നു. ജനസംഖ്യയുടെ പകുതിയിലധികം 25 വയസ്സിൽ താഴെയുള്ള ഇന്ത്യൻ ജനത, എൻ.ഡി.എ. സഖ്യത്തേയും അതിനു നേതൃത്വം നൽകിയ നരേന്ദ്രമോദിയെയും ഹൃദയപൂർവ്വം സ്വീകരിച്ചു . അതിനുള്ള തെളിവാണല്ലോ ബി.ജെ.പി. തനിച്ച് 282 സീറ്റുകൾ നേടിയപ്പോൾ ഭരണകക്ഷിയായ കോൺഗ്രസ്സ് 44 സീറ്റുകളിലേക്ക് ചുരുങ്ങിയത്. പ്രതിപക്ഷനേതൃസ്ഥാനം അർഹമാക്കാൻ പറ്റാത്ത സ്ഥിതിയിലായി കോൺഗ്രസ്സ്. ലോകസഭയിലെ ആകെ അംഗങ്ങളുടെ 10 ശതമാനമെങ്കിലും കിട്ടിയാൽ മാത്രമേ പ്രതിപക്ഷനേതാവെന്ന പദവിക്കു അർഹതയുള്ളു. രണ്ടാം യു.പി.എ സർക്കാരിന്റെ ഭരണക്കാലത്ത് നടന്ന അഴിമതിയും കാര്യക്ഷമതകുറവുമാണ് അവർക്കു തിരിച്ചടിയായത്. കോൺഗ്രസ്സിന്റെ പതനം തിരിച്ചറിഞ്ഞ് ഇലക്ഷനു മുൻപേ പാർട്ടി വിട്ടവരും ചില സംസ്ഥാനങ്ങളിൽ പാർട്ടി പിളർത്തി പ്രാദേശിക നേട്ടങ്ങൾ ഉണ്ടാക്കിയവരും നമ്മുടെ ഓർമ്മയിലുണ്ട്. അതിൽ മുൻ കേന്ദ്രമന്ത്രിമാർ വരെ ഉണ്ടായിരുന്നു.

വികസന മുദ്രാവാക്യം ഉയർത്തിയാണ് ബി.ജെ.പി. വിജയക്കൊടി നാട്ടിയത്. 2002ലെ ഗുജറാത്തിലെ മോദിയിൽ നിന്നു 2014 ലെ നരേന്ദ്രമോദിയിലേക്കുള്ള ദൂരം വർഗീയവാദിയിൽ നിന്ന് വികാസ് പുരുഷനിലേക്കുള്ളതായിരുന്നു. അദ്ദേഹത്തിന്റെ ഗതകാല പ്രവർത്തനങ്ങളെല്ലാം ' വികാസ് പുരുഷൻ' എന്ന വിശേഷണത്തിൽ അലിഞ്ഞില്ലാതായി. ഇന്ത്യാചരിത്രത്തിൽ ആദ്യമായി ഒരു കോൺഗ്രസ്സിതര സർക്കാർ കേന്ദ്രത്തിൽ കാലാവധി തികച്ചത് വാജ്പേയിയുടെ നേതൃത്വത്തിലായിരുന്നു 1999 മുതൽ 2004 വരെ ഭരിച്ച ദേശീയ ജനാധിപത്യ മുന്നണി സർക്കാരിനാണ് ആ വിജയതിളക്കം. ഇന്ത്യ തിളങ്ങുന്നു എന്നു പ്രചരിപ്പിച്ച വാജ്പേയി സർക്കാരിന് ഭരണതുടർച്ച ലഭിക്കാതെ പോയതെന്തെന്ന് എൻ.ഡി.എ.യും അതിനു പിന്നിലെ ശക്തികേന്ദ്രം നന്നായി വിശകലനം ചെയ്തെന്ന് നാം മനസ്സിലാക്കണം. 10 വർഷത്തെ ശാസ്ത്രീയവും ആസൂത്രിതവുമായ പദ്ധതിയിലൂടെ അവർ വികസനമന്ത്രമുയർത്തി തിരഞ്ഞെടുപ്പിനെ

നേരിട്ടു. 2002 ലെ ഗുജറാത്ത് കലാപമുറിവുകൾപോലും മാധ്യമ സഹായത്താൽ മായ്ച്ചുകളഞ്ഞു. അഴിമതിരഹിത, വികസന കേന്ദ്രീകൃത മുദ്രാവാക്യങ്ങളുടെ വമ്പൻ പ്രചരണങ്ങൾ എൻ. ഡി.എ യുടെ രഥത്തിലേറിയുള്ള നരേന്ദ്രമോദിയുടെ ഡൽഹി യാത്ര സുഗമമാക്കി.

ഞാൻ സൂചിപ്പിച്ച ആശങ്കകൾക്കു കാരണം മോദി സർക്കാരിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളും തുടർഭരണം ലഭിക്കുമെന്ന അമിത പ്രതീക്ഷയിൽ നടത്തുന്ന പ്രഖ്യാപനങ്ങളുമാണ്. അഴിമതിയുടെ കാര്യം തന്നെ പറയട്ടെ. അഴിമതി അവസാനിപ്പിക്കുമെന്ന് പ്രഖ്യാപിച്ച പ്രധാനമന്ത്രി അഴിമതിക്ക് കൂട്ടുനിൽക്കുന്ന അവസ്ഥയാണ് രാജ്യത്തുള്ളത്. അതിന്റെ ഒരു ഉദാഹരണം മാത്രമാണ് റഫാൽ വിമാനവിവാദം. 36 വിമാനങ്ങൾ ഫ്രാൻസിൽനിന്ന് നേരിട്ട് വാങ്ങാമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രാൻസ് സന്ദർശനത്തിനിടെ കരാർ ചെയ്തു. എന്നാൽ ഇക്കാര്യത്തിൽ അഴിമതി ആരോപിക്കപ്പെട്ടപ്പോൾ റഫാൽ വിമാനങ്ങൾ എത്ര കോടി രൂപയ്ക്ക് വാങ്ങി എന്നു വെളിപ്പെടുത്താൻ കരാർ വ്യവസ്ഥ അനുവദിക്കുന്നില്ലെന്നാണ് ലോകസഭയിൽ പ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയും മറുപടി പറഞ്ഞത്. ഫ്രാൻസുമായി ഒപ്പുവെച്ച കരാറിലെ രഹസ്യാത്മകത വിമാനത്തിന്റെ സാങ്കേതിക സജ്ജീകരണങ്ങളെക്കുറിച്ചുമാത്രമാണ്. ഈ അഴിമതിക്കഥയിലെ കൂടുതൽവെളിപ്പെടുത്തലുകൾ ഇനിയും പുറത്തുവരാനിരിക്കുന്നതേയുള്ളു.

കള്ളപ്പണം ഇല്ലാതാക്കാനും വിദേശബാങ്കുകളിലുള്ള ഇന്ത്യക്കാരുടെ നിക്ഷേപം തിരിച്ചുകൊണ്ടുവരാനും നടപടികൾ സ്വീകരിക്കുമെന്ന വലിയ പ്രഖ്യാപനങ്ങളാണ് എൻ.ഡി.എ നടത്തിയത്. എന്നാൽ ഇന്ത്യൻ ബാങ്കുകളിൽ വൻതുകകൾ തട്ടിപ്പു നടത്തി രാജ്യം വിട്ട 28 പേർ ഇപ്പോൾ വിദേശത്തുണ്ടെന്നാണ് കേന്ദ്ര സർക്കാർ പാർലമെന്റിൽ അടുത്തിടെ അറിയിച്ചവിവരം. വിജയ്മല്യ മുതൽ നീരവ് മോദിവരെ ആ പട്ടികയിൽ ഉണ്ട്. നോട്ടു നിരോധനത്തിലൂടെ രാജ്യത്തെ കള്ളനോട്ടുകൾ ഇല്ലാതാക്കാനാണ് കേന്ദ്രസർക്കാർ ശ്രമിച്ചതെന്ന് പറയുന്നു. എന്നാൽ ജനങ്ങൾ നെട്ടോട്ടമോടിയതല്ലാതെ എന്തുനേട്ടമുണ്ടായെന്ന് ഇനിയും വിശദീകരിക്കേണ്ടിയിരിക്കുന്നു. ഇതിനും ഒരു മറുകഥയുണ്ട്. 2016 നവംബർ 8ന് അപ്രതീക്ഷിതമായി അസാധുവാക്കിയ 500, 1000 രൂപ നോട്ടുകൾ ഏറ്റവും അധികം നിക്ഷേപിക്കപ്പെട്ടത് അമിത് ഷാ ഡയറക്ടർ ആയ അഹമ്മദാബാദ് ജില്ലാ സഹകരണ ബാങ്കിലാണ്. 745.59 കോടിരൂപ. രാജ്യത്തെ ജില്ലാ സഹകരണ ബാങ്കുകളിലെത്തിയ ഏറ്റവും വലിയ അസാധു നോട്ടു നിക്ഷേപമാണിത്. 5 ദിവസം കഴിഞ്ഞ് 2016 നവംബർ 14 ന് രാജ്യത്തെ സഹകരണബാങ്കുകൾ അസാധു നോട്ടുകൾ സ്വീകരിക്കുന്നത് വിലക്കിക്കൊണ്ടുള്ള ഉത്തരവ് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചു. വലിയ ചർച്ചകൾ മാധ്യമങ്ങളിൽ ഇല്ലാതെ പോയതുകൊണ്ട് ഇതിനു പിന്നിലെ കഥകളൊന്നും നമ്മൾ അറിഞ്ഞില്ല.

ഭീകരമായി പേടിപ്പെടുത്തുന്ന മറ്റൊന്ന് ഇന്ത്യൻ ദേശീയതയെക്കുറിച്ചുള്ളതാണ്. നാനാത്വത്തിൽ ഏകത്വം ആണ് രാജ്യത്തെ രാഷ്ട്രമായി നിലനിർത്തുന്നത്. വിവിധ ഭാഷകൾ, ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ, സിക്കു, ബുദ്ധ,ജൈന തുടങ്ങി നിരവധി മതങ്ങൾ. ഹിന്ദുമതത്തിലെ തന്നെ 3000ത്തോളം ജാതികളും 25000ത്തോളം ഉപജാതികളും ഗോത്ര സമൂഹങ്ങളും സൃഷ്ടിച്ച സാമൂഹ്യഘടനയാണ് ഇന്ത്യയ്ക്കുള്ളത്. ബഹുസ്വരതയുടെ വർണ്ണഭംഗിയാണ് ഇന്ത്യയുടെ ദേശീയ മുഖമുദ്ര. നാനാത്വത്തിനിടയിലും ഒരൊറ്റ ജനതയായി ഇന്ത്യയെ നിലനിർത്തുന്നത് ഭരണഘടന ഉറപ്പുനൽകുന്ന മതനിരപേക്ഷ തത്ത്വങ്ങളാണ്. എന്നാൽ ഭരണകക്ഷിയുടെ വക്താക്കൾ പ്രഖ്യാപിക്കുന്നത് അടുത്ത തിരഞ്ഞെടുപ്പിൽ ഹിന്ദുത്വ അജണ്ടയാണ് ഞങ്ങളുടെ മുദ്രാവാക്യമെന്നാണ്. അതിനുശേഷം മാത്രമേ വികസന അജണ്ട മുദ്രാവാക്യമാക്കൂ. ഈ പശ്ചാത്തലത്തിലാണ് മനുഷ്യനേക്കാൾ കൂടുതൽ പരിഗണന പശുവിന് ലഭിക്കുന്ന അവസ്ഥ വിശകലനം ചെയ്യേണ്ടത്. പശുസംരംക്ഷകരെന്ന് അവകാശപ്പെട്ട് ജാർഖണ്ഡിൽ മുസ്ലിം വ്യാപാരിയെ അടിച്ചുകൊന്നതിന് ശിക്ഷിക്കപ്പെട്ടവരെ കേന്ദ്രമന്ത്രി ജയന്ത് സിൻഹ സ്വവസതിയിൽ മാലയിട്ടാണ് സ്വീകരിച്ചത്. ഫുട്ബോളിൽ ലോകകപ്പ് നേടിയ ഫ്രഞ്ചു കളിക്കാരെ ഫ്രാൻസിന്റെ പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ആലിംഗനം ചെയ്ത് സ്വീകരിച്ചതുപോലെ കരുതരുത് കേന്ദ്രമന്ത്രിയുടെ ഈ നടപടി. ജാർഖണ്ഡിലെ രാംഗഡിൽ അലിമുദീൻ അൻസാരിയെ കൊലപ്പെടുത്തിയവർക്കാണ് കേന്ദ്രമന്ത്രി സ്വീകരണം ഒരുക്കിയത്. പ്രാദേശിക ബി. ജെ.പി. നേതാവ് നിത്യാനന്ദ് മഹാതോ ഉൾപ്പെടെ 11 പേരെ കൊലക്കേസിൽ കോടതി ജീവപര്യന്തം ശിക്ഷിച്ചു. ഇത്തരം പ്രോൽസാഹനംകൊണ്ട് ആൾക്കൂട്ടങ്ങൾ മനുഷ്യനെ തല്ലിക്കൊല്ലുന്ന കഥകൾ ആവർത്തിക്കപ്പെടുന്നു.

ഇന്ത്യയിൽ 18 കോടി ദളിതരുണ്ട്. അവരോടുള്ള സർക്കാർ നിലപാടും ആശങ്ക ഉളവാക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുനേരെയുള്ള അത്യാചാരങ്ങൾ വിലക്കുന്ന ദലിത് പീഡനനിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന, വ്യക്തമായ തെളിവ് ഇല്ലാത്ത പ്രത്യക്ഷത്തിൽ തന്നെ നിലനിൽപ്പില്ലെന്ന് ബോധ്യമുള്ള കേസുകളിൽ ഉടനെ അറസ്റ്റ് എന്ന നിബന്ധന ബാധകമല്ലെന്ന് സുപ്രീം കോടതി 2018 മാർച്ച് 20ന് വിധിച്ചു. ഇതിനെതിരെ 140 ദലിത് സംഘടനകൾ ആഹ്വാനം ചെയ്ത ഭാരത് ബന്ദ് അക്രമാസക്തവും സംഘർഷഭരിതവുമായി. പഞ്ചാബ്, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്, ജാർഖണ്ഡ്, ഗുജറാത്ത്, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങളിൽ പ്രക്ഷോഭം ജനജീവിതം സ്തംഭിപ്പിച്ചു. ഏറ്റുമുട്ടലിലും വെടിവെയ്പ്പിലും പതിനൊന്നുപേർ കൊല്ലപ്പെട്ടു. കേന്ദ്രസർക്കാരിന്റെ ദലിത് വിരുദ്ധമനോഭാവമാണ് ഈ പ്രക്ഷോഭത്തിന് കാരണമായത്. പ്രക്ഷോഭം കൈവിട്ടു എന്നുകണ്ടതോടെ സുപ്രീംകോടതി വിധിക്കെതിരെ പുനഃപരിശോധനഹർജി നൽകാൻ കേന്ദ്രസർക്കാർ നിർബന്ധിതരായി. സുപ്രീംകോടതിയിലെ ന്യായാധിപരിൽ ഒരാൾപോലും ദലിതനല്ലെന്നതും യാദൃശ്ചികമായി കാണാനാകില്ല.

ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ രൂപം കൊടുത്ത യുജിസിയെ പിരിച്ചുവിട്ട് ഉന്നത വിദ്യാഭ്യാസകമ്മീഷൻ രൂപികരിക്കാനാണ് കേന്ദ്രസർക്കാരിന്റെ നീക്കം. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഉള്ള ധനസഹായം കേന്ദ്രസർക്കാരിന്റെ

പൊതുഫണ്ട് വിതരണത്തിനുള്ള ഡിജിറ്റൽ സംവിധാനമായ പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിലേക്ക് മാറ്റാനാണ് കേന്ദ്രം ആലോചിക്കുന്നത്. സർവ്വകലാശാലകൾക്കുള്ള ധനസഹായം നിലക്കുന്നതോടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവ് വർദ്ധിക്കുകയും ദരിദ്രർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും ഉന്നത പഠനത്തിനുള്ള അവസരം നിഷേധിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാവും.

രാജ്യത്തെ തൊഴിൽ നിയമത്തിൽ വ്യവസായ ഉടമകൾക്ക് അനുകൂലമായ വിധത്തിൽ ഏകപക്ഷീയമായ മാറ്റങ്ങൾ കേന്ദ്രസർക്കാർ വരുത്തികൊണ്ടിരിക്കുകയാണ്. എല്ലാ വ്യവസായമേഖലയിലും നിശ്ചിതകാലാവധി കരാർ തൊഴിൽ അനുവദിച്ചുകൊണ്ടുള്ള കേന്ദ്രതൊഴിൽ മന്ത്രാലയത്തിന്റെ ഉത്തരവ് ഇതിനു ദാഹരണമാണ്. സ്ഥിരം തൊഴിൽ സമ്പ്രദായം അട്ടിമറിക്കാനും കരാർ തൊഴിൽ വ്യാപകമാക്കാനും ഇതിടയാക്കും. വ്യവസായവികസനത്തിന് ഇത്തരം നിയമങ്ങൾ ആവശ്യമാണെന്ന കേന്ദ്ര സർക്കാർ വാദം നീതികരിക്കാവുന്നതല്ല.

പ്രതിപക്ഷമില്ലാത്ത ഭരണം കൂടുതൽ മലീമസമാക്കും. ഇന്ത്യയിലെ പ്രതിപക്ഷപാർട്ടികളുടെ പ്രകടനം വിലയിരുത്തുമ്പോൾ ഈ പ്രസ്താവന കൂടുതൽ ആഴപ്പെടുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ജനപക്ഷനയങ്ങൾക്കും വിരുദ്ധമായും പ്രതിപക്ഷ പാർട്ടികൾ നീങ്ങുന്നു. മുഖ്യ പ്രതിപക്ഷ പാർട്ടി യായ കോൺഗ്രസ്സിന്റെ നേതൃത്വം വല്ലാത്ത ഇരുട്ടിലാണ്. അതും ആശങ്ക ഉളവാക്കുന്നു.

ലോകം കനിവിന്റെ അമ്മയായി കരുതിയ, ഭാരതരത്നം നൽകി ഇന്ത്യ ആദരിച്ച മദർതേരേസയുടെ സന്യാസിനി സമൂഹം മിഷനറീസ് ഓഫ് ചാരിറ്റി ഇന്ന് വലിയ ദുഖത്തിലാണ്. 139 രാജ്യങ്ങളിലായി 760 ഭവനങ്ങളിൽ 5167 സന്യാസിനികൾ കാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഇന്ത്യയിൽ ഇവർക്ക് 244 ഭവനങ്ങളാണ് ഉള്ളത്. മിഷനറീസ് ഓഫ് ചാരിറ്റി സഭയുടെ സുപ്പീരിയർ ജനറൽ സിസ്റ്റർ പ്രേമ കഴിഞ്ഞദിവസം ദുഖത്തോടെ മാധ്യമങ്ങളോട് പറഞ്ഞ കാര്യങ്ങൾ രാജ്യത്തെ ദുരവസ്ഥയെ വെളിവാക്കുന്നു. ബാലനീതി നിയമം കർശനമാക്കിയതോടെ മദർതെരേസ തുടങ്ങിയ നിർമ്മലഹൃദയ് അനാഥാലയങ്ങൾ ഓരോന്നോരോന്നായി ഇന്ത്യയിൽ അടച്ചുപൂട്ടി വരികയാണ്. അതിനിടയിലാണ് റാഞ്ചി, ഈസ്റ്റ് ജയിൽ റോഡിലെ നിർമ്മൽഹൃദയിൽ നിന്ന് രണ്ടു സിസ്റ്റേഴ്സിനെ അറസ്റ്റ് ചെയ്യുകയും റിമാൻഡിലാക്കുകയും ചെയ്തത്. ഇതിനുതുടർച്ചയായി മിഷണറീസ് ഓഫ് ചാരിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ശിശുസംരക്ഷണകേന്ദ്രങ്ങളിൽ മുഴുവൻ പരിശോധന നടത്താൻ സംസ്ഥാനങ്ങൾക്ക് കേന്ദ്ര വനിതശിശുക്ഷേമമന്ത്രി മനേക ഗാന്ധി നിർദ്ദേശം നൽകി. കുഷ്ഠരോഗികൾക്കും നിരാലംബർക്കുംവേണ്ടി നിഷ്കാമമനസ്സോടെ പ്രവർത്തിക്കുന്നവർക്ക് ബി.ജെ.പി. സർക്കാർ നൽകിയ സമ്മാനം!

ഇനിയും അധികാരം ലഭിച്ചാൽ ഭരണഘടന തിരുത്തുമെന്നാണ് ബി.ജെ.പി. നേതാക്കൾ പറയുന്നത്. ഇന്ത്യൻ ഭരണഘടനയുടെ മഹത്വമുൾക്കൊള്ളാതെയാണ് അവർ ഇങ്ങനെ പറയുന്നത്. അതിനെ പ്രതിരോധിക്കാൻ ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതിയും ഭീംആർമി ദലിത് സംഘടനകളും ഭരണഘടന പഠിക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്യുന്നു. 1969 നവംബർ 26ന് ഭരണഘടന ശില്പി ഡോ.അംബേദകർ പ്രസ്താവിച്ചു: "എത്ര നല്ല ഭരണഘടനയും ചീത്തമനുഷ്യർക്ക് ചീത്തയാക്കാൻപറ്റും. ചീത്ത ഭരണഘടന നല്ലമനുഷ്യർക്ക് നന്നാക്കാനും പറ്റും." ഭരണഘടന ഇല്ലാത്ത കാലത്ത് ശ്രീനാരായണഗുരുപറഞ്ഞു: "മനുഷ്യൻ നന്നായാൽ മതി." രാജ്യത്തെ ജനങ്ങളുടെ ആശങ്ക അകറ്റാൻ ഗാന്ധിജി പാടി പഠിപ്പിച്ച പ്രാർത്ഥനമാത്രമാണ് അഭികാമ്യം. സബ്കോ സൻമതി ദേ ഭഗവാൻ (എല്ലാവർക്കും നല്ല ബുദ്ധിനൽകണേ). ■

നാനാത്വത്തിൽ ഏകത്വം ആണ് രാജ്യത്തെ രാഷ്ട്രമായി നിലനിർത്തുന്നത്. വിവിധ ഭാഷകൾ, ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ, സിക്കു, ബുദ്ധ,ജൈന തുടങ്ങി നിരവധി മതങ്ങൾ. ഹിന്ദുമതത്തിലെ തന്നെ 3000ത്തോളം ജാതികളും 25000ത്തോളം ഉപജാതികളും ഗോത്ര സമൂഹങ്ങളും സൃഷ്ടിച്ച സാമൂഹ്യഘടനയാണ് ഇന്ത്യയ്ക്കുള്ളത്. ബഹുസ്വരതയുടെ വർണ്ണഭംഗിയാണ് ഇന്ത്യയുടെ ദേശീയ മുഖമുദ്ര. നാനാത്വത്തിനിടയിലും ഒരൊറ്റ ജനതയായി ഇന്ത്യയെ നിലനിർത്തുന്നത് ഭരണഘടന ഉറപ്പുനൽകുന്ന മതനിരപേക്ഷ തത്ത്വങ്ങളാണ്.

ലേഖനം

കെ. സുരേന്ദ്രൻ
ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി

ഇന്ത്യ കുതിക്കുന്നു...

എൻഡിഎ ഭരണത്തിൽ ഇന്ത്യ തിളങ്ങുന്നുവെന്നാണ് അവകാശവാദം. അടുത്ത പതിറ്റാണ്ടിൽ ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി തീരത്തക്കവിധമാണ് ഭാരതത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക്. അതാണ് തിളക്കത്തിന് കാരണം.

നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ ശരിയായ ദിശയിലാണ് മുന്നോട്ട് പോകുന്നതെന്നതിന്റെ തെളിവാണ് സാമ്പത്തിക രംഗത്തെ ഇന്ത്യയുടെ കുതിച്ചുചാട്ടം.

അടുത്ത പതിറ്റാണ്ടിനുള്ളിൽ ഇന്ത്യ ലോകത്തിലെ മൂന്നാം സാമ്പത്തിക ശക്തിയായി മാറുമെന്നാണ് ലോകത്തിലെ എല്ലാ സാമ്പത്തിക പഠനങ്ങളും ചൂണ്ടിക്കാട്ടുന്നത്. നോട്ട് നിരോധനം, ജി.എസ്.ടി തുടങ്ങിയ പരിഷ്ക്കാരങ്ങൾ പാളിപോയെന്ന വിമർശനങ്ങളുടെ മുനയൊടിക്കുന്നതാണ് പുതിയ സംഭവവികാസങ്ങൾ. അഴിമതിയും സ്വജനപക്ഷപാതവും കെടുകാര്യസ്ഥതയും കൊടികുത്തി വാഴുന്ന സമയത്തായിരുന്നു മോദിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ സർക്കാർ കേന്ദ്രത്തിൽ ഭരണത്തിലെത്തുന്നത്. കഴിഞ്ഞ നാലു വർഷത്തെ ഭരണം കൊണ്ട് ഇന്ത്രപ്രസ്ഥത്തിന്റെ ഭരണസിരാകേന്ദ്രങ്ങളെ ഗ്രസിച്ചിരുന്ന അഴിമതി ഇല്ലാതാക്കാൻ കഴിഞ്ഞതാണ് സാമ്പത്തിക പുരോഗതിയുടെ അടിത്തറ.

കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് ശരാശരി 8.5 ശതമാനം സാമ്പത്തിക വളർച്ച കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 8.6 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. അടുത്ത വർഷങ്ങളിൽ ഒമ്പത് ശതമാനം വളർച്ച നേടാൻ രാജ്യത്തിന് ശേഷിയുണ്ട്. അടുത്ത ഒരു പതിറ്റാണ്ട് ഈ വളർച്ച നിലനിർത്താൻ കഴിഞ്ഞാൽ ലോകത്തിലെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറും.

ലോക സാമ്പത്തിക ശക്തിയായി വളരുന്ന രാജ്യത്തിന്റെ കാർഷിക മേഖലയും ഊർജ മേഖലയും മെച്ചപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്.2022 ഓടെ കർഷകരുടെ വരുമാനത്തിൽ ഇരട്ടി വർദ്ധനവുണ്ടാകുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു കഴിഞ്ഞു. കാർഷിക ഉത്പാദനം മെച്ചപ്പെടുകയും കാർഷിക വളർച്ച നാല് അഞ്ച് ശതമാനത്തിന് മുകളിലെത്തത്തുകയും ചെയ്താലേ വരുമാനം വർദ്ധിക്കുകയുള്ളൂ. ഇതിന് ഒട്ടേറെ നടപടികൾ ആവശ്യമാണ്. 3 വർഷത്തിനുള്ളിൽ തന്നെ ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ഇന്ത്യയ്ക്ക് കഴിയുമെന്നാണ്

വിദഗ്ധർ പറയുന്നത്. കാർഷിക സാങ്കേതിക വിദ്യ, ഉന്നതനിലവാരത്തിലുള്ള വിത്തുകൾ എന്നിവ വികസിപ്പിച്ച് ഈ രംഗത്ത് നല്ല മുന്നേറ്റം കൈവരിക്കാനാണ് സർക്കാർ ഒരുങ്ങുന്നത്. ഇതോട കർഷകർക്കുള്ള വായ്പാ വിതരണ സംവിധാനവും കാര്യക്ഷമമാകുകയും ചെയ്യും.

ഉത്പാദനം കൂട്ടുന്നതോടൊപ്പം തന്നെ അവ ഫലപ്രദമായി വിതരണം ചെയ്യാൻ സംവിധാനവും സർക്കാർ ഒരുക്കും. ഇതിനായി ഭദ്രതയുള്ള ഭക്ഷ്യ ശൃംഖല കെട്ടിപ്പടുക്കേണ്ടതുണ്ട്. മികച്ച വിപണി ഒരുക്കലും അത്യാവശ്യമാണ്. വൈദ്യുതി ഉത്പാദനം കഴിഞ്ഞ നാല് വർഷം കൊണ്ട് മെച്ചപ്പെട്ടിട്ടുണ്ട്. ഇത് ശുഭസൂചനയാണ്. വരും വർഷങ്ങളിൽ വൈദ്യുതി ഉത്പാദനത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയും.

അടിസ്ഥാനസൗകര്യവികസനത്തിലും രാജ്യം വലിയതോതിലുള്ള പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. മോദി സർക്കാരിന്റെ ആദ്യത്തെ 3 വർഷങ്ങളിൽ ദേശീയപാതയുടെ നിർമ്മാണം ദിവസം 22 കിലോമീറ്റർ ദൈർഘ്യമാണ് എന്നാൽ കോൺഗ്രസ് സർക്കാറിന്റെ കാലത്ത് ഇത് ദിവസം 11 കിലോമീറ്റർ മാത്രമായിരുന്നു. മോദി സർക്കാരിനു കീഴിൽ ഇതുവരെ 1,20,000 കിലോമീറ്റർ റോഡുകൾ നിർമ്മിച്ചപ്പോൾ യുപിഎ 2 കാലഘട്ടത്തിൽ 80000 കിലോമീറ്റർ റോഡുകൾ മാത്രമാണ് നിർമ്മിച്ചത്.

2011 14 കാലയളവിൽ 59 പഞ്ചായത്തുകൾ മാത്രമാണ് ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ബന്ധിപ്പിച്ചത്. എന്നാൽ നരേന്ദ്ര മോദിയുടെ ചുമതലയിൽ ഒരു ലക്ഷത്തിലധികം ഗ്രാമപഞ്ചായത്തുകൾ ഒപ്റ്റിക്കൽ ഫൈബറുകൾ വഴി ബന്ധിപ്പിച്ചു കഴിഞ്ഞു. 2018 ഓടെ രാജ്യത്തിന്റെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും സർക്കാർ ഡിജിറ്റൽ ഇന്ത്യ പദ്ധതി പ്രകാരം ഒരു നെറ്റ് വർക്ക് ശൃംഖല സജ്ജമാക്കാൻ ഒപ്റ്റിക്കൽ ഫൈബർ കേബിൾ (ഒ.എഫ്.സി) വഴി ബന്ധിപ്പിക്കും. 2.5 ലക്ഷം ഗ്രാമ പഞ്ചായത്തു ഓഫീസുകൾ ഇന്റർനെറ്റ് വഴി ബന്ധിപ്പിച്ചുകൊണ്ട് മികച്ച സേവനം ഉറപ്പാക്കാൻ മോദി സർക്കാർ ലക്ഷ്യമിടുന്നു.

മുൻ സർക്കാർ അവസാനത്തെ മൂന്നു വർഷങ്ങളിൽ 12000 മെഗാവാട്ട് വൈദ്യുതിയേ ഉൽപ്പാദിപ്പിച്ചുള്ളൂ. എന്നാൽ ഈ സർക്കാരിന്റെ കീഴിൽ 22000 മെഗാവാട്ട് ഇതിനകം ഉല്പാദിപ്പിച്ചു കഴിഞ്ഞു.

2014 വരെ യു.പി.എ സർക്കാരിന്റെ കാലത്തു വെറും 2621 MW സൗരോർജം മാത്രമേ ഉല്പാദിപ്പിച്ചിരുന്നുള്ളൂ. എന്നാൽ 2014 17 വരെ എൻ.ഡി.എ സർക്കാർ 9652M-W സൗരോർജമാണ് ഉല്പാദിപ്പിച്ചത്.

തുറമുഖ വ്യവസായത്തിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവന്നത് എൻഡിഎ സർക്കാരാണ്. കോടിക്കണക്കിന് രൂപ നിക്ഷേപിച്ച് പുതിയ തുറമുഖങ്ങളുടെ ഒരു ശൃംഖല തന്നെ ഷിപ്പിംഗ് വ്യവസായത്തിന് സജ്ജമാക്കി. ഇൻഡ്യയുടെ മഹത്തായ സാമ്പത്തിക വളർച്ചയിൽ ഈ വ്യവസായം ഒരു പ്രധാന പങ്കു വഹിക്കുന്നു.

യു പി എ സർക്കാരിന്റെ കാലത്തു രാജ്യത്തിന് സ്വന്തമായി ഒരു വ്യോമയാന നയം ഉണ്ടായിരുന്നില്ല. എന്നാൽ 2016 ൽ നരേന്ദ്ര മോദിയുടെ സർക്കാരാണ് ഇന്ത്യയിലെ ആദ്യത്തെ വ്യോമയാന മന്ത്രാലയത്തിന് അനുമതി നൽകിയത്. ഈ വ്യോമയാന നയപ്രകാരം, 5/20 നിയമം ഇപ്പോൾ ബാധകമല്ല. 5 വർഷത്തെ ഗാർഹിക സേവനം പൂർത്തിയാക്കി കുറഞ്ഞത് 20 ഫ്

നരേന്ദ്ര മോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാഷ്ട്രതാല്പര്യത്തിനായും പാർശ്വ വത്കരിക്കപ്പെട്ടവർക്കു വേണ്ടിയും നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കുകയും നിയമനിർമാണം നടത്തുകയും ചെയ്തു.

ഫ്ലൈറ്റുകൾ ഇല്ലെങ്കിലും പുതിയ വിമാനക്കമ്പനികൾക്ക് അന്താരാഷ്ട്ര തലത്തിൽ വിമാനങ്ങൾ പറത്താനാവും. കൂടാതെ, എൻ ഡി എ സർക്കാർ വന്നശേഷം ചെറിയ നഗരങ്ങളിൽ പോലും പുതിയ വിമാനത്താവളങ്ങളുടെ രൂപകൽപ്പനയും, ഉപേക്ഷിക്കപ്പെട്ട വിമാനത്താവളങ്ങളുടെ പുനഃസ്ഥാപനവും നല്ല രീതിയിൽ തന്നെ പുരോഗമിച്ചു. 450 വിമാനങ്ങളാണ് ഇപ്പോൾ തന്നെ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. എന്നാൽ ഈ വർഷാവസാനത്തോടെ ഇത് 900 ആയി ഉയരും.

പാവപ്പെട്ടവർക്കു വേണ്ടിയുള്ള പദ്ധതികൾ ഉജ്ജ്വല യോജനയ്ക്കു കീഴിൽ, ദാരിദ്ര രേഖയ്ക്ക് താഴെയുള്ള 2 കോടിയിലധികം വരുന്ന കുടുംബങ്ങൾക്ക് സൗജന്യ പാചകവാതക കണക്ഷനുകൾ ലഭിച്ചിട്ടുണ്ട്. പാവപ്പെട്ട വീട്ടമ്മമാരാണ് ഇതിന്റെ ഗുണഭോക്താക്കൾ. പാവപ്പെട്ടവർക്ക് ധനസഹായം നൽകാൻ ലക്ഷ്യമിട്ട് തുടങ്ങിയ ജനധൻ യോജനയ്ക്ക് 30 കോടി ഗുണഭോക്താക്കളുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന എന്ന പദ്ധതിയിലൂടെ 2022 ഓടെ 2 കോടി വീടുകൾ നിർമിക്കാൻ നരേന്ദ്ര മോദി സർക്കാർ ലക്ഷ്യമിടുന്നു. താഴ്ന്ന വരുമാനക്കാർ, ഇടത്തരം വരുമാനക്കാർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ എന്നിവർക്ക് ഇതിനകം തന്നെ ഇതിലൂടെ പ്രയോജനം ലഭിച്ചു കൊണ്ടിരിക്കുന്നു.

നരേന്ദ്ര മോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാഷ്ട്രതാല്പര്യത്തിനായും പാർശ്വ വത്കരിക്കപ്പെട്ടവർക്കു വേണ്ടിയും നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കുകയും നിയമനിർമാണം നടത്തുകയും ചെയ്തു. ബിനാമി ട്രാൻസാക്ഷൻസ് (നിരോധന) നിയമവും വ്യവസ്ഥകളും 2016 നവംബർ മുതൽ പ്രാബല്യത്തിൽ വന്നു. പഴുതുകൾ അടച്ചു ഭേദഗതി ചെയ്ത നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം നിരവധി ബിനാമി ഇടപാടുകൾ തിരിച്ചറിഞ്ഞു. ഇപ്പോൾ ബിനാമി ഇടപാടുകൾ തടയുകയും ബിനാമി സ്വത്തുക്കൾ പിടിച്ചെടുക്കുകയും ചെയ്യുന്നു. നിയമലംഘനം നടത്തുന്നവർക്ക് ഈ നിയമപ്രകാരം, ഒരു വ്യക്തി ബിനാമി ഇടപാടിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയാൽ, അയാൾക്ക് ഒരു വർഷത്തിൽ കുറയാതെ ശിക്ഷ നൽകണം. എന്നാൽ ഇത് 7 വർഷം വരെ നീട്ടാം, ഇതിനുപുറമേ, വസ്തുവിന്റെ ന്യായവിലയുടെ മൂല്യത്തിൽ 25 ശതമാനം പിഴയും ഉണ്ടാകും.

യുദ്ധത്തെത്തുടർന്ന് പാകിസ്ഥാൻ, ചൈന തുടങ്ങിയ രാജ്യങ്ങളിലേക്ക് കുടിയേറ്റം ചെയ്തവരുടെ പിൻതുടർച്ചയും അവകാശങ്ങളും കൈമാറാൻ ശ്രമിക്കുന്ന 49 വർഷം പഴക്കമുള്ള ഒരു നിയമം, എനിമി പ്രോപ്പർട്ടി (ഭേദഗതിയും മൂല്യനിർണ്ണയവും) ബിൽ, 2016 ൽ ഭേദഗതി ചെയ്തു പാർലമെന്റിൽ പാസാക്കി. ആ സ്വത്തിന്റെ എല്ലാ ഉടമസ്ഥാവകാശങ്ങളും, അതിലുള്ള വസ്തുക്കളും, കസ്റ്റോഡിയന് കൈമാറാൻ ആക്ട് അനുവദിക്കുന്നു. അതിനാൽ ശത്രു അവകാശവാദം ഉന്നയിച്ചു സിവിൽ കോർട്ടുകളിൽ എന്തെങ്കിലും തർക്കങ്ങളിൽ ഏർപ്പെടുന്നത് തടയുന്നു. ഇന്ത്യൻ മുസ്ലിംകളുടെ വികാരങ്ങളെ വ്രണപ്പെടുത്തുമെന്ന ഭയം കാരണം ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കോൺഗ്രസ് സർക്കാർ ഇത്രയും കാലം തയാറായിരുന്നില്ല.

2017 ഡിസംബർ 28ന് ലോക്സഭയിൽ മുസ്ലീം സ്ത്രീ വനിതാ സംരക്ഷണ ബിൽ പാസായി. ഈ ബിൽ, തൽക്ഷണം ട്രിപ്പിൾ തലാഖ് ഏത് രൂപത്തിലും, ഇലക്ട്രോണിക് രീതികളായ ഇമെയിൽ, എസ്എംഎസ്, വാട്സ് ആപ്പ് എന്നിവ നിയമവിരുദ്ധവും അസാധുവുമാക്കിയതുമൂലം ട്രിപ്പിൾ തലാഖ് ചെയ്യുന്ന ഭർത്താവിനു അത്തരം ഒരു തലാഖ് 'ഒരു വർഷം വരെ തടവുശിക്ഷ ലഭിക്കും, ഇത് മൂന്നു വർഷത്തേക്കും പിഴയിലേക്കും നീങ്ങും', അതുപോലെ ഈ കുറ്റകൃത്യം ജാമ്യവും കിട്ടാത്തതാണ്.

നരേന്ദ്ര മോഡി സർക്കാർ നടപ്പിലാക്കുന്ന ജനക്ഷേമ പരമായ പരിഷ്കാരങ്ങളിൽ ചിലതു മാത്രമാണ് ഇത്. എൻ ഡി എ സർക്കാർ ശരിയായ ദിശയിൽ വളരെ വേഗം മുന്നേറിക്കൊണ്ടിരിക്കുകയാണ് എന്നതിന്റെ നിദാനവുമാണ്. ■



കവിത

കാഞ്ഞിരംകോട് രാജൻ

വൃദ്ധസദനം

എന്തുണ്ട് മർത്യാ നിനക്ക് സ്വന്തം
നിന്നിലെ ശ്വാസവും അന്യമല്ലേ...?
അംബര ചുംബിയാം സൗധം പണിഞ്ഞിട്ടും
ആറടി മണ്ണേ നിനക്കു വേണ്ടു.

ജീവനായ് നിന്നെ വളർത്തിയോരമ്മ
ജീവിക്കുന്നൊരാ വൃദ്ധസദനത്തിലായ്
ഓണവും... വിഷുവും... ക്രിസ്തുമസും
ഓരോ ദിനങ്ങളായ് കൊഴിഞ്ഞുപോയി.

തൻ മക്കളെ ഒരുനോക്കു കാണാൻ
വൃദ്ധമാതാവ് കൊതിക്കയായി...
വഴിയോര വക്കിലായ് കണ്ണുകൾ നട്ടിട്ട്...
നിറമിഴി മെല്ലെ തുടച്ചുനിന്നു.

നാലുകാലോല പുരയ്ക്കുള്ളിലന്ന്
നർമ്മം വിതറി കഴിഞ്ഞ കാലം...
നാലാളു കൂടി ചേർന്നിടും നേരം
നാട്ടുവിശേഷം പറഞ്ഞ കാലം...

ഓർമ്മയിൽ ഓരോന്നായ് ഓടിയെത്തി
മാതൃഹൃദയം വിതുമ്പുകയായ്...
പെട്ടെന്നൊരാ ശബ്ദം കേട്ട നേരം
മുന്നിലായി വാലാട്ടി നിൽപു ശ്വാനൻ.

അത്താഴ നേരത്തൊരിത്തിരിചോറ്
വാത്സല്യമോടെ കൊടുത്തെന്നു മാത്രം...
കണ്ടിടു മർത്ത്യരെ നിങ്ങളിന്ന്
ഈ ലോക ജീവിത സ്പന്ദനത്തെ...

ലേഖനം

മോൺസിഞ്ഞോർ ഡോ. സി. ജോസഫ്

അനശ്വര സ്നേഹത്തിന്റെ മഹത്വീകരണം

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ – മാതൃവാത്സല്യവും പുത്രസ്നേഹവും സമന്വയിക്കുന്ന പുണ്യദിനം!

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ ആസന്നമായി. ഈ ലോകജീവിതാന്ത്യത്തിൽ പരിശുദ്ധമറിയം ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ടു എന്ന വിശ്വാസപ്രഘോഷണമാണ് സ്വർഗാരോപണ തിരുനാളിന് അടിസ്ഥാനം. 1950 നവംബർ 1 ന് മുണിഫിച്ചേന്തീസിമുസ് ദേവൂസ് എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ, ഭാഗ്യസ്മരണാർഹനായ 12-ാം പീയുസ് മാർപാപ്പ ഇതൊരു വിശ്വാസ സത്യമായി നിർവചിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തു. സഭയുടെ ആരംഭനാളുകളിൽ തന്നെ വിശ്വാസികൾ ഏറ്റുചൊല്ലുകയും പരമ്പരാഗതമായി തലമുറകൾക്ക് കൈമാറുകയും ചെയ്ത ഈ വിശ്വാസം, ലോകമെങ്ങുമുള്ള സഭാവിശ്വാസികളുടെ നിരന്തര അഭ്യർത്ഥന പ്രകാരം പരിശുദ്ധ സിംഹാസനം ഇതൊരു വിശ്വാസ സത്യമായി പ്രഖ്യാപിക്കുകയായിരുന്നു.

സ്വർഗാരോപണം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചുകൊണ്ടുള്ള അപ്പോസ്തോലിക പ്രബോധനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന സുപ്രധാന ആശയങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം. ദൈവപുത്രനായ യേശുക്രിസ്തുവിന് ജന്മം നൽകേണ്ട പരിശുദ്ധ മറിയത്തെ ഉത്ഭവത്തിലേ അമലയായി, നിർമ്മലയായി ദൈവം സൃഷ്ടിച്ചു. പാപസ്പർശമേൽക്കാതെ ജന്മപാപത്തിന്റെ നിഴൽപോലും പതിയാതെ മറിയത്തിന്റെ ആത്മശരീരങ്ങളെ കാത്തുസംരക്ഷിക്കേണ്ടതു തീർത്തും അനിവാര്യമായിരുന്നു. കാരണം, 'വചനം മാംസമായി' (യോഹ. 1:14) രൂപം പ്രാപിച്ച് ദൈവപുത്രനായി പിറക്കേണ്ട ദിവ്യശിശുവിന്റെ പ്രഭവസ്ഥാനമായ മറിയത്തിന്റെ ശരീരം ഒരു നിമിഷം പോലും നരകീയ ശക്തിക്ക് അധീനമായിരിക്കാൻ പാടുള്ളതല്ല. ഇത്തരത്തിൽ ദൈവകരങ്ങളാൽ പ്രത്യേകം സംരക്ഷിക്കപ്പെട്ട പരിശുദ്ധ മറിയത്തിന്റെ ശരീരം പാപത്തിന്റെ പരിണിത ഫലമായ മരണത്തിനോ മരണാനന്തരം സംഭവിക്കുന്ന 'മണ്ണിനോട് മണ്ണായി ചേരുന്ന' (ഉൽപ്പത്തി 3:19) അവസ്ഥയ്ക്കോ വി

ധേയമല്ല മാത്രമല്ല, പരിശുദ്ധാത്മാവിന്റെ ആവാസത്താൽ (ലൂക്ക 1:35) പവിത്രീകരിക്കപ്പെട്ട മറിയത്തിന്റെ ശരീരം അക്ഷയമായിത്തന്നെ മഹത്വത്തിന്റെ കൂടാരത്തിലേക്ക് സംവഹിക്കപ്പെടുക സ്വാഭാവികമാണ്, യുക്തിസഹജമാണ്, അങ്ങനെ, പരിശുദ്ധ മറിയം ആത്മശരീരങ്ങളോടെ അനശ്വര മഹത്വത്തിലേക്ക് പ്രവേശിച്ചതിന്റെ ആഹ്ലാദവും സന്തോഷവും സഭാമക്കൾ പങ്കുവയ്ക്കുന്ന അസുലഭാവസരമാണ് സ്വർഗാരോപണ തിരുനാൾ!

പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തിയും സ്നേഹവും കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാന മുഖമുദ്രകളിൽ ഒന്നാണ്. പരിശുദ്ധമറിയം ദൈവമാതാവാണ്, കന്യകയാണ്. അമലോത്ഭവയാണ്, സ്വർഗാരോപിതയാണ്. ഈ വിശേഷണങ്ങൾക്ക് ഓരോന്നിനും അടിസ്ഥാനം, കാലാകാലങ്ങളിൽ സഭാനേതൃത്വം (സുന്നഹദോസ്സുകൾ, മാർപാപ്പമാർ) ഔദ്യോഗികമായി നിർവചിച്ച് പ്രഖ്യാപിച്ച വിശ്വാസസത്യങ്ങളാണ്. അവയെല്ലാം വിനയപൂർവ്വം സ്വീകരിച്ച് ആഹ്ലാദപൂർവ്വം പ്രഘോഷിക്കുന്നവരാണ് കത്തോലിക്കാവിശ്വാസികളായ നമ്മൾ. ഈ വിശ്വാസ പ്രഘോഷണമാകട്ടെ, നമ്മുടെ ജീവിതത്തെ ആഴത്തിൽ സ്വാധീനിച്ച് യഥാർത്ഥ ക്രൈസ്തവ ജീവിതം നയിച്ചുകൊണ്ട് ജീവിതലക്ഷ്യത്തിൽ എത്തിച്ചേരാൻ നമ്മെ പ്രാപ്തരാക്കുന്നു. ക്രിസ്തു കേന്ദ്രീകൃതമായൊരു ജീവിതത്തിലേക്ക് നമ്മെ കൈപിടിച്ചു നടത്തുന്ന വഴികാട്ടിയും മാർഗദർശിയുമാണ് പരിശുദ്ധ കന്യകാമറിയം. 'അവൻ നിങ്ങളോട് പറയുന്നതുപോലെ ചെയ്യുവിൻ' (യോഹ. 2:5) എന്നതിൽ കവിഞ്ഞൊന്നും പരിശുദ്ധ മറിയത്തിന് നമ്മോട് പറയാനില്ല.

അത്യുന്നതന്റെ പ്രിയപുത്രന് ജന്മം നൽകി, ബദ്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്നുവീണ ദിവ്യശിശുവിനെ വാരിപ്പുണർന്ന അതേ കരങ്ങളിൽ ജീവൻ വാർന്നുപോയ യേശുവിന്റെ ശരീരം കാൽവരിയിൽ കുരിശിൻ ചുവട്ടിൽ നിന്നും ഏറ്റുവാങ്ങിയ പരിശുദ്ധ മറിയം ഹൃദയഭേദകമായ കഠിനവേദന അനുഭവിച്ചെങ്കിലും, ഹൃദയാഘാതമേൽക്കാതെ, ഖനീഭവിച്ച ദുഖം ഉള്ളിൽ ഒതുക്കി സമചിത്തത കൈവെടിയാത്തത്, ഇനിയും ആ തൃക്കരങ്ങളിൽ എത്രയോ കോടി മനുഷ്യരെ (മുറിവേറ്റവർ, ഹതഭാഗ്യർ, നിരാലംബർ തുടങ്ങി അനേകർ) ഏറ്റുവാങ്ങാനുള്ള ദൈവനിശ്ചയവും തന്റെ പ്രിയപുത്രന്റെ നിയോഗവും ഓർത്തതുകൊണ്ടാണ്. 'ഇതാ നിന്റെ മകൻ' (യോഹ. 19:26) എന്നുപറഞ്ഞുകൊണ്ട് യോഹന്നാനേയും, യോഹന്നാനിലൂടെ മനുഷ്യകുലത്തെ മുഴുവനേയും തന്റെ അമ്മയുടെ സംരക്ഷണയിൽ ഏൽപ്പിച്ച തന്റെ സുതന്റെ അന്ത്യാഭിലാഷം നിറവേറ്റുക എന്ന ദൗത്യം ലോകാവസാനം വരെ പരിശുദ്ധമറിയം തുടർന്നുകൊണ്ടേയിരിക്കും.

സ്വർഗാരോപിതയായ പരിശുദ്ധ മറിയത്തെ യേശുനാഥൻ സ്നേഹപൂർവ്വം സ്വീകരിച്ച് സ്വർഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി കിരീടം ധരിപ്പിച്ചുവെന്ന് നാം വിശ്വസിക്കുന്നു, പ്രഘോഷിക്കുന്നു. അതെ, പാപത്തേയും അന്ധകാരത്തേയും മരണത്തെയും എല്ലാവിധ നരകീയ ശക്തികളെയും പരാജയപ്പെടുത്തി മൂന്നാംദിനം ഉത്ഥാനം ചെയ്ത് 40-ാം നാൾ വിജയശ്രീലാളിതനായി സ്വർഗാരോഹണം ചെയ്ത് പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ഠനായിരിക്കുന്ന രാജാധിരാജനും ലോകരക്ഷകനുമായ യേശുക്രിസ്തുവിനൊപ്പം സ്വർഗീയ മഹത്വത്തിൽ ത്രിലോക രാജ്ഞിയായി പരിശുദ്ധ മറിയം വിരാജിക്കുന്നു. സ്വർഗരോപിതയായ പരിശുദ്ധമറിയം ഇന്ന് സ്വർഗത്തിൽ മഹത്വത്തോടെ വാഴുന്നു; പക്ഷേ ആ അമ്മയുടെ ഹൃദയം ഈ ലോകത്തു വസിക്കുന്നവരും തീർത്ഥാടകരുമായ നമ്മെ ഓർത്ത് ത്രസിക്കുന്നു, ആകുലപ്പെടുന്നു. പരിശുദ്ധ മറിയത്തിന്റെ സജീവ സാന്നിധ്യം ഈ ലോകത്തിൽ തന്നെയുണ്ട്. ഇന്നും ഈ കന്യക 'തിടുക്കത്തിൽ യാത്ര പുറപ്പെടുന്നു.' (ലൂക്ക. 1:39), അനേകം ഭവനങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും പട്ടണങ്ങളിലേക്കും, പരിചരണത്തിന്റെയും ശുശ്രൂഷയുടെയും മുൻകരുതലുമായി. ഇന്നും ഈ വത്സലമാതാവ് തന്റെ പ്രിയ പുത്രനോട് 'അവർക്ക് വീഞ്ഞില്ല' എന്ന് ആവർത്തിച്ചു ണർത്തിക്കുന്നു (യോഹ. 2:3). സമാധാനവും ശാന്തിയും സൗഖ്യവും തൊഴിലും കുടുംബഭദ്രതയും സ്വാതന്ത്ര്യവും വിടുതലും തേടുന്ന ശതകോടി മനുഷ്യരുടെ ആകുലതകളും ആവശ്യങ്ങളും അനുദിനമെന്നോണം തന്റെ പ്രിയപുത്രന്റെ മുമ്പാകെയും സ്നേഹ പിതാവിന്റെ സന്നിധിയിലും ഈ അമ്മ സമർപ്പിക്കുന്നു; അനുഗ്രഹങ്ങൾ പ്രാപിച്ച് തന്റെ പ്രിയ മക്കൾക്ക് നൽകുന്നു.

ലൂർദ്ദിലും ഫാത്തിമയിലും വേളാങ്ങണ്ണിയിലും മെർജുഗുറിയിലും മറ്റ് അനേക സ്ഥലങ്ങളിലും ദർശനം നൽ

കിക്കൊണ്ട് പരിശുദ്ധ മറിയം പ്രഖ്യാപിച്ചത് രണ്ടു കാര്യങ്ങളാണ്. താൻ ഇന്നും മാതൃസഹജമായ സ്നേഹവായ്പോടെ തന്റെ മക്കളുടെ അരികിൽ തന്നെയുണ്ട് എന്നും മനുഷ്യൻ തിന്മയിൽ നിന്നും മോചിതനായി പാപമാർഗം വെടിഞ്ഞ് ദൈവത്തിങ്കലേക്ക് മടങ്ങിവരണം എന്നുമാണ്. ഈ അടുത്ത കാലത്തായി കൊറിയയിലും മറ്റുചില സ്ഥലങ്ങളിലും പരിശുദ്ധമറിയം രക്തക്കണ്ണീർ പൊഴിച്ചുകൊണ്ട് ദർശനം നൽകുന്നതായി പറയപ്പെടുന്നു. ഇത്തരം ദർശനങ്ങളുടെ നിജസ്ഥിതിയും ആധികാരികതയും എന്തുമാകട്ടെ; ഇവിടെ നിന്നെല്ലാം നമുക്ക് ലഭിക്കുന്ന സന്ദേശം വ്യക്തമാണ്. മനുഷ്യൻ ദൈവത്തിൽ നിന്നും അകന്നുപോകുന്നു. പരിശുദ്ധമറിയം ജന്മം നൽകിയ ദൈവപുത്രനായ യേശു ക്രിസ്തുവിന്റെ രക്ഷാകരവും നിത്യജീവൻ പ്രദാനം ചെയ്യുന്നതുമായ പീഡാസഹനവും കുരിശുമരണവുമെല്ലാം ക്രമേണ വിസ്മൃതമാകുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ തന്നെയും തിന്മയുടെയും പാപത്തിന്റെയും പിടിയിലമർന്നു കഴിയുന്നു. യേശുനാഥനെ അടുത്തറിയാനും അവിടുത്തെ ദൗത്യത്തിൽ പങ്കുചേരാനും പ്രത്യേകം വിളിക്കപ്പെട്ടവർപോലും 'ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാതെ, വിസ്തൃതവും വിശാലവുമായ വഴിയിലൂടെ സഞ്ചരിക്കാൻ' ഇഷ്ടപ്പെടുന്നു (മത്താ. 7:13) ഈ ദുരവസ്ഥയാണ് പരിശുദ്ധ കന്യകാമറിയത്തിന്റെ ദുഃഖത്തിനും ആകുലതയ്ക്കും മുഖ്യകാരണം.

പരിശുദ്ധകന്യകാമറിയം യേശുവിന്റെ അമ്മയാണ്, ഒപ്പം നമ്മുടെ ഓരോരുത്തരുടെയും വത്സല മാതാവും. ആ അമ്മയുടെ ദുഃഖത്തിനും ആകുലതയ്ക്കും കാരണമാകുന്ന എല്ലാറ്റിലും നിന്നും മുക്തിനേടി, അവിടുത്തെ പ്രിയപുത്രനായ യേശുവിനൊപ്പം വസിക്കാം, യേശുവിനുവേണ്ടി പൂർണമായും ജീവിക്കാം എന്ന നമ്മുടെ ഓരോരുത്തരുടെയും ദൃഢനിശ്ചയവും പുനർപ്പണവുമാകട്ടെ, സ്വർഗാരോപണ തിരുനാൾ വേളയിൽ പരിശുദ്ധ അമ്മയുടെ തൃപ്പാദത്തിൽ നാം സമർപ്പിക്കുന്ന കൃതജ്ഞതയുടെയും ആഹ്ലാദത്തിന്റെയും നറുമലരുകൾ. ■

ലേഖനം

ബ്രദർ ഇമ്മാനുവേൽ എ, കൊല്ലം

ഉൾച്ചേർക്കപ്പെടേണ്ട വിശ്വാസം

'നീയായിരുന്നു ആദ്യത്തെ സൂര്യവെളിച്ചത്തിലേക്ക് എന്നെ നഗ്നനാക്കിയത്.

ഹൃദയത്തിൽ ഇടിയും മിന്നലും വർഷിച്ച് സ്നേഹത്തിലേക്ക് പ്രേരിപ്പിച്ചത്. നിശബ്ദതയുടെ ദൈവരോദനം അറിയിച്ചത്. വിശ്വസിക്കാനുള്ള ദാഹം ആയിരുന്നു എന്നെ നിന്നിലെത്തിച്ചത്..... ' വി.ജി.തമ്പി.

കാഴ്ചയ്ക്കും കേൾവിക്കും അപ്പുറത്തുള്ള ഒരുലോകത്തേക്ക് നമ്മെ കൈപിടിച്ചു നടത്തുന്ന അനുഭവമാണ് വിശ്വാസം. അന്ധമായ അനുകരണമല്ല വിശ്വാസമെന്നും വിശ്വാസാനുഭവത്തിനു ജീവിതത്തിൽ വലിയ സ്ഥാനമുണ്ടെന്നും മനസിലാക്കിതരുന്ന ചിന്തകളാണിവ. കത്തുന്നതിരിക്കു എളുപ്പം കെടാനാണ്. തിരികെടാതിരിക്കാൻ വലത്തേക്ക്പിടിക്കുമ്പോൾ വലത്തുനിന്നൊരുകാറ്റ് അതിനെകെടുത്തികളയുന്നു. തിരികെടാതിരിക്കാൻ ഇടത്തേക്ക് പിടിക്കുമ്പോൾ ഇടത്തുനിന്നൊരു കാറ്റ് അതിനെ കെടുത്തിയേക്കാം. ഒടുവിൽ നെഞ്ചോടു ചേർക്കുമ്പോൾ നമ്മുടെ നിശ്വാസം ചിലപ്പോൾ ആ തിരിനാളത്തെകെടുത്തും. അപ്പോൾ വിശ്വാസം എന്നത് നാം ജീവിക്കുന്ന ചുറ്റുപാടിൽ നമ്മുടെ ജീവിതത്തെ കെടാതെ കത്തിച്ചു നിർത്തുന്ന നാളമാണ്. വിശ്വാസനാളങ്ങൾക്കു പ്രപഞ്ചത്തെയും മനുഷ്യജീവിതത്തെയാകമാനവും പ്രകാശപൂരിതമാക്കാൻ കഴിയും.

വിശ്വാസം ഒരുവഴിവിളക്കാണ്. വഴിവിളക്കുകൾ ദിശാനിർണയത്തിന്റെ സൂചകങ്ങൾ അത്രെ. അങ്ങനെ ചിന്തിക്കുമ്പോൾ ദൈവത്തിലേക്കുവഴി കാട്ടുക എന്ന ധർമം നിർവ്വഹിക്കുന്ന വഴിവിളക്കാണ് വിശ്വാസം. വിശ്വാസത്തിന്റെം മോറിയാമലയിൽ വെച്ചാണ് അബ്രഹാം വിശ്വാസികളുടെ പിതാവായി പരിണാമംകൊണ്ടത്. വാർധക്യകാലത്ത് അഭയമാകേണ്ട മകനെ ബലികൊടുക്കാൻ പറഞ്ഞപ്പോഴും ബലിക്കുള്ളകുഞ്ഞാട് എവിടെയെന്ന മകന്റെ ചോദ്യത്തിനു മുൻപിൽ പകച്ചുനില്ക്കാതിരിക്കാൻ അബ്രഹത്തിനുകഴിഞ്ഞത്. തന്റെ വിശ്വാസം ദൈവത്തിലേക്കുള്ള ഒരു വഴിവിളക്കായി പരിണമിച്ചതുകൊണ്ടാണ്. വിറകും തീപന്തവുമായി മലകയറുമ്പോൾ മനസ്സിൽ ദൈവത്തിലുള്ളതന്റെ വിശ്വാസത്തെ ഊട്ടി ഉറപ്പിക്കുകയാണ് അബ്രഹാംചെയ്തത്. ബലി കൊടുക്കാൻ ബാലന്റെമേൽ കത്തിവീശുന്നഅവസാനത്തെവിനാഴികവരെ ആ വ്യദ്ധൻ മറിച്ചൊരുസ്വപ്നവും കാണുന്നില്ല. വിശ്വാസധീരതയുടെ അന്ത്യനിമിഷത്തിലാണ് മുട്ടാടിന്റെ കരച്ചിലായി ദൈവികവിസ്മയം അബ്രഹാംഅനുഭവിച്ചറിയുന്നത്.

വിശ്വാസം വിളക്കിചേർക്കലാണ്. രണ്ടുജീവിതങ്ങളെ തമ്മിൽ വിശ്വാ

സമെന്നകാണാചരടുകൊണ്ടു ചേർത്തുകെട്ടുന്നതു പോലെയാണത്. മെഴുകുതിരിയിലെ അഭിഭാച്യഘടകങ്ങളായ മെഴുകും,തിരിയുംപോലെ..... രണ്ടു പ്രത്യേക വസ്തുക്കളെ പ്രത്യേകമാം വിധം ചേർത്തു ഒന്നാക്കുമ്പോഴാണ് മെഴുകുതിരിയായിമാറുന്നത്. ആരെങ്കിലും അതു കത്തിക്കുമ്പോഴാണ് അതു വെട്ടമായിതീരുന്നത്. കത്താത്തിടത്തോളം കാലം അത് രണ്ടു വ്യത്യസ്തകളായി നിലകൊള്ളും. മെഴുകുതനിയെ ദീപമല്ല,തിരിയുംതനിയെ വെട്ടമല്ല, രണ്ടുംകൂടി ചേരുംപടിചേർത്താൽ ദീപമാകും. രണ്ടും ചേർന്നാൽ പുറപെടുന്നത് പ്രകാശവും ചൂടുമാണ്. ദാമ്പത്യ ബന്ധവും ഇതുപോലെ തന്നെയാണ്. ഒറ്റയ്ക്കുനിന്നാൽ തിരിക്ക് കത്താൻ കഴിയാത്തതുപോലെ തനിയെ, മെഴുകിനു ഉരുകി പ്രകാശമാകാൻ കഴിയാത്തതു പോലെയുമാണ് ഭാര്യക്കു ഒറ്റയ്ക്കും ഭർത്താവിനു തനിച്ചും ദാമ്പത്യം സാധ്യമാകാത്തത്. ഭാര്യയും ഭർത്താവും ഒരുമിച്ചുചേരുന്നിടത്താണ് കുടുംബമെന്ന വിശ്വാസദീപം ജ്വലിച്ചുതുടങ്ങുന്നത്. എവിടെയോ രൂപംകൊണ്ട മെഴുകിനെയും തിരിയെയും ഒരുമിച്ചുചേർത്തുതുപോലെ, പുരുഷനെയും സ്ത്രീയെയും ഒരുമിച്ചുചേർത്തത് ദൈവമാണ്. ആ ദൈവത്തോടുള്ള വിശ്വാസ്യതയാണ് ദാമ്പത്യജീവിതംകൊണ്ടു ദമ്പതികൾ കാട്ടികൊടുക്കേണ്ടത്. കത്തുന്ന തിരിയെ കെടുത്താൻ കരിവണ്ടുകൾ പറന്നെത്തിയേക്കാം. അതുപോലെ, ദാമ്പത്യജീവിതത്തെ തകർക്കാൻ പല കരിവണ്ടുകളും പാഞ്ഞെത്തും. അവിടെയൊക്കെ കുടുംബമെന്ന പ്രകാശഗോപുരത്തെ തെളിച്ചുനിർത്തുന്നത് ദൈവവിശ്വാസവും ദമ്പതികൾ തമ്മിലുള്ള പരസ്പര വിശ്വാസവുമാണ്.

വിശ്വാസം ആശ്വാസമാണ്. തകർച്ചയുടെ നേരത്തു ദൈവം കൈവിട്ടുകളയില്ലെന്നൊരു ആശ്വാസം. കാറ്റും കോളും കടലും തിരയും കണ്ടു ഭയപ്പെട്ടിരുന്ന ഒരുപറ്റം ശിഷ്യഗണത്തിനെ അമരത്തുകിടന്നവൻ ഉണർന്നെഴുന്നേറ്റു ആശ്വസിപ്പിക്കുന്നു. കഷ്ടതയുടെനേരത്തു ദൈവത്തെ തള്ളിപറയുകയും സന്തോഷത്തിന്റെ നേരത്തു അവിടുത്തെ ആവശ്യമില്ലെന്നു പറയുന്നവരുടെയും ലോകത്താണ് നാമിന്നു ജീവിക്കുന്നത്. കോളിളക്കങ്ങളുടെ രാത്രിയിൽ ശിഷ്യഗണം വേവലാതിപെട്ടതും അതുപറഞ്ഞാണ്. ഞങ്ങൾ നശിക്കുന്നു, ഞങ്ങൾക്ക് കഷ്ടപ്പാട് ഞങ്ങൾ തളരുന്നു, ഞങ്ങൾക്കു പ്രാണഭയം, എന്നിങ്ങനെയുള്ള പരാതികളുടെ കൂമ്പാരം, ഇതൊന്നും വകവയ്ക്കാതെ, കാണാതെ, കേൾക്കാതെ നീ സുഖിക്കുന്നു, വിശ്രമിക്കുന്നു എന്നുള്ള കുറ്റപ്പെടുത്തലും. ഒന്നോർത്താൽ കഷ്ടതയുടെ നേരത്തു ദൈവത്തെ തള്ളി പറഞ്ഞത് അവിടുത്തെ പ്രിയപെട്ടവരായിരുന്നു. അവന്റെ് അടുത്തിരുന്നു യാത്ര ചെയ്തവർ, അവൻ തിരഞ്ഞെടുത്തു സ്വന്തമാക്കിയവർ, അവൻ അധികാരപെടുത്തിയവർ....കൂടെയുള്ള ദൈവത്തെതിരിച്ചറിയാനും തിരിച്ചറിഞ്ഞ ദൈവത്തെ മറ്റുള്ളവർക്ക് പ സാക്ഷ്യപെടുത്തി കൊടുക്കാനും കഴിയാതെ പോകുന്നതാണ് ശിഷ്യഗണത്തിന്റെ പ്രശ്നം. നമ്മുടെ കുറവുകൊണ്ടും, വിശ്വാസ രാഹിത്യംകൊണ്ടും, പ്രയാസങ്ങളും പ്രശ്നങ്ങളും കൊണ്ടും ബുദ്ധിമുട്ടുമ്പോഴാണ് ദൈവത്തെ തിരിച്ചറിയാൻ നമുക്കുകഴിയാതെ പോകുന്നത്. ഏതു പ്രശ്നങ്ങൾക്കിടയിലും നമ്മെ ആശ്വസിപ്പിക്കാൻ നമ്മുടെ ചാരത്തുനിൽക്കുന്ന ദൈവത്തെ വിശ്വാസത്തിന്റെ കണ്ണുകൊണ്ട് കാണുകയും ഹൃദയം കൊണ്ടു മനസിലാക്കുകയുമാണ് നാം ചെയ്യേണ്ടത്. ഇത് ചെയ്യാത്തിടത്തോളം വിശ്വാസം ഒരാശ്വാസമായി നമുക്കു അനുഭവപെടുകയില്ല.

വിശ്വാസം അനുഭവമാണ്. എല്ലാം യുക്തിയുടെയും ശാസ്ത്രത്തിന്റെയും കണ്ണാടിയിലൂടെ മാത്രം കാണാൻ ശ്രമിക്കുന്നതാണ് ഈ കാലഘട്ടത്തിന്റെ ദുരന്തം. സത്യത്തിന്റെ പൊരുൾ തിരിച്ചറിയലാണ് എല്ലാ അന്വേഷണങ്ങളുടെയും ലക്ഷ്യം. സ്വന്തമായ അനുഭവങ്ങളാണ് മിക്കവാറും ഒരുവനെ യഥാർത്ഥ വിശ്വാസത്തിലേക്ക് നയിക്കുന്നത്. ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വസിക്കുന്നതിനു തനിക്കു ആഴമാ

കാനോൻ നിയമത്തിൽ

ഫാ. ജോസ് ജി.

അകത്തോലിക്കാ ക്രൈസ്തവരെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുമ്പോൾ

തിരുവനന്തപുരം അതിരൂപതയിലെ ഒരു ഇടവക വികാരിയാണ് ഞാൻ. എന്റെ ഇടവകയിൽപ്പെട്ട ഒരു യുവാവുമായി വിവാഹം നിശ്ചയിച്ച മാർത്തോമ്മാ സഭയിലെ പെൺകുട്ടി കത്തോലിക്കാ സഭയിൽ ചേർന്ന് വിവാഹം കഴിക്കാൻ സന്നദ്ധയാണ്. പ്രസ്തുത പെൺകുട്ടി താമസിക്കുന്നത് എന്റെ ഇടവക അതിർത്തിയിൽതന്നെയാണ്. ഈ പെൺകുട്ടിയെ കത്തോലിക്കാ സഭയിൽ ചേർക്കേണ്ടത് എങ്ങനെയാണ്? എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത്?

വിവാഹത്തെക്കുറിച്ചുള്ള കാനോനിക നിയമങ്ങളാണ് ഒരു വ്യക്തി എപ്രകാരമാണ് കത്തോലിക്കാ സഭയിലെ അംഗമാകുന്നതെന്ന് വ്യക്തമാക്കുന്നത്. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള നിയമം (CIC) 1117, 1124 പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 834 §1 പ്രകാരം കത്തോലിക്കാ സഭയിലേയ്ക്കുള്ള അംഗത്വം രണ്ടു തരത്തിലാണ്.

1. കത്തോലിക്കാ സഭയിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിലൂടെ,

2. ജ്ഞാനസ്നാനം സ്വീകരിച്ച അകത്തോലിക്കാ വിശ്വാസിയെ കത്തോലിക്കാ സഭയിലേയ്ക്ക് സ്വീകരിക്കുന്നതിലൂടെ,

കത്തോലിക്കാ സഭയിലേയ്ക്ക് സ്വീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. കത്തോലിക്കാ സഭയിലേയ്ക്ക് ചേരാൻ ആഗ്രഹിക്കുന്ന അകത്തോലിക്കാ വിശ്വാസി ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളതിന്റെ തെളിവായി ജ്ഞാനസ്നാന സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കണം.

2. കഴിയുമെങ്കിൽ, ഇടവക മാറുമ്പോഴെന്നപോലെ, സഭാ മാറ്റത്തിനുള്ള കത്ത് അർതറി ഹാജരാക്കണം.

3. ആവശ്യമായ കത്തോലിക്കാ വിശ്വാസം അർതറി നേടുന്നു എന്ന് ഉറപ്പുവരുത്തുക.

4. കത്തോലിക്കാ സഭയുടെ ദിവ്യബലിയിലും മറ്റു ശുശ്രൂഷകളിലും സംവിധാനങ്ങളിലും അർതറി പങ്കെടുത്ത് പരിചയപ്പെടുക.

5. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ദിവ്യബലിമദ്ധ്യേ കത്തോലിക്കാ ദൈവാലയങ്ങളിൽ പ്രഘോഷിക്കപ്പെടുന്ന വിശ്വാസപ്രമാണം ഇടവക വികാരിയുടെ സാന്നിദ്ധ്യത്തിൽ അർതറി പ്രഘോഷിക്കുക.

മുകളിൽ സൂചിപ്പിച്ചവ പൂർത്തിയാകുന്നതോടെ കത്തോലിക്കാ സഭയിൽ ചേരാൻ ആഗ്രഹിച്ച അകത്തോലിക്കാ വിശ്വാസി കത്തോലിക്കാ സഭയിലെ അംഗമാകുന്നതാണ്. ഇടവകയുടെ ജ്ഞാനസ്നാന രജിസ്റ്ററിൽ, ഹാജരാക്കിയിട്ടുള്ള ജ്ഞാനസ്നാന സർട്ടിഫിക്കറ്റിലെ വിവരങ്ങൾ, ഉൾപ്പെടുത്തുകയും (പ്രത്യേക ജ്ഞാനസ്നാന രജിസ്റ്റർ അഭികാമ്യം) കത്തോലിക്കാ സഭയിലേയ്ക്ക് സ്വീകരിച്ച വിവരം, തീയതി ഉൾപ്പെടെ രേഖപ്പെടുത്തുകയും വേണം.

മേൽ സൂചിപ്പിച്ച വിവരണം അച്ചന്റെ സംശയങ്ങൾക്ക് മതിയായ നിവാരണം നല്കുന്നതാണ്. ■

യ അനുഭവം ഉണ്ടാകണമെന്ന് തോമസ് വാശി പിടിച്ചു. കണ്ണ് കൊണ്ടുകണ്ട ആണി പഴുതും, തൊട്ടറിഞ്ഞ വിലാവിലെ മുറിവുമാണ് തോമസിന്റെ വിശ്വാസത്തെ ദൃഢപെടുത്തിയത്. കാണുന്നത് മാത്രം വിശ്വസിക്കുന്നത് ശരിയല്ല എന്നു തോമസിനെ പഠിപ്പിക്കാനാണ്, കാണാതെ വിശ്വസിക്കുന്നവൻ ഭാഗ്യവാനാണെന്ന് യേശു പറഞ്ഞത്. തോമസിന്റെ വിശ്വാസത്തിന്റെ വഴി സ്നേഹം, സംശയം, അന്വേഷണം, അനുഭവം, വിശ്വാസ പ്രഖ്യാപനം എന്നിവയാണ്. കണ്ണുകൊണ്ടു കണ്ടത് വിശ്വസിക്കുകയും, വിശ്വസിച്ചത്അനുഭവിക്കുകയും, അനുഭവിച്ചത് ധൈര്യസമേതം ഏറ്റുപറയുകയും ചെയ്യുന്നിടത്താണ് തോമസിനെ പോലെ നമുക്കും ക്രിസ്തുവിന്റെന പടയാളിയാകാൻ സാധിക്കുന്നത്.

അവസാനമായി, വിശ്വാസം യാത്രയാണ്. വിശ്വാസത്തിന്റെ വാതിലിലൂടെയുള്ള പ്രവേശനം ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്ന യാത്രയാണ്. ജ്ഞാനസ്നാനത്തിൽ നിന്ന് ആരംഭിക്കുന്ന ഒരു വിശ്വാസിയുടെ വിശ്വാസ യാത്ര പൂർത്തിയാകുന്നത് മരണത്തിലൂടെ നിത്യജീവിതത്തിലേക്ക് പ്രവേശിക്കുന്നതിലൂടെയാണ്. പക്ഷേ, ഈ യാത്ര തനിച്ചല്ല, യേശുവിനോടൊത്തും ക്രിസ്തീയ സമൂഹത്തോടൊത്തും ചേർന്നു നിന്നുമാണ്. മാത്രമല്ല യേശു തന്നെയാണ് ഒരു വിശ്വാസിയുടെ വിശ്വാസ യാത്രയ്ക്കു മാതൃക. 'ക്രിസ്തുവുമായുള്ള നേർകാഴ്ചയുടെ സന്തോഷത്തിൻ മേലും നവീകൃതമായ ഉത്സാഹത്തിന്മേലും കൂടുതൽ വ്യക്തമായ വെളിച്ചം 'വിശ്വാസ വെളിച്ചം ചൊരിയുന്നതിനു വേണ്ടിയാണ് ജീവൻ സമൃദ്ധമായി നല്കുന്ന യേശുവുമായുള്ള സുഹൃദ്ബന്ധത്തിലേക്കുള്ള യാത്രയ്ക്കു വിശ്വാസികളെ സഭാനേതൃത്വം സഹായിക്കുന്നത്. ■

അജപാലനം

ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ

മതബോധന പ്രക്രിയയിൽ മാധ്യമങ്ങളുടെ ഉപയോഗം

നൂതന സമ്പർക്ക മാധ്യമങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ മതബോധന പ്രക്രിയയിൽ മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രയോജനകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

1. വിശ്വാസം ക്രിയാത്മകമായി കൈമാറുവാനായി ക്രൈസ്തവ മുദ്രകളും മൂല്യങ്ങളും ഉൾകൊള്ളുന്ന നാടോടി നൃത്തം, നാടകം, ചിത്രങ്ങൾ, ശില്പങ്ങൾ, സംഗീതം മുതലായ പരമ്പരാഗത സംസ്ക്കാരിക ഘടകങ്ങളെ പ്രയോജനപ്പെടുത്താവുന്നതാണ്.
2. സാമൂഹിക മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, ട്വിറ്റർ, ബ്ലോഗുകൾ, യൂട്യൂബ്, ഫ്ളിക്കർ എന്നിവയെ മതബോധന ശുശ്രൂഷയ്ക്കായി ഉപയോഗിക്കാം.
3. മതബോധകർക്ക് മാധ്യമങ്ങളെ കുറിച്ച് ശരിയായ അവബോധം നൽകുന്നത് വഴി മതബോധന ദൗത്യത്തിൽ അവർക്ക് മാധ്യമങ്ങളെ ഉപയോഗിക്കുവാൻ സാധിക്കും.
4. ദൃശ്യ-ശ്രവണ മാധ്യമങ്ങളുടെ ഉപയോഗം പരമ്പരാഗത ക്ലാസ്മുറി അന്തരീക്ഷത്തെ വളരെ വ്യത്യസ്തവും ക്രിയാത്മകവും ആക്കും. ഇത് മതബോധന വിദ്യാർത്ഥികളിൽ മാത്രമല്ല, വിശ്വാസ സമൂഹത്തിലേയ്ക്കും വ്യാപിപ്പിക്കുവാൻ സാധിക്കണം.
5. ഇടവക കാര്യാലയങ്ങളിൽ മതബോധനത്തിനായി നൂതന ദൃശ്യ-ശ്രവണ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തി ഒരു ഇ - ലൈബ്രറി സംവിധാനം ഒരുക്കാവുന്നതാണ്. ഡി.വി.ഡി.കൾ, പോസ്റ്ററുകൾ, ഡിജിറ്റൽ സ്ലൈഡുകൾ മുതലായവ ഇതുവഴി ലഭ്യമാക്കാവുന്നതാണ്.
6. ഓരോ ഇടവകയുടെ വെബ്സൈറ്റിൽ മതബോധനത്തിന് ആവശ്യമായ കാര്യങ്ങൾ അപലോഡ് ചെയ്യാനുള്ള സംവിധാനം ഒരുക്കാവുന്നതാണ്.
7. ഇടവക -ഫെറോന മതബോധന സമിതിക്ക് മതബോധനത്തിനായി വിഭവശേഷി, വൈദഗ്ദ്യം, ദൃശ്യ-ശ്രവണ മാധ്യമങ്ങൾ, എന്നിവ വികസിപ്പിക്കാവുന്നതാണ്.
8. മാധ്യമലോകത്തെ വിദഗ്ദരെ കണ്ടെത്തി ഓരോ ഇടവകകളിലും ഒരു മാധ്യമകൂട്ടായ്മയോ സൈബർ ക്ലബുകളോ തുടങ്ങുക; ഇതുവഴി സാമൂഹിക മാധ്യമങ്ങളുടെ ഗുണഭോഗങ്ങളെ കുറിച്ച് ചർച്ചചെയ്യുവാനും മനസ്സിലാക്കുവാനും സാധിക്കും.
9. മതബോധന സ്വീകർത്താക്കൾക്കും മതബോധകർക്കും സഹായകരമായി ഒരു ഇടവക മതബോധന മാസിക പ്രസിദ്ധീകരിക്കാവുന്നതാണ്.
10. യുവജനങ്ങൾക്കായി മാസത്തിൽ ഒരു ഞായറാഴ്ച എങ്കിലും ദൃശ്യശ്രവണ മാധ്യമങ്ങൾ ഉപയോഗിച്ച് മതബോധനം നല്കുന്ന ശീലം ഇടവകകളിൽ നടപ്പിലാക്കി യുവജനങ്ങൾക്കായുള്ള മതബോധനം കൂടുതൽ ആകർഷകമാക്കാവുന്നതാണ്.

മതബോധനത്തിൽ മാധ്യമങ്ങളെ ഉപയോഗിക്കുന്നതുവഴി ക്രിസ്തുവിനെ കണ്ടുമുട്ടി അവിടുന്നുമായി ഒന്നാകുന്ന മഹത്തായ ഒരു വിശ്വാസാനുഭവം സൃഷ്ടിക്കുവാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

തുടർമഴ 2

ഫാ. ലെനിൻ ഫെർണാണ്ടസ്

ധനികനായ മനുഷ്യൻ

ലൂക്ക 18:18 – 30 എന്ന സുവിശേഷഭാഗം ആധാരമായ കഥ

എനിക്കും അവനും അന്ന് ഒരേ വയസ്സായിരുന്നു, മുപ്പത്തി ഒന്ന്. രണ്ടു വർഷങ്ങൾ കൂടി കഴിഞ്ഞപ്പോൾ അവൻ ദാരുണമായി കുരിശിലേറ്റപ്പെട്ടു. മുപ്പതുവർഷങ്ങൾ കൂടി കഴിഞ്ഞു എനിക്ക് വയസ്സ്, അറുപത്തി ഒന്ന്. ജീവിതത്തിന്റെ സായന്തനമെത്തി. അവന്റെ വചനങ്ങൾ ഇന്ന് അലകൾ പോലെയാണ്, നിലയ്ക്കാതെ ഗർജ്ജിച്ചുകൊണ്ടേയിരിക്കുന്നു. ആയിരങ്ങൾ ഇന്നാട്ടിലും പുറംനാടുകളിലും അതിന്റെ മാസ്മരിക ശക്തി പ്രവാഹത്തിലൂടെ അവനാകുന്ന സാഗരത്തിൽ ലയിച്ചു ചേർന്നുകൊണ്ടിരിക്കുന്നു. എനിക്കതിന് ഇന്നും കഴിഞ്ഞിട്ടില്ല, ഒന്നുകൊണ്ടുമാത്രം, എന്റെ അടങ്ങാത്ത നശിച്ച ധനമോഹം. നിത്യജീവൻ കരഗതമാക്കാൻ എന്തുചെയ്യണം? എന്നൊരിക്കൽ ഞാൻ അവനോട് ചോദിച്ചതാണ്. ഉത്തരമായി അവൻ പറഞ്ഞതൊക്കെ ചെറുപ്പം മുതലേ ഞാൻ പാലിക്കുന്നുണ്ടായിരുന്നു. പ്രമാണങ്ങൾ പാലിക്കുക. എന്നാൽ ഒടുവിലവൻ പറഞ്ഞത് എന്നെ വല്ലാതെ ഉലച്ചു. നിനക്കുള്ളതെല്ലാം വിറ്റ് തെരുവോരങ്ങളിലെ പാവപ്പെട്ടവർക്ക് വീതിച്ചുകൊടുത്തിട്ട് എന്നെ അനുഗമിക്കുക. അവിടെ വച്ച് ഞാനവനെ വിട്ടുപോയി. അവനോട് വല്ലാത്തൊരു അഭിനിവേശം ഉണ്ടായിരുന്നിട്ടും സർവ്വം ത്യജിക്കാനുള്ള ത്യാഗമില്ലാത്തതുകൊണ്ട് അവനെ ഞാൻ ഉപേക്ഷിച്ചു.

അന്ന് സക്കേവൂസിനെ നോക്കി പലരും കളിയാക്കി വിളിച്ചത് ഞാനോർക്കുന്നു, ഭ്രാന്തൻ. അപഹരിച്ചതെല്ലാം നാലിരട്ടിയായി കൊടുത്ത് നഷ്ടമുണ്ടാക്കിയ തിരുമണ്ടൻ. അന്നും ഞാൻ ആശ്വസിച്ചത് ഇങ്ങനെയാണ്. ഞാനൊന്നും ആരിൽ നിന്നും അപഹരിച്ചിട്ടില്ലല്ലോ. എനിക്ക് പിതാമഹൻമാരിൽ നിന്നും കിട്ടിയത് ഞാൻ രാപകൽ അധ്വാനിച്ച് കനിയാക്കി മാറ്റി, അതെന്തിന് ഞാൻ

വെറുതെ കൊടുക്കണം. ഇന്നാണ് എനിക്ക് മനസ്സിലാകുന്നത് – അത് വെറുമൊരു കൊടുക്കലല്ല മറിച്ച് സ്വാതന്ത്ര്യത്തിലേക്കുള്ള പറന്നുയരലാണ് എന്ന്. അതാസ്വദിച്ച സക്കേവൂസിന് ഇന്ന് എഴുപത്തിഅഞ്ച് തികയുമ്പോഴും നിറയൗവനം. പൊക്കമില്ലെങ്കിലും അയാൾ സമാരാധ്യൻ. കൈയിൽ ഒന്നുമില്ലെങ്കിലും കൂടെ എന്നും ശിഷ്യഗണം. ആലപിക്കുന്നതൊക്കെ ആ നസ്രായന്റെ ഗീതങ്ങളായതിനാൽ കേട്ടിരിക്കാൻ എപ്പോഴും ഒരുകൂട്ടം തന്നെ ഉണ്ടാകും.

കട്ടിലിൽ കിടന്ന് അവൻ ഞരങ്ങി, അവൾ എന്റെ ഭാര്യ 'സമീറ' പറയുമായിരുന്നു, 'നിങ്ങളുടെ മക്കളുണ്ടല്ലോ അവർ നിങ്ങളേക്കാൾ പണക്കൊതിയന്മാരാണ്'' എന്ന്. സിനഗോഗിൽ നിന്ന് ഞങ്ങൾ ഒരുമിച്ച് വിട്ടിലേക്കു വരുമ്പോഴൊക്കെ അവൾ പറഞ്ഞിരുന്നു, ആ പട്ടിണി പാവങ്ങളെ കൈയ്യയഞ്ഞ് സഹായിക്കാൻ. എന്നാൽ അന്നൊക്കെ അവളുടെ നിർവാജ്യ സ്നേഹത്തെ കളിയാക്കി ചിരിച്ചു അവൻ.

നീയെന്റെ വെറും അടിമ, രാത്രികളിൽ നീയെനിക്കാവേശം, പകലുകളിൽ എന്റെ വീട്ടുജോലിക്കാരി. ആ മിഴികളിൽ ഞാൻ കാണാതെ പോയ കനിവിന് ഇത്ര മധുരമോ? എന്റെ പ്രിയേ നിന്നെ ഞാൻ ഓർക്കുന്നു വേദനയോടെ. നിന്റെ സാന്ത്വനത്തിന്റെ മർമ്മരമുണ്ടായിരുന്നെങ്കിൽ എനിക്കൊന്നുപിടിച്ചു നിൽക്കാൻ കഴിഞ്ഞേനെ. നീയാണ് സത്യം, നീയൊരു പ്രവാചികയായിരുന്നോ? എന്റെ ഈ ദിനങ്ങളെക്കുറിച്ച് നിനക്ക് തിരിച്ചറിവുണ്ടായിരുന്നെങ്കിൽ നിന്റെ വാക്കുകൾക്ക് അപൽപ്പം കൂടി കനമുണ്ടാക്കണമായിരുന്നു.

സമീറയുടെ മരണശേഷം ഈ വീട് യുദ്ധക്കളമായിരുന്നു. എല്ലാ മക്കൾക്കും വേണ്ടിയിരുന്നത് എന്റെ സ്വത്തുക്കൾ മാത്രം. വയലേലകൾ ഒരുവന്, കണ്ണെത്താത്ത ദൂരത്തെ ഒലിവുതോട്ടം വേറൊരുവന്. മുന്തിരിത്തോപ്പിനുവേണ്ടിയായിരുന്നു അടിപിടി; അത് ഞാൻ മറ്റു രണ്ടു മക്കൾക്കായി വീതിച്ചു. അവസാനം ഈ കിടപ്പാടം മാത്രം എനിക്ക്. ജീവിതത്തിന്റെ വസന്തകാലം കഴിഞ്ഞ് ഇലകൾ കൊഴിഞ്ഞ ശിശിരത്തിലാണ് ഞാനിന്ന്. എല്ലാമടുത്തെങ്കിലും ഒന്നും ആസ്വദിക്കാൻ കഴിയുന്നില്ല. വെട്ടിപ്പിടിച്ച പാടങ്ങളിലൂടെ ഒരു രാജാവിനെ പോലെ നടക്കുന്നു. എന്നാൽ കൈത്താങ്ങായി കൂട്ടുവരാൻ ഓമനിച്ചുവളർത്തിയ മക്കളില്ല. ചിരിക്കാനും കളിക്കാനും പേരക്കിടാങ്ങളുടെ സൗഹൃദമുണ്ടാകുമെന്നുകരുതി എന്നാൽ ഏകാന്തയുടെ തടവറയിലായി ഞാൻ ശ്വാസം മുട്ടി ജീവിക്കുന്നു. മരണം മാത്രം എന്നിൽ നിന്നും അകന്നു നിൽക്കുന്നു. ആഴമുള്ള നോട്ടം കൊണ്ടും ഹൃദ്യമായ പുഞ്ചിരികൊണ്ടും ആയിരങ്ങളെ ആകർഷിച്ച ഹേ നസ്രായനേ നീ ഒരിക്കലും പകരംവീട്ടുന്നവനായിരുന്നില്ലല്ലോ? എന്നാൽ മരണം നൽകാതെ നീയെന്തേ എന്നോടു പകരം വീട്ടുന്നു.

പുറം കാഴ്ചകളിലേക്കു തിരിഞ്ഞു കിടന്നപ്പോഴാണ് ഒരു തടിക്കഷ്ണം അവന്റെ കണ്ണുകളിൽപെട്ടത്. അത് തിളങ്ങുന്നുണ്ടായിരുന്നു. ഈ വേനൽക്കാലത്തും മഞ്ഞുകണങ്ങളോ? അവൻ വേച്ചു വേച്ചെഴുന്നേറ്റ് അതിന്റെ അടുക്കലെത്തി. കാഴ്ച കുറേക്കൂടി വ്യക്തമായി അത് വെറും രണ്ട് തടികഷ്ണങ്ങളായിരുന്നു. അവന്റെ കാഴ്ചയ്ക്കു വെളിവേകുവാൻ മാത്രം അൽപ്പനേരത്തേക്ക് സ്വർഗം വിട്ടുകൊടുത്ത മാലാഖമാരായിരുന്നിരിക്കണം ആ മഞ്ഞുകണങ്ങൾ. ആ തടിക്കഷ്ണങ്ങൾ നെടുകയും കുറുകയും വച്ചപ്പോഴാണ് അവൻ തിരിച്ചറിഞ്ഞത് അവന്റെ ഹൃദയത്തിൽ പ്രതീക്ഷയുടെ നീർപ്രവാഹങ്ങൾ പൊട്ടിമുളക്കുന്നുവെന്ന്. ചടഞ്ഞിരുന്നവൻ ആ തടിക്കഷ്ണങ്ങളെ ഒരു കുരിശാകൃതിയിൽ വരിഞ്ഞുകെട്ടി. അവന്റെ ചിന്തകളിൽ ഗാഗുൾത്താമലയിലേക്കുള്ള നസ്രായന്റെ അന്ത്യയാത്ര ആൾകൂട്ടത്തിലെ ആരവമായി പ്രതിധ്വനിച്ചു. അവന്റെ കട്ടിലിന്റെ ഇടതുവശം ആ കുരിശിൽ അവൻ കൊണ്ടുചെന്നു വച്ചു. തിരിച്ചറിവിന്റെ ഈ ജാലകവാതിൽ എന്റെ നേർക്കു തുറന്നപ്പോൾ വിങ്ങുന്ന ഹൃദയവുമായെ എനിക്ക് നിന്നെ വരവേൽക്കാനാവുന്നുള്ളൂ എന്നവൻ പിറുപിറുത്തു. വേദനകളിൽ ആശ്വാസമായി, ഏകാന്തതകളിൽ സമീപ്യമായി, ഒരിക്കലും പകരം വീട്ടാത്ത ഉത്തമ സൗഹൃദമായി ഇനി കണ്ണടയുംവരെ വരിഞ്ഞുകെട്ടിയ കുരിശേ, നീയെന്റെ കൂടെയുണ്ട്. അതെ എനിക്കു വ്യക്തമായി കേൾക്കാം, ആ നസ്രായന്റെ ശിഷ്യരിലാരോ ഒരുവൻ തെരുവീഥിയിൽ നിന്ന് ഉറക്കെ പറയുന്നത്: "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ തന്നെ തന്നെ പരിത്യജിച്ച് കുരുശുമെടുത്ത് എന്നെ അനുഗമിക്കൂ.''

■

മുതലപ്പൊഴിയിലെ അശാസ്ത്രീയ

അഞ്ചുതെങ്ങ്: 43 പേരുടെ ജീവൻ അപഹരിച്ച മുതലപ്പൊഴിയിലെ അശാസ്ത്രീയ പുലിമുട്ട് എത്രയും വേഗം നീക്കം ചെയ്ത് ഈ പ്രദേശത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് അഞ്ചുതെങ്ങ് മാമ്പള്ളി പ്രദേശത്തെ ജനങ്ങൾ സർക്കാരിനോട് ആവശ്യപ്പെട്ടു.

കടലിനെയും കടൽ സമ്പത്തിനെയും ആശ്രയിച്ചുകഴിയുന്ന അഞ്ചുതെങ്ങ് തീരപ്രദേശത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സമരം ചെയ്തുവാങ്ങിയതാണ് മത്സ്യത്തൊഴിലാളികൾക്ക് ഇന്ന് തീരാവിനയായി തീർന്ന മുതലപ്പൊഴിയിലെ പുലിമുട്ട്. 2000 ത്തിൽ തീരദേശവാസികളുടെ ആവശ്യം അനുസരിച്ച് നിർമ്മാണം ആരംഭിച്ച പുലിമുട്ട് ഇതിനോടകം 43 പേരുടെ ജീവൻ അപഹരിച്ചു. പുലിമുട്ട് നിർമാണത്തിലെ അപാകതയാണ് മുതലപ്പൊഴിയിലെ അപകടങ്ങൾക്ക് കാരണം.

ചെന്നൈയിലെ ഐഐടിയുടെ രൂപരേഖ അനുസരിച്ച് നിർമ്മാണം ആരംഭിച്ച ആദ്യപുലിമുട്ട് പിന്നീട് നടന്ന പഠനത്തിൽ ശരിയായരീതിയിലുള്ളതല്ലെന്ന് കണ്ടെത്തി. രണ്ടാമത് പുതിയൊരു രൂപരേഖയുടെ അടിസ്ഥാനത്തിൽ വീണ്ടും നിർമ്മിക്കുകയായിരുന്നു. ഇതുവഴി ആദ്യപുലിമുട്ടു നിർമ്മാണത്തിന് ഉപയോഗിച്ച കരിങ്കല്ലുകൾ മുഴുവൻ അപ്പാടെ കടലിൽ തന്നെ നിക്ഷേപിച്ച് രണ്ടാമത്തെ പുലിമുട്ട് നിർമ്മാണം ആരംഭിച്ചതാണ് ഇന്നത്തെ ഈ അസ്വസ്ഥതയ്ക്കും അപകടമരണങ്ങൾക്കും കാരണം. പരമ്പരാഗത അറിവുകളുടെ പശ്ചാത്തലത്തിൽ പണിക്കുപോയിരുന്ന തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ഇന്നത് അസാധ്യമായിരിക്കുന്നു. അശാസ്ത്രീയമായ പുലിമുട്ട് നിർമ്മാണത്തിലൂടെ കടലിന്റെ സ്വഭാവം മാറി. തീരം കുറഞ്ഞ് അടിയൊഴുക്കുകൾ ശക്തമായി. അപകടമരണങ്ങൾ നിത്യസംഭവമായി. മുതലപ്പൊഴിഭാഗത്ത് അപകടത്തിൽപ്പെട്ട് മരണമടഞ്ഞ 43 പേരിൽ 36 പേരും പുലിമുട്ടുഭാഗത്തെ അടിയൊഴുക്കിൽപ്പെട്ടാണ് മരണമടഞ്ഞത്. തലയിൽ ഗുരുതരമായി പരിക്കേറ്റാണ് ഇവരിലേറെപ്പേരും മരണമടഞ്ഞത്. ശക്തമായ അടിയൊഴുക്കുമൂലം അപകടങ്ങളിൽപ്പെടുന്നവർ അശാസ്ത്രീയമായി നിർമ്മിച്ച പുലിമുട്ടുകളിൽ വന്നിടിച്ച് ഗുരുതരമായി പരിക്കേറ്റാണ് മരണം വരിച്ചത്.

മുതലപ്പൊഴിയിലെ അശാസ്ത്രീയമായ പുലിമുട്ടുനിർമ്മാണം മൂലം ദുരിതപരിഹരിക്കണമെന്നാവശ്യപ്പെട്ട് നടന്ന ഉപരോധ സമരത്തിന് ഐക്യദാർഢ്യം ഡോ. സൂസപാക്യം സംസാരിക്കുന്നു. അഞ്ചുതെങ്ങ് ഫെറോനാ വികാരി

സാധാരണതിയിൽ കടലിൽ മരണപ്പെട്ടാൽ മൂന്നാംപക്കം മൃതശരീരം കരയ്ക്ക് അടിയും. എന്നാൽ മൃതദേഹം കിട്ടാത്ത സാഹചര്യം തന്നെ ഇവിടെയുണ്ടായിട്ടുണ്ട്. ഒരാളെ കാണാതായി ഏഴ് വർഷം കഴിഞ്ഞാലേ മരിച്ചതായി കണക്കാക്കുകയുള്ളൂ. ഇത് മരിച്ചയാളുടെ കുടുംബങ്ങൾക്ക് ധനസഹായം കിട്ടാൻ വൈകുന്നതിന് കാരണമാകുന്നുണ്ട്.

മുതലപ്പൊഴിയിലെ കാലാവസ്ഥയ്ക്കും പരിസ്ഥിതിക്കും അനുയോജ്യമല്ലാത്ത വിധം നിർമ്മിച്ച പുലിമുട്ടിൽ നിർദ്ദേശങ്ങളനുസരിച്ചുള്ള പരിപാലനങ്ങൾ നടക്കുന്നില്ല. പുലിമു

പുലിമുട്ട് നീക്കം ചെയ്യണം

ത്തിലായ അഞ്ചുതെങ്ങ് പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പ്രഖ്യാപിച്ച് തിരുവനന്തപുരം ലത്തീൻ രൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഫാ. ഭാസ്കർ ജോസഫ് ഫാ. പ്രദീപ് ജോസഫ്, ഫാ. ഷാജൻ ജോസ് എന്നിവർ സമീപം

ട്ടിലെ മണ്ണ് മുതലപ്പൊഴിയുടെ തെക്കു ഭാഗത്ത് അടിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ അടിഞ്ഞുചേരുന്ന മണ്ണ് സാൻഡ് ബൈപാസിംഗ് നടത്തണമെന്നാണ് നിർദ്ദേശം. എന്നാൽ നടപ്പാക്കുന്നില്ല. ഇതുകാരണം കടപ്പുറം ഇല്ലാതാവുകയും കടൽഭിത്തി താഴുകയും ചെയ്യുന്നു. ഇത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്കാണ് വഴി വയ്ക്കുന്നത്. കടലെടുക്കുന്ന തീരവും വീടും ഇന്നത്തെ സ്ഥിരം കാഴ്ചകളാകുന്നതിന്റെ പ്രധാനകാരണമാണ് ഇവ. പണ്ട് 250 കിലോമീറ്റർ കടപ്പുറം ഉണ്ടായിരുന്ന ഭാഗത്ത് ഇപ്പോൾ ഒരു പത്ത് കിലോമീ മാത്രമാണുള്ളത്. കായലിൽ നിന്ന് വള്ളമിറക്കുമ്പോൾ തിരയടിക്കുകയും അപകടമുണ്ടാകുകയുമാണ് ചെയ്യുന്നത്. പുലിമുട്ട് കടൽത്തീരത്തെ നാമാവശേഷമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. പാലത്തിന് സമാന്തരമായി 800 മീറ്ററോളമാണ് പുലിമുട്ട് നിലവിൽ ഉള്ളത്. പുലിമുട്ടിന്റെ നീളം കൂടുന്തോറും കടലാക്രമണത്തിന്റെ തോത് വർധിക്കുന്നുണ്ടെന്നാണ് മത്സ്യത്തൊഴിലാളികൾ പറയുന്നത്.

കടലിലെ അപകടങ്ങൾ നിരന്തര കാഴ്ചകളാകുന്ന സാഹചര്യത്തിൽ അഞ്ചുതെങ്ങ്, മാമ്പള്ളി, മുതലപ്പൊഴി തീരങ്ങളിലെ തൊഴിലാളികൾ പ്രതിഷേധ സമരങ്ങൾ നടത്തിയിരുന്നു. ജൂലൈ 18 ന് അഞ്ചുതെങ്ങിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ ജില്ലാ കളക്ടർ വാസുകി എത്തുകയും മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ കേൾക്കുകയും ദുരിതബാധിത മേഖല സന്ദർശിക്കുകയും ചെയ്തു. അഞ്ചുതെങ്ങ് ഫെറോനയിലെ മുഴുവൻ ഇടവകയിലെ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് മാർച്ച് സംഘടിപ്പിച്ചത് ഇതിനെ തുടർന്ന് നടന്ന യോഗത്തിൽ തിരുവനന്തപുരം അതിരൂപത മെത്രാപ്പൊലീത്ത ഡോ. സൂസപാക്യം സമരത്തിന് ഐക്യദാർഢ്യവുമായി രംഗത്തെത്തി. മഴക്കാലം കഴിയുന്നതോടെ മുതലപ്പൊഴിയിലെ ന്യൂനതകൾ പരിഹരിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുമെന്നും മരണമടഞ്ഞവരുടെയും വീട് നഷ്ടമായവരുടെയും കുടുംബങ്ങൾക്ക് അർഹമായ പരിഗണന നൽകി സഹായങ്ങൾ കൈമാറുമെന്നും കളക്ടർ അറിയിച്ചു.

ഹാർബർ എൻജിനീയറിംഗ് വകുപ്പാണ് പുലിമുട്ട് നിർമ്മാണം നടപ്പിലാക്കുന്നത്. അതിന്റെ പഠനങ്ങൾക്കും മറ്റുമായി വിവിധ ഏജൻസികളെ ഏല്പിക്കും. കേരളത്തിൽ പുലിമുട്ട് കെട്ടാതെ തുറമുഖ നിർമ്മാണം സാധ്യമല്ലെന്നാണ് ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ ചീഫ് എൻജിനീയർ അനിൽകുമാർ പൊഴിയൂർ തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട ചടങ്ങിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത്. തദ്ദേശീയരായ ആളുകളുടെ അഭിപ്രായവും ശേഖരിച്ച് പഠനം നടത്തി വേണം പുലിമുട്ട് നിർമ്മിക്കാനെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി മേഴ്സിക്കുട്ടി നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.സി.വൈ.എം. ഷൈജു റോബിൻ സെക്രട്ടറി

ഷൈജു റോബിൻ

സന്തോഷ്കുമാർ

തിരുവനന്തപുരം: കെ.സി.വൈ.എം. - എൽ.സി.വൈ.എം. തിരുവനന്തപുരം ലത്തീൻ അതിരൂപത ജനറൽ സെക്രട്ടറിയായി ഷൈജു റോബിനെയും (മുടവൻമുകൾ) ട്രഷററായി സന്തോഷ് കുമാറിനെയും (പുന്നയ്ക്കാമുഗൾ) സെക്രട്ടറിയായി കുമാരി അൽബീനയേയും (പള്ളം) തെരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾക്ക് അതിരൂപത സമിതിയുടെ അഭിനന്ദനങ്ങൾ.

ഡോക്ടറേറ്റ് കരസ്ഥമാക്കി

തിരുവനന്തപുരം: കോമേഴ്സിൽ പിഎച്ച്ഡി (കേരള) നേടിയ തുമ്പ സെന്റ് സേവിയേഴ്സ് കോളേജ് അധ്യാപിക മേരി അനിത റൂബൻ. തിരുവനന്തപുരം വലിയതുറ ഇടവകയിൽ പരേതരായ മൈക്കൽ റൂബിന്റെയും സ്റ്റെല്ലയുടെയും മകളും, ആലപ്പുഴ സ്വദേശി പോൾ ജോർജ്ജ് സൈമന്റെ ഭാര്യയുമാണ്.

കുമ്പസാരം: കേന്ദ്ര വനിതാ ലംഘനം: ആർച്ച്ബിഷപ്പ്

കത്തോലിക്കാസഭയിൽ കുമ്പസാരം നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര വനിതാ കമ്മിഷൻ അധ്യക്ഷ രേഖ ശർമ്മ കേന്ദ്ര സർക്കാരിന് നൽകിയ ശുപാർശയോട് പ്രതികരിച്ചുകൊണ്ട് കെസിബിസി പ്രസിഡന്റും തിരുവനന്തപുരം അതിരൂപതാ അധ്യക്ഷനുമായ ആർച്ച്ബിഷപ് ഡോ. സൂസപാക്യം വാർത്താസമ്മേളനത്തിൽ പ്രസിദ്ധീകരണത്തിന് നൽകിയ പ്രസ്താവനയുടെ പൂർണ്ണരൂപം.

കുമ്പസാരത്തെക്കുറിച്ചുള്ള വാർത്തകളും ചർച്ചകളും വാദപ്രതിവാദങ്ങളും നടന്നുകൊണ്ടിരിക്കുന്ന ഒരു അവസരമാണല്ലോ ഇത്. ഇക്കാര്യത്തിൽ എന്റെ നിലപാടുകൾ അറിയാൻ ഏതാനുംപേർ എന്നെ സമീപിച്ചിരുന്നു. ഒന്നുരണ്ടു ചിന്തകൾ പങ്കുവയ്ക്കുവാൻ ഞാനും ആഗ്രഹിച്ചു. അതിനായി ഇതുപോലൊരു പത്രസമ്മേളനം വിളിച്ചുകൂട്ടാൻ ആഗ്രഹിച്ചതല്ല. എങ്കിലും ഇന്നത്തെ സംഭവവികാസങ്ങളിൽ നിങ്ങൾ എത്രമാത്രം താല്പര്യം കാണിക്കുന്നു എന്നതിന്റെ തെളിവാണ് ഇവിടത്തെ നിങ്ങളുടെയെല്ലാം സാന്നിദ്ധ്യം.

കുമ്പസാരത്തെക്കുറിച്ചുതന്നെ ഏതാനും കാര്യങ്ങൾ പറഞ്ഞുതുടങ്ങാം കുമ്പസാരം ക്രൈസ്തവ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും ഒരു അവിഭാജ്യഘടകമാണ്.

നൂറ്റാണ്ടുകളായി ക്രൈസ്തവ സഭകൾ ആചരിച്ചുവരുന്ന ഒരു ഭക്താഭ്യാസമാണ് കുമ്പസാരം.

തെറ്റു ചെയ്യുമ്പോൾ സ്വാഭാവികമായി അനുഭവപ്പെടാവുന്ന അസ്വസ്ഥകളെ അതിജീവിക്കുവാനും തെറ്റുകൾക്ക് പരിഹാരം ചെയ്യുവാനും ഒരു മനഃശാസ്ത്ര വിദഗ്ദൻ നല്കുന്ന മാർഗ്ഗനിർദ്ദേശത്തെക്കാളുപരി കുമ്പസാരം ഒരു കൂദാശയാണ്.

കൂദാശയെന്നു പറയുമ്പോൾ ദൈവവുമായി ബന്ധപ്പെടാനും ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞുകൊണ്ട് തെറ്റുകൾക്ക് മാപ്പ് ലഭിക്കുമെന്ന് ഉറപ്പുവരുത്തുവാനും ജീവിതം നവീകരിക്കാനും സഹായിക്കുന്ന ഒരു ഉപാധിയാണ്.

പുരോഹിതൻ ഒരു ഉപകരണം അഥവാ പ്രതിനിധി അഥവാ അടയാളം മാത്രമാണ്. കുമ്പസാരിക്കുന്നവർ പുരോഹിതനോടല്ല, ദൈവത്തോടാണ് പാപങ്ങൾ ഏറ്റുപറയുന്നത്. ദൈവമാണ് അവർക്ക് മാപ്പ് നല്കുന്നത്.

ജീവൻതന്നെ ബലികഴിക്കേണ്ടിവന്നാലും കുമ്പസാര രഹസ്യം പാലിക്കാൻ പുരോഹിതൻ കടപ്പെട്ടവനാണ്.

രാഷ്ട്രത്തിന്റെ നിയമങ്ങളും ദൈവത്തോടുള്ള വിശ്വസ്തതയും പൊരുത്തപ്പെടാതെ വരുമ്പോൾ ജീവൻ ബലികഴിച്ചും കുമ്പസാര രഹസ്യം സൂക്ഷിക്കണമെന്നുതന്നെയാണ് ഇന്നും സഭ പഠിപ്പിക്കുന്നത്.

പാപംമോചിക്കാനുള്ള അധികാരം വൈദികർക്കുമാത്രമുള്ളതാണ്. കുമ്പസാരക്കൂട്ടിലെ പുരോഹിതൻ ദൈവത്തിന്റെ ഉപകരണം മാത്രമാണ്. പൗരോഹിത്യസ്വീകരണത്തിലൂടെയാണ് ഒരാൾ പാപങ്ങൾ മോചിക്കാനുള്ള ദൈവത്തിന്റെ ഉപകരണമായി തീരുന്നത്. കത്തോലിക്കാസഭയുടെ കീഴ്വഴക്കമനുസരിച്ച് പുരുഷന്മാർക്ക് മാത്രമേ പൗരോഹിത്യം നല്കാറുള്ളൂ.

കത്തോലിക്കാ സഭയുടെയും ഓർത്തഡോക്സ് യാക്കോബായ സഭകളുടെയും വിശ്വാസത്തെക്കുറിച്ചാണ് ഞാൻ ഇവിടെ പരാമർശിച്ചത്. (ഇതിൽനിന്നും വ്യത്യസ്തമായി പഠിപ്പിക്കുന്ന സഭകളുണ്ടാവാം.

ഇന്നത്തെ ഈ ചർച്ചകളും വാദപ്രതിവാദങ്ങളും സഭയ്ക്കുള്ളിലും പുറത്തും കുറെയൊക്കെ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ കാരണമായിട്ടുണ്ട്.) പൗരാണിക ക്രൈസ്തവ വിഭാഗങ്ങളായ കത്തോലിക്കരും ഓർത്തഡോക്സ് - യാക്കോബായ സഭകളും കുമ്പസാരത്തെയും കൂദാശകളെയും തങ്ങളുടെ വിശ്വാസത്തിന്റെയും ആരാധനാ ജീവിതത്തിന്റെയും സുപ്രധാന

കമ്മിഷൻ നിലപാട് മതസ്വാതന്ത്ര്യത്തിന്റെ ഡോ. സൂസപാക്യം

ഘടകങ്ങളായി കരുതുന്നവരാണ്. അങ്ങനെ കരുതാത്ത സഭാവിഭാഗങ്ങളുണ്ട്. ഓരോ വിഭാഗങ്ങൾക്കും അവരുടെ വിശ്വാസ - ആരാധന ക്രമങ്ങളുടെ ഭക്താഭ്യാസങ്ങൾ അനുഷ്ഠിക്കുവാൻവേണ്ട ഭരണഘടനാപരമായ അവകാശവും സ്വാതന്ത്ര്യവും ഉണ്ട് എന്ന കാര്യം നാം വിസ്മരിക്കരുത്.

കുമ്പസാരത്തിന്റെ പവിത്രതയെ ലാഘവബുദ്ധിയോടെ കാണുകയും ദുരുപയോഗിക്കുകയും ചെയ്യുന്ന ചുരുക്കം സഭാശുശ്രൂഷകർതന്നെയുണ്ടാവാം. നിഷേധിക്കുന്നില്ല.

ഇതുമായി ബന്ധപ്പെട്ട ഇന്നത്തെ പ്രശ്നം നിങ്ങൾക്കു അറിയാവുന്നതാണല്ലോ. ഒരു പുരോഹിതൻ തന്റെപക്കൽ പാപങ്ങൾ ഏറ്റുപറഞ്ഞ ഒരു സ്ത്രീയുടെ കുമ്പസാര രഹസ്യം വെളിപ്പെടുത്തുകയും മറ്റ് മൂന്ന് പുരോഹിതന്മാരോടൊപ്പം ആ സ്ത്രീയെ ലൈംഗീകമായി പീഡിപ്പിക്കുകയും ചെയ്തു എന്നതാണ് ആരോപണം. അന്വേഷണം നടന്നുകൊണ്ടിരിക്കു ന്നതേയുള്ളു. സത്യത്തിന്റെ അടിസ്ഥാനത്തിൽ തീർച്ചയായും സഭയുടെ ഭാഗത്തുനിന്നും സമൂഹത്തിന്റെ ഭാഗത്തുനിന്നും വേണ്ടത്ര തിരുത്തലുകളും ശിക്ഷണ നടപടികളുമുണ്ടാവും.

ആരോപിക്കപ്പെടുന്ന തെറ്റുകളുടെ സത്യാവസ്ഥ കണ്ടെത്തുവാനുള്ള എല്ലാവിധ അന്വേഷണങ്ങളോടും സഭാ സംവിധാനങ്ങൾ അങ്ങേയറ്റം സഹകരിക്കുന്നുണ്ട്. ഇക്കാര്യങ്ങളിൽ കത്തോലിക്കാസഭയെപ്പോലെ തന്നെ ഓർത്തഡോക്സ് - യാക്കോബായ തുടങ്ങിയ മറ്റ് സഭകൾക്കും തുറന്ന സമീപനമാണുള്ളത്.

എന്നാൽ ഇതിനൊന്നും കാത്തുനില്ക്കാതെ ദേശീയ വനിതാകമ്മീഷൻ തന്നെ വിധി പ്രസ്താവിക്കുകയും തെറ്റുകാരെന്ന് കരുതപ്പെടുന്നവരെ മാത്രമല്ല, ക്രിസ്തീയ സഭയെ മുഴുവനും അവഹേളിക്കുന്ന തരത്തിലുള്ള സമീപനമാണ് സ്വീകരിക്കുന്നത്.

നൂറ്റാണ്ടുകളായി സാർവ്വത്രികസഭ ആചരിച്ചുവരുന്ന കുമ്പസാരമെന്ന ഭക്താഭ്യാസം ഇതിന്റെ പശ്ചാത്തലത്തിൽ നിരോധിക്കണമെന്ന് ദേശീയ വനിതാകമ്മിഷൻ കേന്ദ്ര സർക്കാരിനു സമർപ്പിച്ചുവെന്ന് പറയുന്ന റിപ്പോർട്ട് വളരെയേറെ വികലവും വിചിത്രവുമായി തോന്നുന്നു. സ്ത്രീകൾ പുരുഷന്മാരായ പുരോഹിതരോട് കുമ്പസാരിക്കുന്നത് നിരോധിക്കണമെന്നാണ് വനിതാകമ്മിഷൻ ശുപാർശ ചെയ്തിരിക്കുന്നത്.

വേണ്ടത്ര അന്വേഷണത്തിനും വിലയിരുത്തലിനും ശേഷം വനിതാകമ്മിഷന് അതിന്റെ കണ്ടെത്തലുകളും വിലയിരുത്തലുകളും നിരീക്ഷണങ്ങളും ഉത്തരവാദിത്വപ്പെട്ടവരെ അറിയിക്കേണ്ട സ്വാതന്ത്ര്യം ഉണ്ട്. നിഷേധിക്കുന്നില്ല. എന്നാൽ, ഉപരിപ്ലവമായ ചില കണ്ടുമുട്ടലുകൾക്കുശേഷം തങ്ങളുടെ അധികാര പരിധിയുംകടന്ന് സഭയിൽ പ്രത്യേകിച്ചും സ്ത്രീകൾക്ക് കുമ്പസാരം തന്നെ പാടില്ല എന്നു പറയുന്ന വനിതാ കമ്മിഷന്റെ ധാർഷ്ട്യത്തെയാണ് ഞങ്ങൾ ചോദ്യംചെയ്യുന്നത്.

ക്രിസ്തീയ വിശ്വാസികളിൽ വളരെയേറെ സംശയങ്ങളും ആശങ്കകളുമുളവാക്കുന്ന ഒരു സമീപനമാണ് ദേശീയ വനിതാകമ്മിഷൻ സ്വീകരിച്ചിരിക്കുന്നത്.

ഇതിന്റെ പിന്നിൽ മുൻവിധിയുണ്ട്. ക്രിസ്തീയ ആചാരങ്ങളോടും പാരമ്പര്യങ്ങളോടും വെറുപ്പും വിദ്വേഷവും പ്രതിഫലിപ്പിക്കുന്ന ഒരു സമീപനമാണിത്.

ഇനിയും തെളിയിക്കപ്പെടാത്ത ഒറ്റപ്പെട്ട സംഭവത്തിന്റെ പേരിൽ, സഭയിലെ ഉത്തരവാദിത്വപ്പെട്ടവരുമായി ആലോചിക്കാതെ കുമ്പസാരത്തിന്റെ ദൈവശാസ്ത്രപരവും ധാർമ്മികവും മനഃശാസ്ത്രപരവുമായ വശങ്ങളെ ചോദ്യം ചെയ്യുകയും അവഗണിക്കുകയും ചെയ്യുന്ന ഒരു പ്രവണതയാണിത്. ഇന്ത്യൻ ഭരണഘടന നല്കുന്ന മതസ്വാതന്ത്ര്യത്തിന്റെ ലംഘനമാണിത്.

നിക്ഷിപ്ത താല്പര്യങ്ങളോടെ സമൂഹത്തിൽ മതസ്പർധ വളർത്തി സമൂഹത്തിൽ സംഘർഷങ്ങൾ സൃഷ്ടിക്കുവാനുള്ള കണക്കുകൂട്ടിയുള്ള ശ്രമങ്ങളുടെ ഭാഗമാണിതെന്ന് ഞങ്ങൾ സംശയിക്കുന്നു.

അപ്രകാരമൊരു ഗൂഢാലോചന തങ്ങളുടെ ഭാഗത്തുനിന്നുണ്ടാവുകയില്ല എന്ന് ഭരണത്തിലിരിക്കുന്നവർ ആണയിട്ട് പറയുന്നുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ദേശീയ വനിതാ കമ്മിഷന്റേതുപോലുള്ള വികലവും വിചിത്രവുമായ ഇത്തരം സമീപനരീതികളെ നിയന്ത്രിച്ച് ആത്മാർത്ഥത തെളിയിക്കേണ്ട ഒരു അവസരമാണിത്. ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രധാനമന്ത്രിക്കുതന്നെ ഞങ്ങൾ നിവേദനം സമർപ്പിക്കുന്നുണ്ട്.

ഭാവിയെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് ആശങ്കകളുണ്ട്, സംശയങ്ങളുണ്ട്, വേദനകളുണ്ട്. തെറ്റുകൾ തിരുത്തപ്പെടും; ശിക്ഷണ നടപടികളുണ്ടാവും. എന്നാൽ ഭയത്തിന്റെ ലവലേശംപോലുമില്ല. സഭയുടെ വിശ്വാസത്തിലുറച്ചുനിന്നുകൊണ്ട് ക്രിസ്തീയ മൂല്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് എന്തും സഹിച്ചുകൊണ്ട് എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ചുകൊണ്ട് ദൈവസഹായത്താൽ ഞങ്ങൾ മുന്നോട്ടുപോവുകതന്നെ ചെയ്യും.

ഓരോ കാലഘട്ടത്തിലും സഭയ്ക്ക് പ്രതിസന്ധികളി ലൂടെ കടന്നുപോകേണ്ടിവന്നിട്ടുണ്ട്. അപമാനവും വേദനയും സഹിക്കേണ്ടതായ സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. തിരുത്തലുകളും ശിക്ഷണ നടപടികളുമുണ്ടായിട്ടുണ്ട്. എന്നാൽ, പ്രതിസന്ധികൾ സഭയെ ഒരിക്കലും തളർത്തിയിട്ടില്ല, വളർത്തിയിട്ടേയുള്ളു. സഭയെ ഒന്നിനൊന്ന് ശുദ്ധീകരിക്കാനും സഭയുടെ ഐക്യം പൂർവ്വാധികം ദൃഢമാക്കുവാനും പ്രതിസന്ധികളിലൂടെയുള്ള കടന്നുപോകൽ സഹായിച്ചിട്ടേയുള്ളു എന്നതാണ് ചരിത്ര സത്യം. എന്റെ കാഴ്ചപ്പാടിൽ അതിനുള്ള അവസരമായിട്ടാണ് ഇന്ന് ഭാരതത്തിൽ സഭ നേരിടുന്ന പ്രതിസന്ധികളെ ഞാൻ കാണുന്നത്.

വാർത്തകൾ

ബോധവൽക്കരണ ക്ലാസ്

പേട്ട: പേട്ട ഫെറോനയിലെ സെന്റ് ആൻസ് ദൈവാലയത്തിൽ വച്ച് റ്റി.എസ്.എസ്.എസ്ന്റെ നേതൃത്വത്തിൽ ലഹരിവസ്തുക്കളുടെ ദുഷ്യവശങ്ങളെക്കുറിച്ച് മതബോധനകുട്ടികൾക്കും യുവജനങ്ങൾക്കും ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചു. ഇതോടൊപ്പം ഷോർട്ട് ഫിലിം പ്രദർശനവും നടന്നു. ഫെറോന ആനിമേറ്റർ ബിയാട്രീസ് നേതൃത്വം നൽകി.

ജൈവവളകൃഷി

പേട്ട: പേട്ട ഫെറോനയിലെ കുമാരപുരം പാരിഷ് ഹാളിൽ വച്ച് റ്റി.എസ്.എസ്.എസ്, കെ.എൽ.എം. അംഗങ്ങൾക്കായി ജൈവവളകൃഷിയും അടുക്കളത്തോട്ട നിർമ്മാണവും എന്ന വിഷയത്തിൽ പരിശീലനം നൽകി. ആനയറ കൃഷി ഓഫീസർ ജോമി ജേക്കബ് ക്ലാസിന് നേതൃത്വം നൽകി. 50 അംഗങ്ങൾക്ക് വിത്ത്, വളം, ഗ്രോ ബാഗ് എന്നിവ വിതരണം ചെയ്തു.

പരിസ്ഥിതി ദിനാചരണം

തിരുവനന്തപുരം: വലിയതുറ ഫെറോനയിൽ റ്റി.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം ചെറുവെട്ടുകാട് ഇടവകയിൽവച്ച് നടത്തി. ഫെറോന വികാരി റവ.ഫാ. സൈറസ് കളത്തിൽ ദിനാചരണം ഉത്ഘാടനം ചെയ്തു. ഫെറോന കോഡിനേറ്റർ ഫാ. പോൾ.ജി, വെട്ടുകാട് വാർഡ് കൗൺസിലർ മേരിലില്ലി, സിസ്റ്റർ സലോമി, ഇടവകവികാരി ഫാ. ജോസ് ദിലീപ് എന്നിവർ പ്രസംഗിച്ചു.

ലത്തീൻ അതിരൂപത 'കരുണാമയൻ' കാരുണ്യ പദ്ധതിക്ക് തുടക്കമായി

കരുണാമയൻ കാരുണ്യ പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി മേഴ്സിക്കുട്ടിയമ്മ നിലവിളക്കുകൊളുത്തി നിർവഹിക്കുന്നു. ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, സൂര്യാ കൃഷ്ണമൂർത്തി, ഡോ. കെവിൻ, ഫാ. എ.ആർ.ജോൺ, ഫാ. തിയോഡേഷ്യസ് ഡിക്രൂസ് സമീപം.

തിരുവനന്തപുരം: ലത്തീൻ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷയുടെ 'കരുണാമയൻ' കാരുണ്യ പദ്ധതിക്ക് തുടക്കമായി. മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്തു. ഓഖി ദുരന്തസമയത്ത് സ്നേഹത്തിന്റെ വാക്കുകൾക്ക് പകരം വിദ്വേഷത്തിന്റെയും പകയുടെയും വാക്കുകൾ താൻ കേൾക്കേണ്ടിവന്നെന്നു മന്ത്രി പറഞ്ഞു. സ്നേഹത്തിന്റെയും സത്യസന്ധതയുടെയും നിലപാടുകളാണ് ഞാൻ ആ സമയത്തു മുറുകെ പിടിച്ചത്. കടൽക്ഷോഭം നമ്മൾ കാണുന്നതിലും ഭീകരമായി പോകുകയാണ്. തീരദേശ സംരക്ഷണത്തിനായി ദീർഘകാലം നീണ്ടുനിന്ന സമഗ്രപദ്ധതി ആവശ്യമുണ്ടെന്നും മേഴ്സിക്കുട്ടിയമ്മ പറഞ്ഞു.

ഓഖി ദുരന്തവേളയിൽ പ്രതീക്ഷിച്ചതിനെക്കാളും ഏറെ മെച്ചപ്പെട്ട പ്രവർത്തനമാണ് സംസ്ഥാന സർക്കാർ കാഴ്ചവച്ചതെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന ലത്തീൻ രൂപത മെത്രാപ്പൊലീത്ത എം.സൂസപാക്യം പറഞ്ഞു. തിരസ്കരിക്കപ്പെട്ടവർക്ക് സമൂഹനിർമ്മിതിക്കായി മുന്നോട്ടുവരാനുള്ള പുതിയ പദ്ധതികൾ ലത്തീൻ അതിരൂപത ആവിഷ്കരിക്കുമെന്നും അദ്ദേഹം പറഞ്ഞു. പദ്ധതിയുടെ ഭാഗമായി 30 പേർക്കുള്ള സഹായവിതരണവും സൂസപാക്യം നിർവ്വഹിച്ചു.

കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടർ ഫാ. എ.ആർ.ജോൺ, ഫെറോന സെക്രട്ടറി എസ്.കെവിൻ, ഓഖി കോർ ടീം കൺവീനർ ഫാ. തിയോഡേഷ്യസ് ഡിക്രൂസ്, സൂര്യ കൃഷ്ണമൂർത്തി, സെൽവി മെഴ്സൺ തുടങ്ങിയവർ പ്രസംഗിച്ചു.

കൗൺസിലിംഗ് കോഴ്സ് മൂന്നാം ബാച്ച്

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപത, കുടുംബശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ആറുമാസം നീണ്ടുനിൽക്കുന്ന കൗൺസിലിംഗ് സർക്കാർ സർട്ടിഫിക്കറ്റ് കോഴ്സിന്റെ മൂന്നാമത്തെ ബാച്ചിന് ആഗസ്റ്റ് 11 ന് തുടക്കം കുറിക്കും. പ്ലസ്-ടു വിദ്യാഭ്യാസ യോഗ്യതയുള്ള ആർക്കും കോഴ്സിന് ചേരാവുന്നതാണ്. ഏഴായിരം രൂപയാണ് കോഴ്സ് ഫീസ്. അപേക്ഷിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 7 ആണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും ഡയറക്ടർ കുടുംബശുശ്രൂഷാ, തിരുവനന്തപുരം അതിരൂപത, വെള്ളയമ്പലം എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

ചൈൽഡ് ലൈൻ 'കൊളാബ്' പ്രവർത്തനമാരംഭിച്ചു

തിരുവനന്തപുരം: കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിൻ കീഴിൽ കുട്ടികളുടെ സംരക്ഷണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ചൈൽഡ്ലൈൻ കൊളാബ് വെള്ളയമ്പലം റ്റി.എസ്.എസ്.എസ്. ഗോൾഡൻ ജൂബിലി ബിൽഡിങ്ങിൽ പ്രവർത്തനം ആരംഭിച്ചു. ഉത്ഘാടനം തിരുവനന്തപുരം ലത്തീൻ അതിരൂപത അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിച്ചു. ചൈൽഡ് ലൈൻ ഇന്ത്യാ ഫെഡറേഷൻ പ്രോഗ്രാം കോഡിനേറ്റർ മുഹമ്മദലി, ചൈൽഡ് ലൈൻ ഡയറക്ടർ ഫാ.ലെനിൻരാജ്, സെന്റ് ഫിലോമിനാസ് എച്ച്.എസ്.എസ്. ഹെഡ്മിസ്ട്രസ് സിസ്റ്റർ ജിജി അലക്സാണ്ടർ, കുട്ടികളുടെ പ്രതിനിധി കുമാരി സൂര്യ, ജില്ലാ കോഡിനേറ്റർ ജോബി, സെന്റർ കോഡിനേറ്റർ കിരൺ തുടങ്ങിയവർ പ്രസംഗിച്ചു.

ബോധവത്ക്കരണ ക്ലാസ്സ്

പേട്ട: യുവജനദിനാചരണത്തിന്റെ ഭാഗമായി പേട്ട ഫെറോനയിലെ പോങ്ങുംമൂട് ഇടവകയിലെ യുവജനങ്ങൾക്ക് വേണ്ടി റ്റി.എസ്.എസ്.എസ്. ഉം യുവജനങ്ങളും സംയുക്തമായി മാലിന്യ നിർമ്മാർജ്ജനവും പരിസ്ഥിതി സംരക്ഷണവും എന്ന വിഷയത്തിൽ ഒരു ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഇടവക വികാരി റവ.ഫാ .തിയോഡീഷ്യസ് ഉത്ഘാടനം ചെയ്തു.

കോൺഫ്രൻസ് വാർഷികം

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കൊയ്ത്തൂർക്കോണം സെന്റ് മേരീസ് കോൺഫറൻസിന്റെ മൂന്നാം വാർഷിക സമ്മേളനം പ്രസിഡന്റ് കുര്യന്റെ അധ്യക്ഷതയിൽ കോൺഫറൻസിന്റെ ആത്മീയ ഉപദേഷ്ടാവ് ഫാ. റിച്ചാർഡ് സഖറിയാസ് ഉദ്ഘാടനം ചെയ്തു. സി.സി.പ്രസിഡന്റ് സഖറിയാസ് മുഖ്യപ്രഭാഷണം നടത്തി. നിർധനരായ 16 കുടുംബങ്ങൾക്ക് 2000/- രൂപ വീതം ധനസഹായം നൽകി. എ.സി.പ്രസിഡന്റ് ബെൻസിലിയുടെ നേതൃത്വത്തിൽ അംഗങ്ങൾ സത്യപ്രതിജ്ഞ പുതുക്കി.

കേന്ദ്ര വനിത ശിശുവികസന മന്ത്രാലയത്തിൻ കീഴിൽ കുട്ടികളുടെ സംരക്ഷണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ചൈഡ്ലൈൻ കൊളാബ് വെള്ളയമ്പലം റ്റി.എസ്.എസ്.എസ്. ഗോൾഡൻ ജൂബിലി ബിൽഡിങ്ങിൽ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു

ടിഎസ്എസ്എസിന്റെ കീഴിൽ എസ്.എച്ച്.ജി. അംഗങ്ങൾ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനായി റ്റി.എസ്.എസ്.എസ്.എസ്.ന്റെ ആഭിമുഖ്യത്തിൽ പാളയത്ത് ആരംഭിച്ച സ്റ്റാളിന്റെ ഉത്ഘാടനം റ്റി.എസ്.എസ്.എസ്. ഡയറക്ടർ ഫാ.ലെനിൻരാജ് റ്റി. നിർവ്വഹിക്കുന്നു.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കൊയ്ത്തൂർക്കോണം സെന്റ് മേരീസ് കോൺഫറൻസ് അംഗങ്ങൾ ഇടവക വികാരി ഫാ. റിച്ചാർഡ് സക്കറിയയോടൊപ്പം

വാർത്തകൾ

കൗമാരക്കാരൻ വിശുദ്ധപദത്തിലേക്ക്

വത്ത്ിക്കാൻ: ഒക്ടോബർ 14 മുതൽ ഒരു മാസം നീണ്ടു നില്ക്കുന്ന യുവജന സിനഡിൽ വച്ച് ഫ്രാൻസിസ് മാർപാപ്പ ഒരു കൗമാരക്കാരനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തും. വാഴ്ത്തപ്പെട്ട നൺഷ്യോ സൾപ്രിസോ എന്ന 19 കാരനാണ് വിശുദ്ധനാകുന്നത്. ഓസ്ക്കാർ റൊമാരോ, പോൾ ആറാമൻ എന്നിവരുൾപ്പെടെയുള്ള നാലു പേരുടെ ഗണത്തിലേക്കാണ് നൺഷ്യോ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുന്നത്. നന്നേ ചെറുപ്രായത്തിൽ തന്നെ മാതാപിതാക്കൾ മരണമടഞ്ഞപ്പോൾ ബന്ധുക്കളുടെ സംരക്ഷണയിലായിരുന്നു വിശുദ്ധൻ വളർന്നു വന്നത്. 19 ാം വയസിൽ മരണമടയുമ്പോൾ നിരവധി വേദനകളിലൂടെയും സഹനങ്ങളിലൂടെയും കടന്നു പോയി. അപ്പോഴെല്ലാം ദൈവത്തെ പ്രതി സന്തോഷപൂർവ്വംസഹിച്ചു.

ലൗകികസന്തോഷങ്ങളെയും സുഖങ്ങളെയുമല്ല പിന്തുടരേണ്ടതെന്നാണ് നൺഷ്യോയുടെ ജീവിതം നമുക്ക് പറഞ്ഞുതരുന്നത്.

വിതരണം ചെയ്തു

പേട്ട: പേട്ട ഫെറോനയിലെ റ്റി.എസ്.എസ്.എസ്. ന്റെ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ പ്രോത്സാഹനാർത്ഥം ആട്ടിൻകുട്ടിയെ വിതരണം ചെയ്തു. ലോക വിധവ ദിനാചരണത്തോടനുബന്ധിച്ച് ചെറുവയ്ക്കൽ ഇടവകയിലെ വിധവാഫോറത്തിലെ അംഗമായ റോസമ്മയ്ക്കാണ് റ്റി.എസ്.എസ്.എസ്.ന്റെ ധനസഹായത്തോടെ ഒരു ആട്ടിൻകുട്ടിയെ നൽകിയത്. ഇടവക വികാരി ഫാ. സുനിൽ വിതരണം നിർവഹിച്ചു.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വെട്ടുകാട് ക്യൂൻമേരി കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ നിർധന കുടുംബങ്ങൾക്കുള്ള തയ്യൽ മെഷീൻ വിതരണം ഇടവക വികാരി ഫാ. ജോസഫ് ബാസ്റ്റ്യൻ നിർവഹിക്കുന്നു

തയ്യൽ മെഷീൻ വിതരണം ചെയ്തു

തിരുവനന്തപുരം: സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വെട്ടുകാട് ക്യൂൻമേരി കോൺഫറൻസ് 11 നിർധന കുടുംബങ്ങൾക്ക് തയ്യൽ മിഷ്യൻ വിതരണം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് സിസ്റ്റർ സ്റ്റെല്ല സേവ്യറിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇടവക വികാരി ഫാ. ജോസഫ് ബാസ്റ്റ്യൻ തയ്യൽ മിഷ്യൻ വിതരണം നടത്തി. സെൻട്രൽ കൗൺസിൽ ബോർഡ് അംഗങ്ങളായ ഡോൺ ബോസ്കോ, ബെൻസിലി, ഏരിയാ കൗൺസിൽ പ്രസിഡന്റ് ഗോർഗോൺ തുടങ്ങിയവർ പ്രസംഗിച്ചു.

വിവിധ ഇടവകകളിൽ നിന്നും തെരഞ്ഞെടുത്ത ഓഖി ദുരിതബാധിതരായ 5 കുടുംബങ്ങൾക്ക് 15000 രൂപ വീതം ധനസഹായം നൽകി. സെൻട്രൽ കൗൺസിൽ യോഗത്തിൽവച്ച് സെൻട്രൽ കൗൺസിൽ ഉപദേശക സമിതി അംഗം ഏയ്ഞ്ചൽമുസ് സഹായധനം വിതരണം ചെയ്തു. പുതിയതുറ സെന്റ് നിക്കോളാസ് കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടവകയിലെ നിർധനരായ 58 മത്സ്യ വിപണന സ്ത്രീകൾക്ക് 10000 രൂ വീതം പലിശ രഹിത വായ്പ വിതരണം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് വില്യത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജോജി സിസ്റ്റർ ആനി ആലീസ്, ഡോൺ ബോസ്കോ, ആർ.സഖറിയാസ്, തോമസ് ലോപ്പസ് ക്രിസ്ദുദാസ് മെന്റസ് എന്നിവർ പ്രസംഗിച്ചു.

സ്വയംതൊഴിൽ പദ്ധതി പ്രകാരം ടിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ ആട്ടിൻകുട്ടി വിതരണം ചെയ്യുന്ന പരിപാടി ഫാ. സുനിൽ ഉദ്ഘാടനം ചെയ്യുന്നു

ദരിദ്രനെ സേവിക്കുന്നതിലൂടെയാണ് ഒരുവന്റെ വിശ്വാസം അളക്കേണ്ടത്: മാർപാപ്പ

വത്തിക്കാൻ: വ്യക്തികളുടെയോ സമൂഹത്തിന്റെയോ വിശ്വാസവും സ്നേഹവും അളക്കേണ്ടത് അവർ ദരിദ്രരെയും ദുർബലരെയും എന്തുമാത്രം പരിഗണിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ.

വിവിധ കാരണങ്ങളാൽ നിലവിളിക്കുന്നവർക്കൊപ്പം നില്ക്കുക. നിത്യജീവന്റെ അപ്പം ലഭിക്കാൻ ഒരുവന് കാരണമായി ക്രിസ്തു പറയുന്നത് പാവങ്ങളോടുള്ള ഐകദാർഢ്യവും ദുർബലരോടുള്ള പരിഗണനയുമാണ്. കാരുണ്യപ്രവൃത്തികളാണ് നമ്മുടെ വിശ്വാസത്തിന്റെ ഗുണം നിശ്ചയിക്കുന്നത്. വ്യക്തിതലത്തിലും കമ്മ്യൂണിറ്റി തലത്തിലും അങ്ങനെ തന്നെ. അഞ്ചപ്പവും രണ്ടുമീനും ക്രിസ്തു വർദ്ധിപ്പിച്ച സംഭവം നോക്കുക. അത് ക്രിസ്തു നമുക്കോരോരുത്തർക്കും വേണ്ടിയാണ് നല്കിയത്. അഞ്ചപ്പവും രണ്ടുമീനും നല്കിയ ആ ബാലനെ പോലെ നാം ഓരോരുത്തരും സംലഭ്യരായിരിക്കുക. പരിശുദ്ധ മറിയത്തോട് പ്രാർത്ഥിക്കുക. പാപ്പ ഓർമ്മിപ്പിച്ചു.

വവ്വാമൂല സെന്റ് ജോസഫ് ഇടവകയിലെ ഹോംമിഷൻ പ്രവർത്തനങ്ങളുടെ സമാപനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു

വീടുനിർമ്മിച്ചു നൽകി

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പള്ളിത്തുറ സെന്റ് റോസാലിയ കോൺഫറൻസ്, നിർദ്ധന കുടുംബത്തിന് വീടുനിർമ്മിച്ചുനൽകി. പള്ളിത്തുറ ഇടവകാംഗമായ ബ്രിജിറ്റ് ജോബിനാണ് ഭവനം നിർമ്മിച്ചു നൽകിയത്. താക്കോൽ ദാനവും ഭവന ആശീർവാദവും പള്ളിത്തുറ ഇടവക വികാരി ഫാ. ലെനിൻ ഫെർണാണ്ടസ് സഹവികാരി ഫാ. ആന്റോ ബൈജു എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

രണ്ട് വർഷത്തിനുള്ളിൽ രണ്ടാമത്തെ ഭവനമാണ് ഈ കോൺഫറൻസിന്റെ പ്രവർത്തനഫലമായി നിർമ്മിച്ച നൽകുന്നത്. പ്രസ്തുത ചടങ്ങിൽ തിരുവനന്തപുരം സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ആർ. സഖറിയാസ്, ചന്ദ്രൻ, മേനംകുളം പഞ്ചായത്ത് മെമ്പർ റോളുദോൻ, ഏരിയാ കൗൺസിൽ പ്രസിഡന്റ് ആൻഡ്രൂസ് എഡിസൺ, റൊസാലിയ കോൺഫറൻസ് പ്രസിഡന്റ് മറിയാമ്മ തോമസ് എന്നിവർ പ്രസംഗിച്ചു.

നീക്കിലാസ് എ. പ്രസിഡന്റ്

വലിയതുറ: വലിയതുറ ഇടവക കെഎൽസിഎ പ്രസിഡന്റായി നീക്കിലാസ് എ. വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. സുരേഷ് പീറ്ററാണ് സെക്രട്ടറി. ജസ്റ്റസ് ജി, ജാക്വിലിൻ സാജു വൈസ് പ്രസിഡന്റുമാർ. കുഞ്ഞുമോൻ ജോയി, നിമ്മി ബൈജു ജോയിന്റ് സെക്രട്ടറിമാർ, ഡാഫിനി പാപ്പച്ചൻ ഖജാൻജി. സാംസൺ ലിയോൺ, ഔസേപ്പ്, സുജ ജോസ്, ആൽത്തിയ, മായ, സോണിയ, ഷൈനി രാജൻ എക്സിക്യൂട്ടീവ് അംഗങ്ങൾ. സംസ്ഥാന സെക്രട്ടറി ജോൺസൺ ജോസഫ് തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പള്ളിത്തുറ സെന്റ് റോസാലിയ കോൺഫറൻസ്, നിർദ്ധന കുടുംബത്തിന് നിർമ്മിച്ചുനൽകിയ വീടിന്റെ ആശീർവാദം ഇടവക വികാരി ഫാ. ലെനിൻ ഫെർണാണ്ടസ് നിർവഹിക്കുന്നു

കെ ആർ എൽ സി സി സംസ്ഥാനതല ക്രിസ്തീയവിശ്വാസജീവിതപരിശീലന സ്കോളർഷിപ്പ് പരീക്ഷയിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ നിന്നും റാങ്ക് നേടിയവർ

റോജ്ന റോബർട്ട്
STD VIII
Vennicode
ഒന്നാം സ്ഥാനം

ജൂലിയ യൂജിൻ
STD X
Puthiyathura
ഒന്നാം സ്ഥാനം

നവ്യാ ആർ STD
XI Peringamala
ഒന്നാം സ്ഥാനം

ഷാനിമോൾ എഫ്
STD XII
Kollamcode
ഒന്നാം സ്ഥാനം

അനാമിക
സിൽവ STD X
Santhipuram
മൂന്നാം സ്ഥാനം

ജെനിഫർ
കെനഡി STD XI
Vizhinjam
മൂന്നാം സ്ഥാനം

കേരള ബുക്ക് കഫേയുടെ സാഹിത്യത്തിനുള്ള പുരസ്കാരം ഡോ. മധുസൂദനൻ നായർ ഫാ. എ.ആർ.ജോണിന് സമ്മാനിക്കുന്നു. അന്യരല്ല എന്ന കൃതിയാണ് ഇദ്ദേഹത്തെ അവാർഡിന് അർഹനാക്കിയത്. ഡോ. രേഖ, ബി. മുരളി, ഫാ. സുനിൽ എന്നിവർ സമീപം.

വൃദ്ധ മാതാപിതാക്കൾക്ക് ആദരം

പരുത്തിയൂർ: പരുത്തിയൂർ വിശുദ്ധ മറിയം മഗ്ദലന ഇടവകയിൽ വൃദ്ധ മാതാപിതാക്കൾക്ക് ആദരം. ജൂലൈ അവസാന ഞായറാഴ്ച ദിവ്യബലി മദ്ധ്യേയാണ് ഇടവകയിലെ 250 ൽപ്പരം വയോധികരെ ഇടവക ഉപഹാരങ്ങൾ നൽകി ആദരിച്ചത്. തൂത്തൂർ ഫൊറോനാ വികാരി ഫാ. ആൻഡ്രൂസ് കോസ്മോസ് ദിവ്യബലിക്ക് മുഖ്യകാർമികത്വം വഹിച്ചു. ഇടവക വികാരി ഡോ. അഗസ്റ്റിൻ ജോൺ, സഹ വികാരി ഫാ. റോജൻ റോബർട്ട് എന്നിവർ സഹകാർമികരായിരുന്നു.

ഉപകാരസ്മരണ

വിശുദ്ധ അൽഫോൺസാമ്മയുടെയും സിന്ധുയാത്രാ മാതാവിന്റെയും ക്രിസ്തുരാജന്റെയും അനുഗ്രഹത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ. താമസിച്ചതിന് ക്ഷമാപണം.

– ഒരു വിശ്വാസി

അല്മായ വേദി

ആർക്കാഞ്ചലോ.എം
അല്മായ ശുശ്രൂഷാ ഡയറക്ടർ

അല്മായർ രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം

വി. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ പേപ്പസിയുടെ അവസാന കാലഘട്ടത്തിൽ ഒരു മാധ്യമപ്രവർത്തകൻ പാപ്പയോട് ചോദ്യം ഉന്നയിച്ചു. ഒരു പുതിയ കൗൺസിൽ ചേരാനായുള്ള കാലമായില്ലേ എന്നതായിരുന്നു ചോദ്യം. പാപ്പയുടെ മറുപടി ചിന്താദ്യോതകമായിരുന്നു "ആദ്യം സഭയിലെ എല്ലാവരും വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ ഒന്നു വായിക്കട്ടെ."

ഇതുതന്നെയല്ലേ സത്യം. കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കണമെങ്കിൽ അതൊന്നുവായിക്കണമല്ലോ. ഇന്നും പല കാര്യങ്ങളും നടപ്പിൽ വരുത്താൻ അധികാര കേന്ദ്രങ്ങൾക്ക് താല്പര്യമില്ല. കൗൺസിലിന് ശേഷം നടന്ന സഭാ നവീകരണ സെമിനാറുകളിലും പഠനശിബിരങ്ങളിലും നേതൃസമ്മേളനങ്ങളിലും അല്മായരെ പ്രബുദ്ധരാക്കുന്ന സമ്പൽ പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, ഈ വിളംബരങ്ങളും വെളിപാടുകളും ജലരേഖയായി പ്പോയിയെന്നതാണ് ചരിത്രം.

കൗൺസിലിന് ശേഷം 53 വർഷങ്ങൾ കഴിഞ്ഞെങ്കിലും സഭ വൈദജനമായില്ല. 'ദൈവജനം' എന്ന സംജ്ഞ അല്മായരെപ്പറ്റിയുള്ള ഒരു ക്ലീഷേ ആയി മാറിപ്പോയിരിക്കുന്നു. പാപ്പയും മെത്രാന്മാരും വൈദികരും സമർപ്പിതരും ഇതിൽപ്പെടും. ഇവരെല്ലാം ഒരേ കൂട്ടായ്മയിൽ ഒരേ സംസർഗത്തിൽ ആയിട്ടില്ല ഇതുവരെ. അതായത് കൗൺസിലിന്റെ ചൗതന്യം സഭയിൽ ഇതുവരെ അനുഭവവേദ്യമായിട്ടില്ല എന്നുചുരുക്കം. പ്രമാണ രേഖകൾ പൂർണമായും മനസ്സിലാക്കുന്നതിന് ചില പോരായ്മകളും ബുദ്ധിമുട്ടുകളും കാരണമാകുന്നു. ഇതിന് ഉത്തരവാദികൾ ആരാണ്? എന്തായാലും അല്മായരല്ല. വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ അല്മായരുടെ രൂപവൽക്കരണം വളരെ പ്രധാനമാണ്. 1983 ൽ ഏഷ്യൻ ബിഷപ്പുമാരോട് പാപ്പ പറഞ്ഞു, "രണ്ടാം വത്തിക്കാൻ കൗൺസിൽ പഠനങ്ങൾ ഗ്രഹിക്കുന്നതിന് അല്മായർക്ക് ആത്മീയ-ധാർമ്മിക-ദൈവശാസ്ത്ര കാര്യങ്ങളിൽ ശിക്ഷണം നൽകണം". ശിക്ഷണം ലഭിച്ചോ?

1987 ൽ നടന്ന മെത്രാന്മാരുടെ സിഡ്നി അല്മായരെക്കുറിച്ചു മാത്രമായിരുന്നു. ഒരു വലിയ മാറ്റം അല്മായ മേഖലയിൽ ഉണ്ടാവുമെന്ന് എല്ലാവരും കരുതി. പക്ഷേ ഒന്നും സംഭവിച്ചില്ല. രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിന്നും ഒരു ചുവട് മുന്നോട്ടുപോയില്ല. വലിയ ശബ്ദത്തോടു തുടങ്ങിയ സിനഡ് ഒരു നേരിയ വിലാപത്തിൽ അവസാനിച്ചു. അല്മായൻ ഇന്നും പാർശ്വവൽക്കരിക്കപ്പെട്ട ഭൂരിപക്ഷമായി തുടരുന്നു. ഇന്നും സഭയെന്നാൽ മെത്രാനും വൈദികരും തന്നെ. വിശ്വാസികളുടെ അപ്രമാദിത്വം (----------) എന്ന പഠനത്തിനു വിരുദ്ധമായി സഭാ സിനഡിൽ അല്മായർക്ക് ഒരു പങ്കുമില്ലാതായി. സഭാ സിനഡില്ലല്ലോ. മെത്രാന്മാരുടെ സിനഡ് മാത്രം!

ആദിമസഭ യഥാർത്ഥ അർത്ഥത്തിൽ ദൈവജനം തന്നെ ആയിരുന്നു. എല്ലാവർക്കും രാജകീയ പൗരോഹിത്യം. വൈദികർ, അല്മായർ എന്ന വേർതിരിവുകളില്ല! പിന്നീട് തരംതിരിവ് (distribution) ഉണ്ടായി. വൈദികർ, അല്മായർ എന്നിങ്ങനെ. നൂറ്റാണ്ടുകൾ കടന്നപ്പോൾ അത് വിവേചനമായി (discrimination) പരിണമിച്ചു. അവസാനം വിഭജനമായി (division). 'സഭയും അല്മായരും' എന്നും പറയാൻ തുടങ്ങി; അതായത് അല്മായർ സഭയ്ക്ക് പുറത്താണ് എന്ന ധ്വനിയിൽ.

'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയിലെ അദ്ധ്യായം 4 അല്മായരുടെ മാഗ്നകാർട്ടയാണ്. അതിൽ പറയുന്ന ചില കാര്യങ്ങൾ പിന്നീട് കാനൻ നിയമത്തിൽ ഉൾപ്പെടുത്തി. ലോകമാസകലം ഹയരാർക്കിയുടെ മനോഭാവത്തിൽ മാറ്റം വന്നുതുടങ്ങിയിട്ടുണ്ട്. ബിഷപ്പുമാരും വൈദികരും അല്മായരും പരസ്പരം ആവശ്യമുള്ളവരാണ്. ക്രിസ്തുവിൽ ഒരുമിച്ച് വളരേണ്ടവരാണ്. അല്മായരുടെ പരിപൂർണ്ണ സഹകരണമില്ലാതെ സഭയ്ക്ക് അതിന്റെ ദൗത്യം ഫലപ്രദമായി നിർവത്തിക്കാനാവില്ല.

നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 18-ാം ഞായർ (ആഗസ്റ്റ് 5)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

അപ്പനായവൻ അപ്പമായി

പുറ. 16: 2-4, 12-15 | എഫെ. 4: 17, 20-24 | യോഹ. 6: 24-35

കൈയിൽ വെള്ളം നിറച്ച ഒരു ഗ്ലാസുമായാണ് അന്ന് ആ അദ്ധ്യാപകൻ തന്റെ പാഠങ്ങൾ ആരംഭിച്ചത്. ഗ്ലാസുയർത്തിപ്പിടിച്ച അദ്ദേഹം കുട്ടികളോട് ചോദിച്ചു: ഇതിന്റെ ഭാരം എന്തുവരും? 50ഗ്രാം,100 ഗ്രാം,150 ഗ്രാം- അങ്ങിങ്ങായി പല ഉത്തരങ്ങൾ ഉയർന്നു. എന്തുമാവട്ടെ, അദ്ധ്യാപകൻ തുടർന്നു. എന്റെ ചോദ്യമിതാണ്: ഞാനിത് ഇങ്ങനെ ഏതാനും നിമിഷങ്ങൾ ഉയർത്തിപ്പിടിച്ചാൽ എനിക്കെന്തു സംഭവിക്കും?-ഒന്നും സംഭവിക്കില്ല, കുട്ടികൾ ഒന്നടങ്കം പറഞ്ഞു.

ശരി എങ്കിൽ ഒരു മണിക്കൂർ ഇങ്ങനെ ഉയർത്തിപ്പിടിച്ചാലോ? അപ്പോൾ ഒരു കുട്ടി പറഞ്ഞു: സാറിന്റെ കൈ ശരിക്കും വേദനിക്കും. ഇനി ഇത് ഒരു ദിവസം മുഴുവൻ ഉയർത്തിപ്പിടിച്ചാലോ? - ഉത്തരം വന്നു. സാറിന്റെ മസിലുകൾ മരവിക്കും. നാഡീഞരമ്പുകൾക്ക് പിരിമുറുക്കം അനുഭവപ്പെടും. സാറിനെ ഉറപ്പായും ആശുപത്രിയിലേക്ക് എടുക്കേണ്ടി വരും... കുട്ടികളുടെ ഇടയിൽ ചെറിയൊരു ചിരിപൊട്ടി. അദ്ദേഹം തുടർന്നു പക്ഷെ, ഇതിനിടയിൽ ഈ ഗ്ലാസിന്റെ ഭാരത്തിൽ എന്തെങ്കിലും വ്യത്യാസമുണ്ടായോ? -ഇല്ല, കുട്ടികളുടെ മുഖത്ത് ഗൗരവം നിറഞ്ഞു. അപ്പോൾ അദ്ധ്യാപകൻ ചോദിച്ചു: എങ്കിൽ ഈ വേദനയ്ക്കും മരവിപ്പിനും ഒക്കെ എന്താണു കാരണം? ഈ ചോദ്യം കുട്ടികളെ കുഴക്കി. ഗ്ലാസ് താഴെ വെച്ചുകൊണ്ട് അദ്ധ്യാപകൻ പറഞ്ഞു: ഇതാണു ശരി. ഒരു Put down philosophy. ജീവിതപ്രശ്നങ്ങളും വേദനകളുമെല്ലാം ഏകദേശം ഇതുപോലെ തന്നെ. ചെറുതും വലുതും എന്തുമായിക്കൊള്ളട്ടെ, ഒരു പക്ഷെ അൽപ്പസമയം ഒന്നും സംഭവിക്കില്ല. പക്ഷെ, ദീർഘസമയത്തേക്കു ഈ നൊമ്പരചിന്തകൾ ചുമടായി ഞാൻ പേറുമ്പോൾ ഓർക്കുക, വളരെയേറെ വേദനയായി അത് രൂപാന്തരപ്പെടും. ഇനിയും ദിവസങ്ങളോളം ഞാൻ അതേ ചുമടായി മുന്നോട്ടുപോകുകയാണെങ്കിൽ ഒന്നും ചെയ്യാനാവാത്തവിധം ജീവിതം തകർത്തുകളഞ്ഞേക്കാം. ആ ചുമട് ഇറക്കിവെക്കുക അപ്പോൾ ആശ്വാസമാവും തീർച്ച. ഇവിടെയാണ് ആ ക്രിസ്തുവചനം തുണയാവേണ്ടത്. ഞാനാകുന്നു ജീവന്റെ അപ്പം എന്നിൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല, എന്നിൽ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല. എന്റെ വിശപ്പും ദാഹവും ഇറക്കിവെക്കേണ്ട ഇടങ്ങളിൽ ഇറക്കിവെക്കുമ്പോൾ ചില വേദനകൾ മറന്നുപോകും. ചില ഉത്തരങ്ങളും ആശ്വാസവും അവിടെ ഉണർവേകും.

വിശ്രുതനായ ഹെൻട്രി ന്യൂമാൻ കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ തീരുമാനിച്ചതറിഞ്ഞപ്പോൾ ചില സുഹൃത്തുക്കൾ അദ്ദേഹത്തെ ആ തീരുമാനത്തിൽ നിന്നും പിന്മാറുവാൻ പ്രേരിപ്പിച്ചുകൊണ്ടു പറഞ്ഞു: ആംഗ്ലിക്കൻ പുരോഹിതനെന്ന നി

മരണത്തെ ഒരു ചഷകത്തിൽ പകർന്ന് ന്യായാധിപന്മാർ സോക്രട്ടീസിനു കൊടുത്തപ്പോൾ അതു തന്റെ ചുണ്ടിൽ ചേർത്തുവയ്ക്കാൻ അദ്ദേഹത്തിന്റെ കൈ വിറച്ചില്ല. തന്റെ ന്യായാധിപന്മാരോട് അമർഷം തോന്നിയില്ല. അവരെ ശപിച്ചില്ല.

ലയിൽ അങ്ങേക്കിപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വാർഷികാദായം - നാലായിരം പൗണ്ട് - നഷ്ടപ്പെടുത്തരുത്. ജീവിതമഹത്വത്തിന്റെ യഥാർത്ഥ വഴി വിവേകപൂർവം തിരിച്ചറിഞ്ഞ ന്യൂമാൻ തെല്ലിട ചിന്തയ്ക്കുപോലും മുതിരാതെ പറഞ്ഞു, നാലായിരം പൗണ്ട് ദിവ്യകാരുണ്യ സ്വീകരണത്തോടു തുലനം ചെയ്യുമ്പോൾ എത്ര നിസാരം! തുലനം ചെയ്യാൻ ഞാൻ പഠിക്കണം, ദിവ്യകാരുണ്യവുമായി. ഞാനിന്ന് നഷ്ടമെന്നു കരുതുന്ന പലതും നഷ്ടമാകില്ല, ദിവ്യകാരുണ്യത്തോടു തുലനം ചെയ്യാൻ തയ്യാറായാൽ. കുരിശിന്റെ വലതുവശത്തു കിടന്ന കള്ളൻ - അവൻ നോക്കി, ദിവ്യകാരുണ്യമാകുന്ന ക്രിസ്തുവിനെ. എനിക്കർഹമായ ശിഷയാണ് കിട്ടിയിരിക്കുന്നത്. എന്നാൽ നീതിമാനായ ക്രിസ്തുവിനോ ജീവിതത്തെ ദിവ്യകാരുണ്യത്തോടു തുലനം ചെയ്ത അവന്റെ പ്രാർത്ഥന നോക്കുക, നാഥാ, നിന്റെ രാജ്യത്തിൽ വരുമ്പോൾ പാപിയായ എന്നെക്കൂടി ഓർക്കണമേയെന്ന്. പെട്ടെന്നുതന്നെ മറുപടി കിട്ടി, നീ ഇന്ന് എന്നോടുകൂടി പറുദീസിയിലിരിക്കുമെന്ന്.

നിന്റെ മൂല്യശ്രേണിയിൽ ദിവ്യകാരുണ്യത്തിന്റെ സ്ഥാനമെവിടെയാ? യേശുകാരുണ്യം നിന്റെ ഉൾത്തടത്തിൽ വിസ്മയം സൃഷ്ടിച്ചെങ്കിലേ, നിനക്കുമങ്ങനെ പറയാനാകൂ.

നാം എന്തു ഭക്ഷിക്കുന്നുവോ, അതായിത്തീരുന്നു എന്നതല്ലേ ദർശനം. ഒരു പ്രൊട്ടസ്റ്റന്റ് പാസ്റ്ററുടെ സമർപ്പിതരെ അഭിസംബോധന ചെയ്തുള്ള പ്രഭാഷണത്തിലെ ആക്ഷേപവാക്കുകൾ ആർത്തിരമ്പുന്ന തിരമാല കണക്കേ എന്നിൽ അലതല്ലുന്നുണ്ട്. എല്ലാ ദിവസവും ദിവ്യകാരുണ്യം സ്വീകരിക്കുന്ന നിങ്ങളെന്തേ ദിവ്യകാരുണ്യമായി മാറുന്നില്ല? ഭക്ഷിക്കുന്ന അപ്പം കാരുണ്യത്തിന്റെ ക്രിസ്തുവായിരുന്നെങ്കിൽ, ഞാൻ ദിവ്യകാരുണ്യമായി എന്നേ മാറേണ്ടതായിരുന്നു. ശിക്ഷാവിധിയുടെ അപ്പത്തെക്കുറിച്ച് അവിടുന്നു പഠിപ്പിച്ച വാക്കുകളാണ് പെട്ടെന്നോർമ്മ വരുന്നത്. ദിവ്യകാരുണ്യസ്വീകരണം എന്നെ ക്രിസ്തുവാക്കിയിട്ടില്ലെങ്കിൽ, ഞാൻ സംശയിക്കണം, അതെന്നെ കഠിനഹൃദയനാക്കിയിട്ടില്ലേയെന്ന്.

കൂദാശതലത്തിൽ അനുഷ്ഠാനത്തിന് നൽകുന്ന അമിതപ്രാധാന്യം നിമിത്തം ഇതിന്റെ പ്രവാചകമാനങ്ങളെ നാം വിസ്മൃതിയിൽ താഴ്ത്തുന്നു. മറ്റുള്ളവർക്ക് ജീവിതത്തിൽ ഇടംകൊടുക്കുന്നതാണ് കാരുണ്യം. ഇത് ക്രിസ്തുനാമത്തിലാകുമ്പോൾ ദിവ്യകാരുണ്യമായി. അംബരചുംബികളായ ദൈവാലയങ്ങളിൽപ്പോലും ഏറ്റവും കുറച്ചിടംകൊണ്ടു തൃപ്തിപ്പെടുന്നതു ഓസ്തിയിൽ വാഴുന്ന യേശുതന്നെ. എത്ര വളർന്നാലാ ഒരാൾക്കു ഇത്രയും ചെറുതാകാൻ കഴിയുക? അപ്പത്തോളം ചെറുതാവുകയെന്നാൽ അതിൽപരം എന്നിലലിഞ്ഞുചേരാൻ മറ്റൊരു മാർഗ്ഗമില്ലെന്നർത്ഥം. ദേവാലയത്തിന്റെ സിംഹഭാഗവും മനുഷ്യാലയമാണ്, മനുഷ്യർ നിൽക്കുന്നിടം. മനുഷ്യർക്കിടം ഹൃദത്തിൽ നൽകാൻ തയ്യാറുള്ളവരൊക്കെ ഈയർത്ഥത്തിൽ ദിവ്യകാരുണ്യമാണ്. നൽകുവാൻ കഴിയുമോ നിനക്ക്, യേശുവിനൊരിടം, സഹോദരനൊരിടം...? വി.കുർബാനയുടെ തിരുനാളിൽ വലിയൊരപ്പം നന്നായലങ്കരിച്ച് തിളക്കമാർന്ന പീഠത്തിൽ ഉയർത്തിവച്ച്, തെരുവീഥികളിലൂടെ ഘോഷയാത്ര നടത്തുമ്പോൾ അത്താഴം കഴിക്കാത്തവൻ അതിൽ നോക്കുന്നത് വയറ്റത്തിടച്ചുകൊണ്ടാണ്. സഹോദരങ്ങളുടെ വിലാപങ്ങളിൽ അലങ്കാരങ്ങളുടെ പീഠം വിട്ടിറങ്ങാൻ ഇന്നും ദിവ്യ കാരുണ്യം ഒരുക്കമാണ്. പങ്കുവയ്ക്കുന്ന സ്നേഹം ദിവ്യകാരുണ്യമാകുന്നത് ഇവിടെയാണ്.

ഞാനാകുന്നു ജീവന്റെ അപ്പം എന്നിൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല.

മരണത്തെ ഒരു ചഷകത്തിൽ പകർന്ന് ന്യായാധിപന്മാർ സോക്രട്ടീസിനു കൊടുത്തപ്പോൾ അതു തന്റെ ചുണ്ടിൽ ചേർത്തുവയ്ക്കാൻ അദ്ദേഹത്തിന്റെ കൈ വിറച്ചില്ല. തന്റെ ന്യായാധിപന്മാരോട് അമർഷം തോന്നിയില്ല. അവരെ ശപിച്ചില്ല. വിഷാദം കലർന്ന ഒരു പുഞ്ചിരി മാത്രം ചുണ്ടിൽ കാത്തുസൂക്ഷിച്ചു, യൂദാസിന്റെ ചുംബനത്തോട് ക്രിസ്തു പുലർത്തിയതുപോലെ. മരണത്തെ ഓർത്തുള്ള വിഷാദമായിരുന്നില്ല. സഹജീവികളുടെ ചിന്താദാരിദ്ര്യം ഉള്ളിലുളവാക്കിയ ദാരിദ്ര്യം. മരണം സോക്രട്ടീസിനെ കാത്തുനിൽക്കുന്ന കോടതിയിൽ, അദ്ദേഹം പറഞ്ഞ വാക്കുകൾ എന്നും മനുഷ്യമനസ്സാക്ഷിയിൽ അലോസരമുണ്ടാക്കും വാഗ്മിത്വം തൊട്ടുതേച്ചിട്ടില്ലാത്ത എന്നെ, ഈ കോടതിയിൽ അപകടകാരിയായ ഒരു വാഗ്മിയായി ചിത്രീകരിക്കുന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. സത്യം പറയുന്നവർ എന്നാണ് വാഗ്മികത്വത്തിന് അവർ അർത്ഥം പറയുന്നതെങ്കിൽ ഞാനതു സമ്മതിക്കുന്നു... ഈ ചാവരുൾ ഇന്നു ശ്രദ്ധേയം. സോക്രട്ടീസിന്റെ വാക്കുകൾ മനസ്സിനെ ഉലയ്ക്കുന്നതാണെങ്കിൽ, ക്രിസ്തുവിന്റെ ബലി ഏറെ അപകടകരമായ ഓർമ്മയാണ്. ഞാനും യാഗമാകണമെന്ന ഓർമ്മ, ക്രിസ്തുവിനെപ്പോലെ. ജീവൻ നൽകുന്ന പ്രവൃത്തികൾ സ്നേഹമെന്ന പ്രേരകശക്തിയിൽ നിന്നും ഉയിർക്കൊള്ളുമ്പോൾ, അതോർമ്മിക്കപ്പെടും. ഓർമ്മയായി എന്നെ മാറ്റണമേ എന്നാകട്ടെ നമ്മുടെ പ്രാർത്ഥന. ■

നീർച്ചാലുകൾ

ഡോ.ഡൈസൻ വൈ.

യേശു നിത്യജീവന്റെ അപ്പം

1 രാജ. 19 : 4-8 | എഫേ. 4 : 30-5:2 | യോഹ. 6: 41-51

അപ്പം മൂന്നുതരത്തിലുണ്ട്- ശാരീരക അപ്പം, മാനസിക അപ്പം, ആത്മീയ അപ്പം. മനുഷ്യന് നിത്യജീവൻ നല്കുന്ന അപ്പം ആത്മീയ അപ്പമാണ്. ഈ അപ്പം ഭക്ഷിക്കുന്നവർക്ക് വിശക്കുകയില്ല, മരണമുണ്ടാവുകയില്ല. ഈ അപ്പം ക്രിസ്തുവാണ്!

ഇസ്രായേല്യരുടെ വിശപ്പടക്കാൻ ആകാശത്ത് നിന്ന് വീണ മന്നയല്ല ക്രിസ്തു. അനന്തതയിൽ നിന്ന്, ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനും നിത്യജീവന്റെ അപ്പമായി അവതരിച്ചവനാണ് ക്രിസ്തു. അപ്പത്തിന്റെ നഗരത്തിൽ കന്നുകാലികളുടെ തീൻമേശയിൽ ജനിച്ച യേശു ക്രിസ്തു തിരുവത്താഴമേശയിൽ ജീവന്റെ അപ്പമായി മാറി. അന്ത്യത്താഴത്തിൽ അപ്പം കൈയ്യിലെടുത്ത ക്രിസ്തു പറഞ്ഞു. ഇത് എന്റെ ശരീരം. ഇത് വാങ്ങി ഭക്ഷിക്കുവിൻ. ഓരോ ബലിയിലും ക്രിസ്തു അപ്പമായി, നിത്യജീവന്റെ അപ്പമായി നമ്മുടെ മുന്നിൽ എത്തുന്നുണ്ട്. ഈ അപ്പം ഭക്ഷിച്ച് നിത്യജീവന്റെ അവകാശികളാകാം. ഈ തിരുവചനഭാഗങ്ങൾ മൂന്നു ചിന്തകളിലേക്ക് നമ്മെ നയിക്കുന്നു.

1. അപ്പത്തിന്റെ ദൂതർ

ദൈവത്തിന്റെ മലയിലെത്താൻ അപ്പവും ജലവും അനിവാര്യമാണ്. ദൈവത്തിന്റെ ദൂതൻ നല്കിയ അന്നമാണ് ഏലിയാ പ്രവാചകനെ ദൈവത്തിന്റെ മലയായ ഹെറോബിലെത്തിക്കുന്നത്. വിശന്നുറങ്ങുന്നവനെ തട്ടിയുണർത്തി ആഹാരം നല്കാൻ ദൈവം തന്റെ ദൂതനെ അയക്കുന്നതിലൂടെ ദൈവത്തിന്റെ അനന്തമായ കരുണയും പരിപാലനയും ആദ്യവായനയിലൂടെ വ്യക്തമാവുകയാണ്. വിശക്കുന്ന ലോകത്തിന് അന്നം നല്കാൻ ദൈവത്തിന് ഇന്ന് ദൂതന്മാരെ ആവശ്യമുണ്ട്. വിശക്കുന്ന ഈ ലോകത്തിന്റെ വിളി കേട്ട മദർ തെരേസ ദൈവത്തിന്റെ ദൂതനെ പോലെ വിശക്കുന്നവർക്ക് അന്നം നല്കി. വിശക്കുന്ന കുഞ്ഞുങ്ങൾ വട്ടംകൂടി, കഴിക്കാനില്ലാത്തതുകൊണ്ട് മണ്ണ് തിന്നുന്ന ചിത്രങ്ങളും, ചവറ് കൂനയിൽ മൃഗങ്ങളുമായി കടിപിടി കൂടി എച്ചിൽ തിന്നുന്ന ചിത്രങ്ങളും യഥാർത്ഥ്യങ്ങളായി നമ്മുടെ മുന്നിൽ ഉള്ളപ്പോൾ ദൈവം നമ്മെ അപ്പത്തിന്റെ ദൂതരാകാൻ വിളിക്കുകയാണ്. ഇന്ത്യക്കാരുടെ വിശപ്പടക്കാൻ തന്റെ ഉയർന്ന ഉദ്യോഗം വേണ്ടെന്നു വച്ച അങ്കിത് കവാത്ര ഫീഡിങ് ഇൻഡ്യ എന്ന പ്രസ്ഥാനം ആരംഭിച്ചു. പതിമൂന്നര ലക്ഷം ഇന്ത്യക്കാരുടെ വിശപ്പടക്കാൻ അങ്കിത് കവാത്ര എന്ന ചെറുപ്പക്കാരന് സാധിച്ചുവെങ്കിൽ, നമ്മുക്കും ആയിരിക്കുന്ന സാഹചര്യത്തിൽ അപ്പത്തിന്റെ ദൂതരാകാം. കാരണം കർത്താവ് അരുൾചെയ്യുന്നു. നിങ്ങൾ അവർക്ക് അപ്പം നല്കുവിൻ (മത്താ: 14:17). വിശക്കുന്ന ലോകത്തിന് ഇന്ന് ഏറ്റവും കൂടുതൽ ആവശ്യം അപ്പത്തിന്റെ ദൂതരെയാണ്!

2. ദൈവാത്മാവിന്റെ മുദ്രയുള്ള ദൂതർ

എല്ലാ വിശുദ്ധരുടെ ജീവിതവും ദൈവാത്മാവിന്റെ മുദ്ര പതിഞ്ഞ ജീവിതങ്ങളാണ്. ദൈവാത്മാവിന്റെ മുദ്രയുള്ളവരുടെ മുഖം ക്രിസ്തുവിന്റെ മുഖമാണ്; ദൈവാത്മാവിന്റെ മുദ്രയുള്ളവരുടെ പാദങ്ങളും, പാണികളും, കണ്ണും കരളും, നാവും നാഡികളും ക്രിസ്തുവിന്റേതാണ്. ദൈവാത്മാവിന്റെ മുദ്രയെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന തിന്മകളായ വിദ്വേഷം, ക്ഷോഭം, ക്രോധം, അട്ടഹാസം, പരദൂഷണം ഇവയിൽ നിന്ന് അകന്നു നില്ക്കാൻ എഫേസുകാരോട് പൗലോസ് അപ്പോസ്തലൻ ആഹ്വാനം ചെയ്യുന്നു. ദൈവാത്മാവിന്റെ മുദ്ര നമ്മിൽ പതിപ്പിക്കുന്ന ക്ഷമയും, കരുണയും, ഹൃദയാർദ്രതയും സ്നേഹവും നമ്മെ ദൈവത്തിന് ഏറെ പ്രിയങ്കരരും വത്സലമക്കളുമായി മാറ്റുന്നു. ദൈവാത്മാവിന്റെ മുദ്രയെ വികൃതമാക്കുന്ന തിന്മകളിൽ നിന്ന് അകന്ന പത്രോസ് ദൈവത്തിന് ഏറ്റവും പ്രിയങ്കരനായി മാറി; അവന്റെ മുഖത്തിലും ഹൃദയത്തിലും ക്രിസ്തുവിന്റെ ഛായയായിരുന്നു. അവന്റെ വിരലുകളിലും വസ്ത്രത്തിലും ദൈവാത്മാവിന്റെ മുദ്രയുണ്ടായിരുന്നു. അവൻ പോകുന്ന വഴികളിൽ അവന്റെ വസ്ത്രത്തിന്റെ വിളുമ്പ് സ്പർശിച്ചവർക്കും, അവന്റെ നിഴൽ പതിച്ചവർക്കും, അവന്റെ

വിരൽ സ്പർശിച്ചവർക്കും സൗഖ്യം ലഭിച്ചു. തിന്മയുടെ മനുഷ്യനായിരുന്ന സാവുളിൽ ദൈവാത്മാവിന്റെ മുദ്ര പതിഞ്ഞപ്പോൾ സാവുൾ പൗലോസായി. അവൻ മുഴുവനിലും ക്രിസ്തുവുണ്ടായിരുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത് ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. (ഗലാ: 2:20). തിന്മയെ ഉപേക്ഷിച്ചപ്പോൾ ഫ്രാൻസിസ് അസീസി ആത്മാവിന്റെ മുദ്രയുള്ള രണ്ടാം ക്രിസ്തുവായി. ആത്മാവിന്റെ മുദ്ര നല്കുന്ന പുണ്യങ്ങൾ അഭ്യസിച്ചുകൊണ്ട് നമുക്ക് ദിവ്യകാരുണ്യ മുഖങ്ങളുള്ള നന്മയുടെ മനുഷ്യരാകാം. ദൈവാത്മാവിന്റെ മുദ്രയുള്ള ദൂതരാകാൻ തിന്മകൾ ഉപേക്ഷിച്ചുകൊണ്ട് നന്മകൾ അഭ്യസിക്കാം.

3. നിത്യജീവന്റെ ദൂതർ

അപ്പം മൂന്നുതരത്തിലുണ്ട്- ശാരീരക അപ്പം, മാനസിക അപ്പം, ആത്മീയ അപ്പം. മനുഷ്യന് നിത്യജീവൻ നല്കുന്ന അപ്പം ആത്മീയ അപ്പമാണ്. ഈ അപ്പം ഭക്ഷിക്കുന്നവർക്ക് വിശക്കുകയില്ല, മരണമുണ്ടാവുകയില്ല. ഈ അപ്പം ക്രിസ്തുവാണ്!

a) ശാരീരിക അപ്പം

വിശപ്പകാറ്റാനും, ജീവൻ നിലനിറുത്താനും ആരോഗ്യം സംരക്ഷിക്കാനും അപ്പം അത്യാവശ്യമാണ്! അതുകൊണ്ടു തന്നെയാവണം യേശു പഠിപ്പിച്ച പ്രാർത്ഥനയിൽ ഇങ്ങനെയൊരു യാചനയുണ്ടായത്: "അന്നന്നുവേണ്ട ആഹാരം ഞങ്ങൾക്ക് തരേണമേ". മനുഷ്യന്റെ വിശപ്പിനോട് എന്നും ക്രിയാത്മകമായിട്ടാണ് ദൈവം പ്രതികരിച്ചിട്ടുള്ളത്. മരുഭൂമിയാത്രയിൽ ഇസ്രായേൽ ജനത്തെ ദൈവം മന്നകൊണ്ട് പരിപോഷിപ്പിച്ചു. വിശന്ന ജനാവലിക്ക് അഞ്ചപ്പം കൊണ്ട് അവിടുന്ന് ഭക്ഷണമൊരുക്കി. അപ്പോസ്തലന്മാർക്ക് സ്നേഹത്തിന്റെ പ്രാതൽ വിളമ്പിയും ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തി. ഈ ലോകം മുഴുവനും നന്നായി ഭക്ഷിക്കുവാനുള്ള അന്നം ദൈവം നല്കിയിട്ടുണ്ട്. എങ്കിലും അന്നം കിട്ടാതെ ഒരു ദിവസം പതിനേഴായിരം പേർ മരിക്കുന്നു. സ്വന്തം കൺമുന്നിൽ പട്ടിണികൊണ്ട് ആരും മരിക്കാതിരിക്കുവാൻ നമ്മൾ അപ്പമായി മാറണം. ഭൂമിയിലെ വിശപ്പ് ഇല്ലാതാക്കാൻ നമുക്കുള്ളത് പങ്കുവക്കാം!

b) മാനസിക അപ്പം

നീ എന്ത് ഭക്ഷിക്കുന്നുവോ, നീ അതായി മാറുന്നു. പഴമയുടെ മനുഷ്യർ പറഞ്ഞത് എത്രയോ വാസ്തവമാണ്. പിതാവിൽ നിന്ന് മാപ്പ് എന്ന പുണ്യം ആഹരിച്ചതുകൊണ്ടാണ് മോഹൻദാസ് കരംചന്ത് ഗാന്ധിക്ക് സ്വന്തം വായിൽ നിന്ന് ചോര കിനിയുമ്പോഴും തന്നെ പുറങ്കാലുകൊണ്ട് പ്രഹരിച്ച വെള്ളക്കാരനോട് നിനക്ക് വേദനിച്ചുവോ എന്ന് ചോദിക്കാനായത്. ബാല്യത്തിൽ മനസ്സിൽ ആഹരിച്ച വിദ്വേഷവും പകയുമാണ് ഹിറ്റ്ലറെ ചരിത്രത്തിലെ ഏറ്റവും വലിയ ക്രൂരനും, കൊടും പാപിയുമായി മാറ്റിയത്! ഉദരത്തിൽ പോകുന്ന ആഹാരം മാത്രമല്ല അപ്പം, മനസ്സിനുള്ളിൽ ആഹരിക്കുന്നതും അപ്പമാണ്. പഴയനിയമ പുസ്തകത്തിലെ ആർത്തികൊണ്ട് മനസ്സിനെ ഊട്ടിയ യാക്കോബ് തന്റെ സഹോദരനെ വഞ്ചിക്കുന്നവനായി മാറി. കുഞ്ഞ് അപ്പനോട് ചോദിച്ചു. എന്റെ ഉള്ളിൽ സദാ പരസ്പരം പോരാടുന്ന രണ്ടു കരടികളുണ്ട്. ഒടുവിലത്തെ വിജയം ആരുടേതാണ്? നീയേതിന് തീറ്റ കൊടുക്കുന്നുവോ അതിനാവും വിജയം. നമ്മുടെ മനസ്സിൽ നന്മയും തിന്മയുമുണ്ട്. നമ്മുടെ മനസ്സ് ആഹരിക്കുന്നത് നന്മയുടെ അപ്പമാണെങ്കിൽ നമ്മുടെ ജീവിതം നന്മ നിറഞ്ഞതായിരിക്കും. തിന്മയുടെ അപ്പമാണെങ്കിൽ തിന്മ നിറഞ്ഞതായിരിക്കും നന്മയുടെ അപ്പം കൊണ്ട് നമ്മുടെ മനസ്സിനെ നന്മയുള്ളതാക്കാം.

c) നിത്യജീവന്റെ അപ്പം

ക്രിസ്തുവാണ് നിത്യജീവന്റെ അപ്പം. ഈ അപ്പമാണ് നാം ആഹരിക്കേണ്ടത്. ഈ അപ്പം ഭക്ഷിക്കുന്നവൻ ക്രിസ്തുവാകും. വിവേകാനന്ദൻ തന്റെ ശിഷ്യരോട് പറഞ്ഞു. നിങ്ങൾ ക്രിസ്തുവാകണം. ക്രിസ്തവാകണമെങ്കിൽ നിത്യജീവന്റെ അപ്പമായ ക്രിസ്തുവിനെ നാം ഭക്ഷിക്കണം. ക്രിസ്തു തന്നെ പറയുന്നു, സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്ന് ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. കുഞ്ഞ് അമ്മയെ ഭക്ഷിച്ചാണല്ലോ വളരുന്നത്. അതുപോലെ ക്രിസ്ത്യാനികൾ ക്രിസ്തുവിനെ ഭക്ഷിച്ചാണ് വളരേണ്ടത്. എങ്കിൽ മാത്രമേ നമുക്ക് നിത്യജീവൻ ലഭിക്കുകയുള്ളൂ. നമുക്കും മറ്റുള്ളവരെ നിത്യജീവൻ സ്വന്തമാക്കാൻ ക്രിസ്തുവിനെ ഭക്ഷിക്കുവാൻ കൊണ്ടുവരുന്ന ദൂതന്മാരാകാം. ■

ആണ്ടുവട്ടം 20-ാം ഞായർ (ആഗസ്റ്റ് 19)

നീർച്ചാലുകൾ

ഫാ. പോൾസണ്ണി

പൊട്ടിത്തെറിക്കുന്ന വീഞ്ഞ്

സുഭാ. 9 : 1-6 | എഫേ. 5 : 15-20 | യോഹ. 6 : 51-58

പഴയനിയമത്തിൽ ജനം ദാഹത്താൽ വലഞ്ഞ് കലഹിച്ച സ്ഥലമാണ് നസ്സാ. "ദാഹം കൊണ്ട് ചാകുകയാണ് ഞങ്ങൾ"(പുറ. 17: 3-7) വിശന്നപ്പോൾ അത്യാർത്തിയോടെ അവർ കാടപക്ഷികളെ തിന്ന സ്ഥലമാണ് ക്രിബ്രാത്ത് ഹത്താവ (സംഖ്യ 11: 34). ദാഹം കൊണ്ട് സമരിയാക്കാരി ഓടിയെത്തിയ കിണർ സിക്കാറിലാണ്. ശിഷ്യന്മാർ കതിരുകൾ പറിച്ചു ഭക്ഷിച്ചത് ഗോതമ്പുവയലിലാണ് (മത്താ. 12:1). യേശുവിന് ദാഹിച്ച സ്ഥലം കാൽവരി(യോഹ. 19: 28). ശരിക്കുള്ള ദാഹവും വിശപ്പും

ഒരു വശത്ത്. ആർത്തിയുടെ മറ്റൊരു വശം. പൊട്ടിത്തെറിക്കുന്ന വീഞ്ഞിനെക്കുറിച്ച് പറഞ്ഞത് ക്രിസ്തുവാണ്. പുതിയ വീഞ്ഞ് പുതിയ തോല്ക്കുടങ്ങളിൽത്തന്നെ നിറയ്ക്കണം. മാമൂലുളുടെയും ആചാരങ്ങളുടെ പ്രതിഷ്ഠകളുടെയും അർത്ഥശൂന്യമായ പഴയതോല്ക്കുടങ്ങൾ ആകാതിരിക്കാനുള്ള ഉപദേശം. കാലവും സമയവും മാറുമ്പോഴും പഴയതോല്ക്കുടങ്ങൾ മാറ്റാൻ ഇഷ്ടമില്ലാത്തവരുണ്ട്. സ്നേഹത്തിന്റെയും പരിലാളനയുടെയും നിറവ് നഷ്ടപ്പെട്ട്, ധാർമ്മികമൂല്യങ്ങൾ കൈമോശം വന്ന് തകരുന്ന കുടുംബമാകുന്ന തോൽക്കുടങ്ങൾ ഉണ്ട്. അപ്പൻ ഒലിച്ചുപോകുന്നത്. മക്കൾ കമിഴ്ന്ന് പോകുന്നത്! ശിമയോന്റെ വീട്ടിൽ യേശു വിരുന്നിനുവന്നു. അവിടെ വന്ന് യേശുവിന്റെ പാദങ്ങൾ കണ്ണീരുകൊണ്ട് കഴുകിയത് ഒരു വേശ്യയാണ്. നിയമത്തിന്റെയും ആചാരത്തിന്റെയും കണ്ണിലൂടെ കാണുന്ന ശിമയോന് ഈ പ്രവൃത്തി അസഹ്യമാണ് . എന്നാൽ വേശ്യയെ സ്നേഹിച്ച യേശു അവളെ കന്യകയും പരിശുദ്ധയുമാക്കി. ഉപഗുപ്തൻ എന്ന ബുദ്ധസന്യാസി ഏത് അനുരാഗത്തോടെ വാസവദത്തയെ നോക്കിയോ അതേപോലെ.

ജ്ഞാനത്തിന്റെ ഭവനത്തിലേക്കുള്ള ക്ഷണമുണ്ട്. സ്ത്രീയുടെ ഭവനത്തിൽ സുഭിക്ഷമായി ഉണ്ണാനുള്ള ക്ഷണം. ഏഴു തൂണുകൾ, ഭൂമിയുടെ അടിസ്ഥാനമാണെന്ന സാങ്കല്പിക കഥപോലെ! ഇത് ദേവാലയത്തിന്റെ അടിത്തറയായും കാണാം. ഇതൊരു ഉത്സവമാണ്. യേശുവിന്റെ ഗിരിപ്രഭാഷണം ഈ ഉത്സവത്തിലേക്കുള്ള ക്ഷണമാണ്. വിശപ്പിൽനിന്ന് ഭോജനത്തിലേക്ക്, നിരാലംബത്തിൽനിന്ന് ആലംബത്തിലേക്ക്.

അപ്പം ഭക്ഷിക്കാനും വീഞ്ഞു കുടിക്കാനുമാണ് ഭവനം ക്ഷണിക്കുന്നത്. എഫേസോസുകാർക്കുള്ള ലേഖനത്തിൽ വീഞ്ഞ്കുടിച്ച് ഉന്മത്തരാകരുതെന്ന് പൗലോസ് താക്കീതുചെയ്യുന്നു. അതിരുകൾ ലംഘിച്ച് ദുരാസക്തിയിലേക്ക് പോകുന്നതിലുള്ള സൂചനയാണിത്.

നിക്ഷേപസഭ

യൂദാസ് ഉപേക്ഷിച്ചിടത്തുനിന്ന് നാം തുടങ്ങിയിരിക്കുന്നു. ഉപേക്ഷിക്കപ്പെട്ട അക്കൽദാമ, വഞ്ചനയുടെയും കൊള്ളലാഭത്തന്റെയും പണം കൊണ്ട് ആധുനിക അക്കൽദാമകളായ ശവപ്പറമ്പുകൾ നാം വാങ്ങിക്കൂട്ടുന്നു. സഭ ഒരു നിക്ഷേപസഭയായി. മതിലുകളും ചുമരുകളും ഇല്ലാത്ത ദേവാലയമാണ് ക്രിസ്തുവിന്റേത്. ആരുടെയും സ്വന്തമല്ലാത്ത മരുഭൂമികളിലും മലമേലുമാണ് അവൻ പ്രാർത്ഥിച്ചത്. കല്ലുകളെ അപ്പമാക്കാനുള്ള പ്രലോഭനത്തെ ക്രിസ്തു അതിജീവിച്ചു. അപ്പം കീറിക്കൊടുത്തുകൊണ്ടുതന്നെയാണ് ക്രിസ്തു ജനത്തിന്റെ വയർ നിറച്ചത്. അപ്പത്തെ കല്ലാക്കാനുള്ള പ്രലോഭനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ജനത്തിന്റെ അപ്പക്കാശ്, മക്കളുടെ പഠിപ്പുകാശ്, മരുന്നുകാശ് ഇതൊക്കെ നിർബന്ധബുദ്ധിയോടെ വാങ്ങിക്കൂട്ടി നാം കല്ലടുക്കി പള്ളികെട്ടുന്നു. അഹറോൻ സ്വർണംകൊണ്ട് കാളക്കുട്ടിയെ ഉണ്ടാക്കിയതും ഈ വിധം തന്നെ. ഇസ്രയേലിൽ ഭാര്യമാരുടെയും പുത്രീപുത്രന്മാരുടെയും കാതിലുള്ള സ്വർണവളകൾ ഊരിയെടുത്താണ് കാളക്കുട്ടിയെ ഉണ്ടാക്കിയത്. അവരുടെ കാനാൻ യാത്രയിൽ അത് അവരുടെ കരുതൽ ശേഖരമായിരുന്നു. അതാണ് പിടിച്ചെടുത്തത്.

തിന്മയെയും ജഡമോഹത്തെയും ഉപേക്ഷിച്ചാലെ ആത്മീയ മനുഷ്യരാകാൻ പറ്റൂ. ഇസ്രായേലിന്റെ പരിഷ്ക്കർത്താക്കൾ മൃഗബലിയുടെ ദേവാലയങ്ങൾ വിട്ടിട്ടാണ് വചനകേന്ദ്രീകൃതമായ സിനഗോഗുകളിലേക്ക് തിരിഞ്ഞത്. സിനഗോഗ് ജനത്തിന്റെ ഇടയിലാണ് സ്ഥാപിക്കപ്പെട്ടത്. വളരെ ലളിതമായ പ്രാർത്ഥനാസംഘം. അവിടെയും റബ്ബിമാരുടെ നിയമങ്ങളും ചട്ടങ്ങളും വന്നു. അതുകൊണ്ടാണ് സാധാരണക്കാരനായ തച്ചന്റെ മകന്റെ പ്രസംഗം അവർ നിരസിച്ചത്. ഇതുകൊണ്ടാണ് ക്രിസ്തു മതിലുകളില്ലാത്ത ദൈവാലയങ്ങളിൽ വിശ്വസിച്ചത്.

പാട്ടുപാടി നടക്കുന്നവർ

ദൈവത്തെ ആരാധിക്കാൻ ആത്മീയഗാനങ്ങൾ മാത്രം മതിയെന്ന് പൗലോസ് പഠിപ്പിക്കുന്നു. ഒരു ഗാന ആസ്വാദകൻ. ഒലിവുമലയിലേക്ക് മൃഗങ്ങളുമായി ബലിയർപ്പിക്കാനല്ലല്ലോ ക്രിസ്തു ശ്രമിച്ചത്. വളരെ കൂൾ ആയി ശിഷ്യന്മാരോടൊപ്പം പാട്ടും പാടിയാണല്ലോ യേശു മലമുകളിലേയ്ക്ക് പോയത്. പാട്ടു പാടേണ്ട നേരത്ത് വ്യാകരണം പഠിപ്പിക്കേണ്ടതില്ലല്ലോ.

ദാവീദിന്റെ പുത്രൻ എന്ന വിളി ക്രിസ്തുവിനെ വിഗ്രഹവൽക്കരിക്കലാണ്. രാജാവാക്കലാണ്. അപ്പം തരാമെന്നു പറഞ്ഞവനെ പൊന്നും പട്ടും ആർഭാടത്തിലും കാണാൻ ജനം ആഗ്രഹിച്ചു. ദാവീദിന്റെ പുത്രൻ എന്ന ഉന്നതവിഗ്രഹത്തെ തകർത്ത് മനുഷ്യപുത്രൻ എന്ന സാധാരണത്വത്തലേക്ക് ക്രിസ്തു ഇറങ്ങി നടന്നു. ദൈവം പാവങ്ങളോടും ദുർബലരോടും മർദിതരോടും ചേരിചേർന്ന് ക്രൂശിക്കപ്പെട്ടു. ഈ ചേരി ചേരൽ ഇല്ലാത്തിടത്താണ് വെറും ഒരു കുടാരത്തിൽ തുടങ്ങിയ ചെറുക്കുടിൽ സഭയെ കോർപ്പറേറ്റ് വത്ക്കരിക്കാനുള്ള ശ്രമമുണ്ടാകുന്നത്.

പുരോഹിതൻ അപ്പമുയർത്തുമ്പോൾ അതിന്റെ അരികുകൾ ഭക്ഷിക്കാൻ അധ്വാനിച്ചിട്ടും അത്താഴം തരമാകാതെ പോയവരേറെയുണ്ടെന്ന് ഓർക്കാം. വീഞ്ഞുയർത്തുമ്പോൾ ദാഹിക്കുന്ന നാവുകളേറെയുണ്ടെന്നുമുള്ള തിരിച്ചറിവാകട്ടെ നമ്മുടെ കുർബാന. ■

ദൈവത്തെ ആരാധിക്കാൻ ആത്മീയഗാനങ്ങൾ മാത്രം മതിയെന്ന് പൗലോസ് പഠിപ്പിക്കുന്നു. ഒരു ഗാന ആസ്വാദകൻ. ഒലിവുമലയിലേക്ക് മൃഗങ്ങളുമായി ബലിയർപ്പിക്കാനല്ലല്ലോ ക്രിസ്തു ശ്രമിച്ചത്. വളരെ കൂൾ ആയി ശിഷ്യന്മാരോടൊപ്പം പാട്ടും പാടിയാണല്ലോ യേശു മലമുകളിലേയ്ക്ക് പോയത്.

നീർച്ചാലുകൾ

ഫാ. അജിമോൻ IVDei

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും

ജോഷ്വാ. 24: 1-2a, 15-17. 18 b. | എഫേ. 5:21-32 | യോഹ. 6: 60-69

ദാമ്പത്യത്തിന്റെ ഇരുപത്തിയഞ്ച് വർഷം ആഘോഷിക്കുന്ന ദമ്പതികൾ. ഭർത്താവ് ഈ സന്തോഷദിവസത്തിന്റെ ഓർമ്മയിൽ, ഭാര്യയ്ക്ക് മനോഹരമായ ഒരു കാർ സമ്മാനിച്ചു. ഭാര്യയ്ക്ക് ഒരുപാട് ഇഷ്ടപ്പെട്ടു. അടുത്തദിവസം, ഭാര്യ തനിക്കുകിട്ടിയ കാറുമായി ഷോപ്പിംഗിന് പുറപ്പെട്ടു. കാറിൽ സഞ്ചരിക്കവെ, നിയന്ത്രണം വിട്ട് കാർ അടുത്തുള്ള പോസ്റ്റിൽ ഇടിക്കുകയും മുൻവശം തകരുകയും ചെയ്തു. ഭാര്യയ്ക്ക് നിരാശയായി, ഒരു ദിവസം കഴിയും മുമ്പേ ഭർത്താവിന്റെ സമ്മാനം നശിപ്പിച്ചതോർത്ത്. പോലീസുവന്ന്, ലൈസൻസ് കാണിക്കാൻ ആവശ്യപ്പെട്ടു. ലൈസൻസ് ബോക്സിൽ നിന്ന് എടുക്കുന്നതിനിടയിൽ ഒരു കടലാസുകഷ്ണം താഴെ വീണു. പോലീസിൽ നിന്നും താക്കീതും വാങ്ങി മുന്നോട്ടുപോകവേ ആ കടലാസ് കഷണം ശ്രദ്ധയിൽപ്പെട്ടു. കാർ നിർത്തി അതിലെന്താണ് എന്ന് നോക്കിയപ്പോൾ അതിൽ തന്റെ ഭർത്താവിന്റെ വാക്കുകൾ. അത് ഇങ്ങനെയാണ് എനിക്ക് പ്രിയമുള്ളവളെ, എന്നെങ്കിലും ഈ കാറിന് എന്തെങ്കിലും കേടുണ്ടായാൽ ഓർക്കണം ഞാൻ സ്നേഹിക്കുന്നത് ഈ കാറിനെയല്ല. മറിച്ച് നിന്നെയാണ്. ഭാര്യയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഒരു യഥാർത്ഥ ബന്ധത്തിന്റെ കഥ. ഒരു യഥാർത്ഥ ദാമ്പത്യബന്ധത്തിന്റെ കഥ. ലോകത്തിലെ ഏറ്റവും ആഴമേറിയ ബന്ധത്തിന്റെയും കഥ. ഈ പരിശുദ്ധവും ദൃഢവുമായ ബന്ധത്തിലേക്കാണ് ക്രിസ്തു നമ്മെ വിളിക്കുന്നത്. സഭയെ വധുവായി കാണുകയും സ്നേഹിക്കുകയും ചെയ്യുന്ന ക്രിസ്തുവിനെ ഇന്ന് നാം മനസ്സിലാക്കണം.

ക്രിസ്തുവിന്റെ മണവാട്ടിയാണ് സഭ (ദൈവജനം) എന്ന് മനസ്സിലാക്കുമ്പോൾ, ബൈബിൾ പ്രേമലേഖനമായും, ദിവ്യബലി ജീവശ്വാസമായും, ക്രിസ്തു ജീവിതമാണെന്നും നാം തിരിച്ചറിയുന്നു. ഈ തിരിച്ചറിവാണ് സഭയുടെ ആത്മാവ്. സഭ ക്രിസ്തുവിന്റെ ശരീരമാണ്.

ക്രിസ്തുവിന്റെ മണവാട്ടിയാണ് സഭ (ദൈവജനം) എന്ന് മനസ്സിലാക്കുമ്പോൾ, ബൈബിൾ പ്രേമലേഖനമായും, ദിവ്യബലി ജീവശ്വാസമായും, ക്രിസ്തു ജീവിതമാണെന്നും നാം തിരിച്ചറിയുന്നു. ഈ തിരിച്ചറിവാണ് സഭയുടെ ആത്മാവ്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. സഭയാകുന്ന ശരീരത്തിലെ ഹൃദയം ക്രിസ്തുവിനോടൊപ്പം മിടിക്കുന്നുണ്ടോ?

ബൈബിളിലുടനീളം കാണാം ദൈവം തന്റെ ജനത്തെ സ്വന്തം സൈന്യങ്ങളുടെ കർത്താവ് എന്നാണ് അവിടുത്തെ നാമം, ഇസ്രായേലിന്റെ പരിശുദ്ധനാണ് നിന്റെ വിമോചകൻ. ഭൂമി മുഴുവന്റെയും ദൈവം എന്ന് അവിടുന്ന് വിളിക്കപ്പെടുന്നു (ഏശ 54:5). യുവാവ് കന്യകയെ എന്നപോലെ നിന്റെ പുനരുദ്ധാരകൻ നിന്നെ വിവാഹം ചെയ്യും. മണവാളൻ മണവാട്ടിയിലെന്നപോലെ നിന്റെ ദൈവം നിന്നിൽ സന്തോഷിക്കും (ഏശ 62:5) മണവാട്ടിയുള്ളവനാണ് മണവാളൻ അടുത്തുനിന്ന മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു. അതുപോലെ എന്റെ ഈ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു. സ്നാപക യോഹന്നാൻ ക്രിസ്തുവിന്റെ ദൗത്യത്തെ ഉപമിക്കുന്നു (യോഹ. 3:19). ക്രിസ്തുവിന്റെ മണവാട്ടി അണിഞ്ഞൊരുങ്ങുയെന്ന് വെളിപാടിന്റെ പുസ്തകം (വെളി. 19: 17) പുതിയ ജെറുസലേം (സഭ) കർത്താവിനായി അണിഞ്ഞൊരുങ്ങിയെന്ന് (വെളി. 21:2).

ബൈബിൾ അവസാനിക്കുന്നത് ഒരു ക്ഷണക്കത്തോടുകൂടിയാണ്. "ആത്മാവും മണവാട്ടിയും പറയുന്നുവരുക. കേൾക്കുന്നവൻ പറയട്ടെ. വരുക. ദാഹിക്കുന്നവൻ വരട്ടെ. ആഗ്രഹമുള്ളവൻ ജീവന്റെ ജലം സൗജന്യമായി സ്വീകരിക്കട്ടെ" (വെളി. 22:17). ഈ ക്ഷണക്കത്ത് ലഭിച്ചവരാണ് എല്ലാവരും. ക്രിസ്തുവാകുന്ന മണവാളനെ എതിരേൽക്കുവാൻ, ജീവജലം നുകരുവാൻ അവന്റെ വിരുന്നുണ്ണുവാൻ എന്നും നമുക്കും ക്ഷണമുണ്ട്. അവന്റെ ചെറിയ അജഗണത്തെ അവൻ അത്രമാത്രം സ്നേഹിക്കുന്നു. അവന്റെ പ്രാണനായി, പ്രാണൻ തന്ന് സ്നേഹിക്കുന്നു. ആ ആഴമേറിയ ബന്ധത്തിലേക്കാണ് അവൻ നമ്മെ വളിക്കുക.

വലിയൊരു ജനക്കൂട്ടം പലപ്പോഴും അവനെ പൊതിഞ്ഞുനിന്നിരുന്നു (ലൂക്കാ 12:1). ക്രിസ്തു വാസ്തവത്തിൽ അവർക്കുവേണ്ടിയല്ല ഘോഷയാത്രകളിൽ നിന്ന് മാറി നടന്നത്. ഇടുങ്ങിയ വഴിയും വാതിലും തിരയുന്ന ഒരു ചെറിയ അജഗണത്തിനും വേണ്ടിയാണ്. അതുകൊണ്ട് തന്നെ എവിടെയെങ്കിലും വച്ച് ആൾകൂട്ടത്തിന് അവനെ കൈവിട്ടുകളഞ്ഞേ പറ്റൂ. അപ്പോളവൻ ഗുരുസഹജമായ പുഞ്ചിരിയോടെ എന്നോട് ചോദിക്കും. നീയും പോകാൻ ആഗ്രഹിക്കുന്നുവോ (യോഹ. 6:23) അപ്പോൾ ഞാൻ പീറ്ററിനോടൊപ്പം നിലവിളിക്കും - ഞാൻ എവിടേക്ക് പോകാൻ....

2018 സെപ്തംബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ വികസിത സമൂഹം

1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/ നാഥ
3. ആമുഖം

കേരള ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ ഇന്നു കാണുന്ന പിന്നാക്കാവസ്ഥയുടെ മുഖ്യകാരണം തങ്ങളുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കാൻ ഉതകുന്ന വിദ്യാഭ്യാസം അതിന്റെ സമഗ്രതയിൽ നേടിയെടുക്കുന്നതിലുണ്ടായ അപജയങ്ങളാണെന്ന് കേരള ലത്തീൻ സഭയുടെയും സമുദായത്തിന്റെയും ഉന്നതനയരൂപീകരണ സമിതിയായ കേരള റീജണൽ ലാറ്റിൻ കാത്തലിക് കൗൺസിൽ (KRLCC) വിലയിരുത്തുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ ജൂലൈ 13-15 വരെ കൊച്ചി രൂപതയുടെ ആൽഫാ പാസ്റ്ററൽ സെന്ററിൽ വച്ച് കൂടിയ 32-ാമത് ജനറൽ അസംബ്ലിയുടെ പഠനങ്ങൾക്കും ചർച്ചകൾക്കും തെരഞ്ഞെടുത്ത വിഷയം "വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ വികസിത സമൂഹം" എന്നതായിരുന്നു. നിലവിൽ രൂപതാതലങ്ങളിൽ നിലനിൽക്കുന്ന ഔപചാരിക വിദ്യാഭ്യാസ സംവിധാനങ്ങളുടെയും സമീപനങ്ങളുടെയും പ്രവർത്തനരീതികളുടെയും നേട്ടങ്ങളും കോട്ടങ്ങളും ചർച്ച ചെയ്യപ്പെട്ടു. ഇതിന്റെ വെളിച്ചത്തിൽ സമുദായതലത്തിൽ താഴെ തട്ടിൽ നിന്നുതന്നെയുള്ള ഒരു വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ ആവശ്യകതയും അതിനുതകുന്ന ഒരു ബദൽ വിദ്യാഭ്യാസ പ്രവർത്തനരേഖയും അവതരിപ്പിക്കുകയുണ്ടായി.

ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ജൂലൈ 17-ാം തീയതി നടന്ന നമ്മുടെ അതിരൂപതാ വൈദിക സമ്മേളനത്തിലും ഇതേ വിഷയം പഠനത്തിനും ചർച്ചക്കും വിധേയമാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ കേന്ദ്രീകൃതവും താഴെതട്ടിൽ നിന്നും രൂപപ്പെടേണ്ടതുമായ പുതിയ വിദ്യാഭ്യാസ പ്രവർത്തനശൈലിയെക്കുറിച്ച് നമ്മുടെ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലും ഇടവക - ഫെറോന - അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതികളിലും പഠനത്തിനും ചർച്ചക്കും വിധേയമാക്കി പ്രവർത്തനമാരംഭിക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. അതിനാൽ ഈ മാസത്തെ നമ്മുടെ കൂട്ടായ്മ യോഗത്തിൽ ഈ വിഷയം പ്രധാനമായും ചർച്ചാ വിഷയമാക്കുന്നത് ഉചിതമായിരിക്കും.

4. യേശുവിനെ ക്ഷണിക്കൽ

നമ്മുടെ സഭയുടെയും സമുദായത്തിന്റെയും കുടുംബങ്ങളുടെയും വ്യക്തികളുടെയും വളർച്ചയ്ക്ക് ഏറെ പ്രാധാന്യമർഹിക്കുന്ന "വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ വികസിത സമൂഹം" എന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കുന്ന, ചർച്ചചെയ്യുന്ന ഈ വേളയിൽ നമ്മുടെ ചിന്തകളെയും ബുദ്ധിയേയും പ്രകാശിപ്പിക്കുവാനായി എല്ലാ അറിവിന്റെയും വിജ്ഞാനത്തിന്റെയും ഉറവിടമായ യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

5. വചനഗീതി
6. ദൈവവചന പാരായണം

സുഭാ 3:13-24

നാം ശ്രവിച്ച വചനത്തെക്കുറിച്ച്, വചനം നൽകുന്ന സന്ദേശത്തെക്കുറിച്ച് അല്പസമയം നിശബ്ദമായി പ്രാർത്ഥനാപൂർവ്വം നമുക്ക് ധ്യാനിക്കാം.

7. വചനവിചിന്തനം

നാം ഇപ്പോൾ ശ്രവിച്ച വചനത്തിന്റെ പൊരുൾ ഉൾക്കൊള്ളുവാൻ സുഭാഷിതങ്ങളുടെ ഒന്നാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന ഒരു വ്യക്തി ജ്ഞാനം - അറിവ്, സമ്പാദിക്കേണ്ടതിന്റെ ലക്ഷ്യം എന്താണെന്ന് മനസിലാക്കണം. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഒരാൾ വിദ്യാഭ്യാസപ്രക്രിയയിൽ വ്യാപരിക്കുന്നത് - ജ്ഞാനവും അറിവും സ്വായത്തമാക്കുന്നതും പകർന്നു നൽകുന്നതും, അതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങളും അന്തരീക്ഷവും സംജാതമാക്കുന്നതും താഴെപ്പറയുന്ന കാര്യങ്ങൾ സ്വായത്തമാക്കുവാൻ വേണ്ടിയായിരിക്കണം.

1. മനുഷ്യർ ജ്ഞാനവും പ്രബോധനവും ഗ്രഹിക്കാൻ
2. ഉൾക്കാഴ്ചകൾ പകർന്നു നൽകാൻ
3. വിവേകപൂർണ്ണമായ പെരുമാറ്റം, ധർമ്മം, നീതി, ന്യായം എന്നിവ ശീലിക്കാൻ
4. അറിവ്, വിവേകം, വിവേചനാശക്തി

എന്നിവ പ്രദാനം ചെയ്യാൻ

മേൽപ്പറഞ്ഞ ലക്ഷ്യങ്ങളോടുകൂടി നടത്തുന്ന വിദ്യാഭ്യാസ പ്രക്രിയ - ജ്ഞാനത്തിന്റെയും അറിവിന്റെയും കൈമാറ്റപ്രക്രിയ, വളരെ ശ്രേഷ്ഠവും അമൂല്യവുമാണെന്നാണ് ഇന്ന് നാം കേട്ട തിരുവചനം നമ്മെ അനുസ്മരിപ്പിക്കുന്നത്.

മസ്തിഷ്കത്തിന്റെ വികാസവും അറിവിന്റെ ശേഖരണവും മാത്രമല്ല വിദ്യാഭ്യാസ പ്രക്രിയയിൽ നടക്കേണ്ടത്. പ്രത്യുത, ജീവിതത്തെ കരുപ്പിടിപ്പിക്കുന്ന, പ്രതിസന്ധികളിൽ തളരാതെ, വെല്ലുവിളികളെ സമചിത്തതയോടെ അഭിമുഖീകരിക്കുവാൻ ഒരുവനെ പ്രാപ്തനാക്കുന്ന ജ്ഞാനം സ്വന്തമാക്കുക എന്ന കർമ്മം കൂടി നടന്നാലേ വിദ്യാഭ്യാസ പ്രക്രിയ പൂർണ്ണമാകൂ. വിജ്ഞാനത്തിന്റെ ഉറവിടം ദൈവമാണ്. ദൈവാനുഗ്രഹവും ദൈവഭക്തിയുമുള്ള ഒരു വ്യക്തിക്കു മാത്രമേ ശരിയായ വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമാകാൻ കഴിയൂ.

ജ്ഞാനം നേടുന്നവനും അറിവു ലഭിക്കുന്നവനും ഭാഗ്യവാനാണ്; കാരണം അത് വെള്ളിയേയും സ്വർണ്ണത്തേയും കാൾ ശ്രേഷ്ഠവും രത്നത്തെക്കാൾ അമൂല്യവുമാണ്. സുഭാഷിതങ്ങൾ 3-ാം അദ്ധ്യായം 16 മുതൽ 18 വരെയുള്ള വാക്യങ്ങൾ വിചിന്തനം ചെയ്യുമ്പോൾ സമഗ്രമായൊരു വിദ്യാഭ്യാസ ദർശനമാണ് ലഭിക്കുന്നത്. ദൈവം നൽകുന്ന ജ്ഞാനം ദൈവകൃപയാലും നമ്മുടെ കഠിനാദ്ധ്വാനത്താലും വിദ്യാഭ്യാസ പ്രക്രിയയിലൂടെ സ്വായത്തമാക്കുമ്പോൾ നമുക്ക് ദീർഘായുസ്സും സമ്പത്തും ബഹുമതിയും ലഭിക്കുന്നു. സമൂഹം, കുടുംബം, വ്യക്തി എന്നീതലങ്ങളിൽ സമാധാനവും സന്തോഷവും അനുഭവിക്കുന്നു. മരണത്തിന്റെ, ഭയത്തിന്റെ, നിരാശയുടെ ശക്തികളെ ഉന്മൂലനം ചെയ്തുകൊണ്ട് ജീവസംസ്ക്കാരത്തിന്റെ വക്താക്കളായി മാറുന്നു.

ഇത്തരം ജ്ഞാനം സ്വന്തമാക്കുമ്പോൾ മനുഷ്യന് സുരക്ഷിതമായി ജീവിക്കുവാനാകും. അവന്റെ കാലുകൾക്ക് ഇടർച്ചയുണ്ടാവില്ല. അവന് സ്വസ്ഥതയും സുഖനിദ്രയും ലഭിക്കുന്നു.

മനുഷ്യന്റെ മസ്തിഷ്കത്തിന്റെ വികാസത്തിലൂടെ അവൻ നൂതനമായ ശാസ്ത്ര സാങ്കേതിക വിദ്യകൾ വികസിപ്പിക്കുകയും അറിവിന്റെ പുത്തൻ വാതായനങ്ങൾ തുറക്കുകയും ചെയ്യുന്നു. അതിലൂടെ അധികമായി സമ്പത്ത് നേടുന്നു. ലോകത്തിന്റെ ഏത് കോണിലിരുന്നാലും ഇഷ്ടപ്പെടുന്ന വ്യക്തികളുമായി ആശയവിനിമയം നടത്താൻ കഴിയുന്നു. അപ്പോഴും മനുഷ്യമനസ് നിരാശയിലാഴുന്നു; ഭയത്താൽ വലയം ചെയ്യപ്പെടുന്നു. നാൾക്കുനാൾ അരക്ഷിതാവസ്ഥയിലേക്ക് അവൻ വലിച്ചെറിയപ്പെടുന്നു.

ഈ പശ്ചാത്തലത്തിലാണ് ബൈബിൾ ഭാഷ്യമനുസരിച്ചുള്ള വിദ്യാഭ്യാസ പ്രക്രിയയ്ക്ക് - ജ്ഞാനത്തിന്റെയും അറിവിന്റേയും - കൈമാറ്റത്തിന് നാം ഊന്നൽ നല്കേണ്ടത്. ഈ വിദ്യാഭ്യാസ കൈമാറ്റം ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്ന വലിയൊരു ശുശ്രൂഷയാണ്. ഇവിടെ വിദ്യാർത്ഥി - വ്യക്തിയാണ് കേന്ദ്രമാകേണ്ടത്, സ്ഥാപനമല്ല. കൂട്ടായ്മയിലും കൂട്ടുത്തരവാദിത്തത്തോടും കൂടിയാണ് ഈ ശുശ്രൂഷ നിർവ്വഹിക്കപ്പെടേണ്ടത്. അടിസ്ഥാനപരമായി കുടുംബങ്ങൾക്കും വ്യക്തികൾക്കുമാണ് പ്രധാന ഉത്തരവാദിത്തമെങ്കിലും ക്രിസ്തീയ കാഴ്ചപ്പാടിൽ നമ്മുടെ കുടുംബകൂട്ടായ്മകൾക്കും, ഇടവക സമൂഹത്തിനും ഏറെ പ്രത്യേകിച്ച്, ഇടവകയിലെ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിക്കും വലിയൊരു പങ്കുണ്ട്. അത് ഉൾക്കൊള്ളുവാനും പ്രാവർത്തികമാക്കുവാനും നമുക്ക് സാധിക്കട്ടെ.

8. ചർച്ച

a. പരിശുദ്ധമറിയത്തിന്റെ സ്വർഗാരോപണതിരുനാൾ നമുക്ക് നൽകുന്ന സന്ദേശമെന്ത്? മരിയഭക്തിയിൽ കൂടുതൽ വളരുവാൻ നമുക്ക് എന്തുചെയ്യാം?

b. ഇന്നും നമ്മെയും നമ്മുടെ സമൂഹത്തെയും അടിമത്തത്തിലാക്കുന്ന തിന്മയുടെ ശക്തികൾ, സാമൂഹ്യ വ്യവസ്ഥിതികൾ ഏവ? അവയിൽ നിന്നും എങ്ങനെ മോചനം തേടാം?

c. ഇന്നു നാം ശ്രവിച്ച വചനത്തിന്റേയും വചനസന്ദേശത്തിന്റെയും പശ്ചാത്തലത്തിൽ നമ്മുടെ യൂണിറ്റിൽ/ഇടവകയിൽ ഓണം എങ്ങനെ അർത്ഥവത്തായി ആഘോഷിക്കാം?

9. റിപ്പോർട്ട്

10. ഹാജർ

11. പൊതു അറിയിപ്പ്

a. നാം ഇപ്പോൾ വചനത്തിലും വചനവിചിന്തനത്തിലും ശ്രവിച്ചപോലെ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം ഒരു വ്യക്തിയുടെ സമഗ്രമായ വളർച്ചയ്ക്ക് സഹായിക്കുന്നോ? ഇല്ലായെങ്കിൽ അവയുടെ അടിസ്ഥാന കാരണങ്ങൾ ഏവ?

b. മൂല്യാധിഷ്ഠിതവും ഗുണമേന്മയുള്ളതും സമൂഹത്തിന്റെ വികസനത്തിനുമായി വിദ്യാഭ്യാസ പ്രക്രിയയിൽ ശ്രദ്ധിക്കേണ്ട വസ്തുതകൾ ഏവ?

c. ഈ കാഴ്ചപ്പാടോടുകൂടി നമ്മുടെ യൂണിറ്റിൽ, ഇടവകയിൽ വിദ്യാഭ്യാസ സമിതി ചെയ്യേണ്ട പ്രധാന പ്രവർത്തനങ്ങൾ പങ്കുവയ്ക്കുക.

ഉദാ: - വിദ്യാർത്ഥി ഫോറം, അദ്ധ്യാപക ഫോറം രൂപപ്പെടുത്തൽ.

- വിദ്യാർത്ഥികൾക്ക് കണക്ക്, എഴുത്ത്, വായന എന്നീ അടിസ്ഥാന പ്രവർത്തനങ്ങൾ ഉറപ്പുവരുത്തൽ.
- ശരിയായ പാഠ്യവിഷയങ്ങൾ തെരഞ്ഞെടുക്കുവാനുള്ള മാർഗ്ഗനിർദ്ദേശം.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
- പി.എസ്.സി. പരിശീലനവും വ്യക്തിത്വ വികസന ക്ലാസുകളും
- നിർദ്ദനരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക പിന്തുണ

12. വിശ്വാസികളുടെ പ്രാർത്ഥന

വിദ്യാഭ്യാസ പ്രക്രിയയുടെ ശരിയായ ലക്ഷ്യങ്ങൾ മനസിലാക്കി വ്യക്തികളുടെ സമഗ്രമായ വികസനത്തിലൂടെ നമ്മുടെ സമുദായത്തിന്റെയും സഭയുടെയും വളർച്ചക്കുവേണ്ടി ഒരുമയോടെ പ്രയത്നിക്കുവാനും അതിനായ് നമ്മുടെ അറിവ്, ആരോഗ്യം, സമയം, സമ്പത്ത് എന്നിവ താല്പര്യപൂർവ്വം പങ്കുവയ്ക്കുവാനുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.

13. സമാപനഗാനം

14. സ്നേഹവിരുന്ന്.

15. നന്ദി

തയ്യാറാക്കിയത്:

ഫാ. മൈക്കൾ തോമസ്

സെന്റ് ജൂഡ്സ് മെട്രിക്കുലേഷൻ സ്കൂൾ

ചിന്നത്തുറ

മുപ്പതാം വർഷത്തിലേക്ക്

അതെ! സെന്റ് ജൂഡ്സ് മെട്രിക്കുലേഷൻ സ്കൂൾ ആ സമയത്ത് ഈ പ്രദേശത്തെ ആദ്യത്തെ ഇംഗ്ലീഷ് മീഡിയം സ്കൂൾ. സെന്റ് ജൂഡ്സ് നഴ്സറിയുടെ ആരംഭമാണ് ഈ സ്കൂളിന്റെ വളർച്ചയുടെ ആദ്യപടി. അപ്പോഴത്തെ വികാരിയച്ചന്റെയും പൊതുജനങ്ങളുടെയും പ്രയത്നത്താൽ നല്ല സൗകര്യത്തോടുകൂടിയുള്ള സ്കൂൾ കെട്ടിടം 1989-ാം വർഷം ജൂൺ 1 ന് ആശീർവദിച്ച് ആരംഭം കുറിച്ചു.

ഈ സ്കൂളിന്റെ പ്രവർത്തനം എന്നത്, വിദ്യാർത്ഥികളെ, സാമൂഹിക സാമ്പത്തിക ആത്മീയ വളർച്ചയ്ക്ക് സഹായിച്ച് സമുദായത്തെയും രാജ്യത്തെയും വളർത്താനുകതുന്ന നല്ല ഗുണങ്ങളുടെ ഒരു പൂർണ മനുഷ്യരാക്കുക എന്നതാണ്. വിദ്യാർത്ഥികളുടെ ആഗ്രഹത്തിനൊത്ത് വിദ്യാഭ്യാസ ഉന്നതിയിലും ഗുണത്തിലും ആത്മവിശ്വാസത്തലും ഉയർന്നലക്ഷ്യം ഉള്ളവരായി മാറ്റുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം.

കഴിഞ്ഞ 29 വർഷമായിട്ട് ഈ വിദ്യാലയം പുരോഗമിച്ചുവരുന്നു. എൽകെജി മുതൽ 10-ാം ക്ലാസ് വരെ ഏകദേശം എഴുന്നൂറോളം വിദ്യാർത്ഥികളും 36 അധ്യാപകരുമുണ്ട്. ഈ വർഷം ഇതിന്റെ വളർച്ചയുടെ മുപ്പതാം വാർഷികാഘോഷത്തിന്റെ ആനന്ദനിർവൃതിയിലാണ് പൊതുജനങ്ങൾ.

ഫാ. ബിനു ജോസഫ് അലക്സ്
സ്കൂൾ മാനേജർ

ജെ.സി

ലോകകപ്പ് ഫുട്ബോൾ കളിയും കാര്യവും

ഈ ലോകകപ്പിന് കളിക്കാൻ വന്ന 32 ടീമുകളിൽ ഏറ്റവും കരുത്തുറ്റ ടീമുകളിൽ ഒന്നായിരുന്നു ഫ്രാൻസിന്റേത്. ലോക ചാമ്പ്യന്മാരുടെ കിരീടവുമായി മടങ്ങാൻ അവർക്കായി. 1988 ൽ സ്വന്തം നാട്ടിൽ നടന്ന ലോകകപ്പിൽ ജേതാക്കളായി. 20 വർഷത്തിനുശേഷമുള്ള ഈ കിരീടധാരണത്തിൽ അന്നത്തെ ടീമിന്റെ ക്യാപ്റ്റൻ ദീദിയെ ദെഷാം ഇത്തവണ പരിശീലകനായിവന്നത് ടീമിന് ഒട്ടേറെ കാര്യങ്ങളിൽ കരുത്തുപകരാൻ കഴിഞ്ഞ ഫ്രാൻസിന്റെ എല്ലാ കളികളിലും ഇത് പ്രകടമായിരുന്നു. ഫ്രഞ്ച് ജനത ഈ വിജയം എല്ലാം മറന്ന് ആഘോഷിച്ചു. ലോകകപ്പ് ടീമിൽ വിവിധ രാജ്യങ്ങളിൽ നിന്ന് കുടിയേറിയവരുടെ പിൻതലമുറക്കാരുണ്ട് (പ്രത്യേകിച്ച് ആഫ്രിക്കൻ വംശജരുടെ സാന്നിധ്യം മിക്കവാറും ടീമുകളിൽ ഉണ്ടായിരുന്നു.) അങ്ങനെ നോക്കുമ്പോൾ ഈ ലോകകപ്പ് കിരീടം പലവർഗക്കാർ, പല നിറക്കാർ, വിവിധ ഭാഷകൾ സംസാരിക്കുന്നവർ എന്നിങ്ങനെ ലോകത്തിന്റെ പരിഛേദമായി ഫ്രാൻസ് ടീമിനെ കാണാം. അങ്ങനെ നോക്കുമ്പോൾ ഈ ലോകകപ്പ് കിരീടം ഫ്രാൻസിന് മാത്രമല്ല, ലോകത്തിന് മുഴുവൻ അവകാശപ്പെട്ടതാണ്.

അതേ സമയം 42 ലക്ഷം മാത്രം ജനസംഖ്യയുള്ള ക്രൊയേഷ്യ എന്ന കൊച്ചുരാജ്യം ഫൈനലിൽ പരാജയപ്പെട്ടുവെങ്കിലും മത്സരങ്ങളിലുടനീളം വിജയഗാഥ മുഴക്കിക്കൊണ്ടാണ് അവർ ഫ്രാൻസുമായി മത്സരിച്ചത്. പൊരുതിയും മാനസികബലം പ്രകടമാക്കിയും ആത്മവീര്യം നിലനിറുത്തിയുമാണ് അവർ ഫൈനൽ വരെ എത്തിയത്. കൊയേഷ്യയിൽ നിന്ന് ഒത്തിരിയേറെ പാഠങ്ങൾ പഠിക്കാനുണ്ട്. മികച്ച ടീമുകൾ എന്നു കരുതിയിരുന്ന അർജന്റീന, ബ്രസീൽ, ജർമ്മനി, സ്പെയിൻ തുടങ്ങിയ ടീമുകളുടെ പരാജയം വിമർശന വിധേയമാക്കേണ്ടതുണ്ട്. ഇതിഹാസ താരങ്ങളായ ലയണൽ മെസ്സി, ക്രിസ്റ്റാനോ റൊണാൾഡോ, നെയ്മർ തുടങ്ങിവർ വലിയ ചലനങ്ങൾ ഉണ്ടാക്കാതെ കടന്നുപോയി. ലോകത്തിലെ ഏറ്റവും വിലപിടിപ്പുള്ള ഫ്രാൻസിന്റെ യുവതാരം കൈലിയൽ എംബാപ്പെയെ പോലുള്ളവരുടെ പുത്തൻ താരോദയം ഏറെ ചിന്തനീയമാണ്. ഇവർ ഭാവിയുടെ പ്രതീക്ഷകളുമാണ്. ഒപ്പം ഫുട്ബോൾ ഒരു ടീം വർക്കാണ് എന്ന ഉൾക്കാഴ്ചയും ഈ മത്സരങ്ങൾ നൽകുന്നു.

ഇന്ത്യ ഈ ലോകകപ്പ് വിജയം ശ്രദ്ധയോടെ കാണണം. ഇന്ത്യൻ ടീം 1951 ലും 1962 ലും ഏഷ്യൻ കപ്പ് ഫുട്ബോൾ നേടിയതാണ്. നിലവാരമുള്ള കളിക്കളങ്ങളും അക്കാദമികളും മികച്ച ഫുട്ബോൾ സംസ്കാരവുമുണ്ടെങ്കിൽ ഇന്ത്യക്കും നേടാൻ കഴിയും ലോക കിരീടം. ഫുട്ബോൾ കാണാനുള്ളത് മാത്രമല്ല കളിക്കാനുള്ളതും കൂടിയാണ്. കഴിഞ്ഞ സന്തോഷ് ട്രോഫിയിൽ കേരളം നേടിയ വിജയം ശ്രദ്ധേയമാണ്. നമ്മുടെ തീരപ്രദേശത്തിൽ നിന്ന് കളിച്ചുവളർന്നവരുടെ സാന്നിധ്യം ടീമിൽ കാണാനിടയായത് നമുക്ക് ഏറെ പ്രതീക്ഷ നൽകുന്നു. ഭാവിയിലെ ലോകകപ്പ് ഫുട്ബോൾ ടീമിൽ ഈ തീരത്തിന്റെ മക്കൾ ഇന്ത്യയ്ക്കുവേണ്ടി കളിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ■

ലഹരി ആസക്തിയിൽ നിന്ന് വിടുതലും വിമോചനവും നേടി സൗഖ്യവും രക്ഷയും പ്രാപിക്കുവാൻ മുക്തി ധ്യാനത്തിൽ പങ്കെടുക്കുക.
പ്രാർത്ഥനയ്ക്കും, രജിസ്ട്രേഷനും, മറ്റു വിവരങ്ങൾക്കും വിളിക്കുക.

9400820818 9495591783 9446945333

ഫാ. ലെനിൻ രാജ്, സെക്രട്ടറി T.S.S.S., Ph: 9495627990

Total Page 44 Pub. Date : 01.08.2018
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto